ശ്ലോ. 18 - തദാ ഭൂപഃ ബുധം ഗുരും വസിഷ്ഠം ആനീയ ആരാധയൻ - അപ്പോൾ രാജാവ്, പണ്ഡിതനായി കുലാചാര്യനായിരിക്കുന്ന വസിഷ്ഠനെ വരുത്തീട്ടു പൂജിക്കുന്നവനായിട്ടു, താപസംഹൃതൗധൃതോപായം താപസം പ്രാഹ - ദുഃഖനിവൃത്തിക്ക് ഉപായം കിട്ടുള്ളവനായ മഹർഷിയോടു, വസിഷ്ഠനോടു പറഞ്ഞു (വൃത്തം അനുഷ്ടുപ്പ്)

സഭാ ജിതായേന ഗുണൈർന്നൃപാണാം
സഭാജിതോ ഭൂമിഭൃതോപനീതഃ
മഹർഷിരുക്തോഥ പദാശ്രിതാനാ-
മഹർഷിതോച്ഛേദകൃദൃശ്യശൃംഗഃ. 19

അഥ, യേന ഗുണൈഃ നൃപാണാം സഭാ, ജിതാ? - അനന്തരം യാവനൊരുത്തനാൽ, ഗുണങ്ങളെക്കൊു, നൃപന്മാരുടെ സഭ ജിതയായി? തേന ഭൂമീഭൃതാ ഉപനീതഃ സഭാജിതഃ - ആ ഭൂമി ഭൃത്തിനാൽ, ദശരഥരാജാവിനാൽ വരുത്തപ്പെട്ടവനായി സല്ക്കരിക്കപ്പെട്ടവനായി, പദാശ്രിതാനാം അഹർഷിതോച്ഛേദകൃത്ത് ഋശ്യശൃംഗനായിരിക്കുന്ന മഹർഷി പറയപ്പെട്ടു. (വൃത്തം ഉപേന്ദ്രവജ്ര)

സാരം - അനന്തരം, ഗുണങ്ങളെക്കൊ് രാജാക്കന്മാരുടെ സംഘം ജയിക്കുന്ന ആ രാജാവ്, ദശരഥൻ ഋശ്യശൃംഗമഹർഷിയെ വരുത്തി അർഘ്യപാദ്യാദികൊു പൂജിച്ചു. പാദഭക്തന്മാരുടെ സന്താപനിവൃത്തി ചെയ്യുന്ന അദ്ദേഹത്തോടിങ്ങനെ പറഞ്ഞു.

പുത്രീയം വിധിവൽക്രതും വിദധുഷാ തീരേ സരയ്വാസ്തതോ
ദത്തേസത്യജുഷേ വിഭണ്ഡകഭുവാ ഭൂമീഭുജേപായസേ.
തദ്ദത്തേസ്മ വിഭജ്യകോസലമഹീഭർത്തുർദ്വുഹിത്രേ നൃപഃ
കൈകേയ്യൈ ച; തദംശതൃപ്തഹൃദയാ താഭ്യാം സുമിത്രാകൃതാ. 20

തഃ സരയ്വാഃ തീരേ - അനന്തരം സരയുവിന്റെ തീരത്തിൽ വെച്ചു, വിധിവൽ പുത്രീയം ക്രതും - വിധിപ്രകാരം പുത്രകാമയാഗത്തെ, വിദ ധുഷാ വിഭണ്ഡകഭുവാ - ചെയ്തുംകൊിരിക്കുന്നവനായ ഋശ്യശൃംഗ നാൽ സത്യജുഷെ ഭൂമീഭുജെ - സത്യസന്ധനായ രാജാവിന്നു ദശരഥന്നാ യിക്കൊു, പായസെ ദത്തെ സതി - പായസം ദത്തമായിരിക്കും വിഷ യത്തിങ്കൽ, നൃപഃ തൽ വിഭജ്യ - രാജാവ് അതിനെ ഭാഗിച്ചിട്ടു, കോസലമ ഹീഭർത്തുഃ ദുഹിത്രെ ച, കൈകേയ്യെ ച ദത്തേ സ്മ - കൗസല്യക്കാ യ്ക്കൊും കൈകേയിക്കായ്ക്കൊും കൊടുത്തു, താഭ്യാം സുമിത്രാ തദംശതൃപ്തഹൃദയയായി കൃതയായി. (വൃത്തം ശാർദ്ദൂലവിക്രീഡിതം)

സാരം - അനന്തരം സരയൂനദിതീരത്തിൽ വച്ചു ഋശ്യശൃംഗമഹർഷി, പുത്രകാമേഷ്ടി ശാസ്ത്രാനുസാരം ചെയ്തു, ആയതിൽ നിന്നു ലബ്ധമായ പായസം ദശരഥരാജാവിന്നു കൊടുത്തു. അദ്ദേഹം അതുരു ഭാഗമാക്കി കൗസല്യക്കും കൈകേയിക്കും കൊടുത്തു. അവർ അവരുടെ ഭാഗങ്ങ ളിൽനിന്നു ഓരോരംശം കൊ് സുമിത്രാദേവിയേയും സംതൃപ്തയാക്കി.

വിധുരമൃതകരസ്തമഃ പ്രമാഥീ
ബുധപരിഷേവ്യപദോഥപായസാത്ര്യാഃ,
ഉദരഗഗനമാപ കോസലോർവ്വീ-
പതിദുഹിതുർഭുവനസ്യ താപനുത്യൈ. 21

അഥ ഭുവനസ്യ താപനുത്യൈ - അനന്തരം ലോകത്തിന്റെ താപശാ ന്തിക്കായ്ക്കൊു, ബുധപരിഷേവ്യപദഃതമഃപ്രമാഥീ അമൃതകരഃവിധുഃ - ബുധന്മാരാൽ പരിഷേവ്യമായ പദത്തോടു കൂടിയവനായി, തമസ്സിനെ നശി പ്പിക്കുന്നവനായി അമൃതകരനായിരിക്കുന്ന വിധു, പായസാത്ര്യാഃ കോസ ലോർവ്വീപതിദുഹിതു, ഉദരഗഗനം ആപ - പായസം അദിച്ചവളായ കൗസ ല്യാദേവിയുടെ, ഗഗനസദൃശമായ ഉദരത്തെ പ്രാപിച്ചു. (വൃത്തം പുഷ്പി താഗ്രാ)

സാരം - വിധുശബ്ദത്തിന്നു ചന്ദ്രനെന്നും അർത്ഥം. വിഷ്ണുപക്ഷ ത്തിൽ - ലോകത്തിന്റെ ദുഃഖശാന്തിക്കായി ദേവന്മാരാലും വിദ്വാന്മാരാലും പാദസേവ ചെയ്യപ്പെടുന്നവനായി, തമോഗുണത്തെ നശിപ്പിക്കുന്നവനായി മോക്ഷപ്രദനുമായ ഭഗവാൻ കൗസല്യാദേവിയുടെ അണുത്വംകൊു ഗഗ നതുല്യമായ ഉദരത്തെ പ്രാപിച്ചു. ചന്ദ്രപക്ഷത്തിൽ - ലോകത്തിന്റെ ചൂട റുതിക്കുവേി, ദേവന്മാരാലും സൗമ്യനാലും സേവ്യമായ ഉന്നതസ്ഥാന ത്തോടുകൂടിയവനും ഇരുട്ടകറ്റുന്നവനും സുധാംശുവും ആയ ചന്ദ്രൻ (പ രിശുദ്ധികൊു കൗസല്യാദേവിയുടെ ഉദരസദൃശമായ ആകാശത്തെ പ്രാപിച്ചു എന്നർത്ഥം. ശ്ലേഷാലങ്കാരം.

താദൃശ്യോപ്രിയയോർദ്വയോ രജഭുവസ്സ്വാംശൈരഗാദന്യയോ-
ഗ്ഭർഭം ചാദ്ഭുത വിക്രമസ്ത്രിജഗദാനന്ദാർത്ഥമിന്ദ്രാനുജഃ

ഗർഭേകോസലഭൂമിപാലദുഹിതുഃ പൂർണ്ണവതീർണ്ണസ്തതോ
മേഷേമാസിപുനർവ്വസൂഡുനവമീ തിത്ഥ്യംനിതേഹനച്യുത. 22

അദ്ഭുതവിക്രമഃ ഇന്ദ്രാനുജഃ ത്രിജഗദാനന്ദാർത്ഥം - അദ്ഭുതഃ പരാക്രമശാലിയായിരിക്കുന്ന ഉപേന്ദ്രൻ, അഥ സ്വാംശൈഃ - അനന്തരം സ്വഭാഗങ്ങളെക്കൊ്, താദൃശ്യോഃ അനുഭൂവ അന്യയോഃ ദ്വയോഃ പ്രിയയോഃ - അപ്രകാരമുള്ള കൗസല്യാദേവിയെപ്പോലുള്ള ദശരഥന്റെ മറ്റു രു പത്നിമാരുടേയും ഗർഭം അഗാൽ - ഗർഭത്തെ പ്രാപിച്ചു. തതഃ കോസല ഭൂമിപാലഃ ദുഹിതുഃ ഗർഭെ പൂർണ്ണെ സതി - അനന്തരം കൗസല്യാദേവിയുടെ ഗർഭം തികഞ്ഞപ്പോൾ, മേഷെ മാസി - മേടമാസത്തിൽ, പുനർവ്വസൂഡുനവമിതിഥ്യന്വിതെ അഹനി - പുണർതം നക്ഷത്രവും നവമി തിഥിയും കൂടിയ ദിവസം, അച്യുതഃ അവതീർണ്ണഃ - അവതീർണ്ണനായി. (വൃത്തം ശാർദ്ദൂലവിക്രീഡിതം)

സാരം - അദ്ഭുതപരാക്രമശാലിയായ ഭഗവാൻ തന്റെ അംശങ്ങളെക്കൊു കൗസല്യെപ്പോലുള്ള ദശരഥന്റെ മറ്റ് രു പത്നിമാരുടേയും ഗർഭത്തെ പ്രവേശിച്ചു. കൗസല്യയുടെ ഗർഭം അങ്ങിനെ തികഞ്ഞപ്പോൾ മേടമാസം പുണർതവും നവമിയും കൂടിയ ദിവസം ഭഗവാൻ അവതരിച്ചു.

തദാതൂര്യമാഘ്ലോഷയന്തോദധാനാഃ
മുദാ മോഘമാസന്മഹേന്ദ്രപ്രധാനാഃ,
സുരാ മംഗലസ്തോത്ര ലേഖാവിധാനാഃ
കിരന്തഃ പ്രസൂനാവലീ ശ്രദ്ദധാനാഃ. 23

തദാ മഹേന്ദ്രപ്രധാഃ സുരാഃ - അപ്പോൾ ഇന്ദ്രാദ്യന്മാരായ ദേവന്മാർ, മുദാ അമോഘം തൂര്യം ദധാനാഃ - സന്തോഷത്തോടുകൂടി സഫലമായ തൂര്യത്തെ ദധാനന്മാരായിട്ടു, ആഘ്ലോഷയന്തഃ - ആഘ്ലോഷിക്കുന്നവരായി, മംഗലസ്തോത്രലേഖാവിധാനാഃ - മംഗലാർത്ഥം സ്തുതിപരമ്പരകളെ ഘ്ലോഷിക്കുന്നവരായി, ശ്രദ്ദധാനാഃ പ്രസൂനാവലിഃ കിരന്തഃ ആസൻ - ശ്രദ്ദധാനന്മാരായി പുഷ്പസമൂഹങ്ങളെ വർഷിക്കുന്നവരായി ഭവിച്ചു. (വൃത്തം ഭുജംഗപ്രയാതം. ഭുജംഗപ്രയാതം വരും യംയയംയം എന്നു ലക്ഷണം)

സാരം - തദവസരത്തിൽ മഹേന്ദ്രാദി ദേവന്മാർ സസന്തോഷം സഫലമായ (ഉദ്ദേശഫലസിദ്ധി ഉായപ്രകാരം) പെരുമ്പറനാദം മുഴക്കി. മാത്രമല്ല, വളരെ ശ്രദ്ധപതിപ്പിച്ചുംകൊ് മംഗലാർത്ഥം സ്തോത്രപരമ്പരകൾ ഉദ്ഘോഷിക്കുന്നവരായിട്ടു, സമൃദ്ധിയായി പുഷ്പവർഷങ്ങൾ ചെയ്തു കൊിരിക്കുകയും ചെയ്തു.

ഭ്രാജദ്രത്നകിരീടകുണ്ഡലകടാക്ഷോന്മേഷ കൃമ്മീരിതം
ബിഭ്രാണംകബരീഭരം കരലസച്ചക്രാദിദിവ്യായുധം
കൗസല്യാ കടകാദി ഭൂഷണഗണൈരുൽഭാസ്യമാനം ഹരിം
ഭക്ത്യേദ്വീക്ഷ്യപുരഃ കളായപടലീകമ്രം പ്രണമ്രാസ്തവീൽ. 24

ഭ്രാജൽ - ശോഭിച്ചുംകൊിരിക്കുന്ന രത്നകിരീട - രത്നകിരീടം കൊും കുണ്ഡല - കുണ്ഡലംകൊും കടാക്ഷോന്മേഷ - കടാക്ഷോന്മേഷംകൊും കൃമ്മീരിതം - ചിത്രീകൃതമായിരിക്കുന്ന, കബരീഭരം - കേശപാശത്തെ ബിഭ്രാണം - ഭരിച്ചിയങ്ങുന്നവനായി കരലസൽ - കൈകളിൽ ശോഭിക്കുന്ന ചക്രാദിദിവ്യായുധം - ചക്രാദി ദിവ്യായുധങ്ങളോടുകൂടിയവനായി കടകാദി ഭൂഷണഗണൈഃ - കടകാദി ആഭരണജാലങ്ങളെക്കൊു ഉദ്ഭാസ്യമാനം - ശോഭിച്ചിയങ്ങുന്നവനായി കളായ പടലീ കമ്രം - കായാമ്പൂക്കൂട്ടംപോലെ മനോഹരനായിരിക്കുന്ന, ഹരിം - ഹരിയെ, പുരഃ ഉദ്വീക്ഷ്യ - മുന്നിൽ പ്രത്യക്ഷമായി കിട്ടു കൗസല്യാ ഭക്ത്യാ പ്രണമ്രാ സതി അസ്തവീൽ - കൗസല്യാദേവി ഭക്തിയോടുകൂടി നമസ്കരിച്ചുവളായിട്ടു സ്തുതിച്ചു. (വൃത്തം ശാർദ്ദൂലവിക്രീഡിതം)

സാരം - തിളങ്ങിക്കൊിരിക്കുന്ന രത്നകിരീടകുണ്ഡലങ്ങളുടേയും കടാക്ഷത്തിന്റെയും പ്രസരിപ്പുകൊു ചിത്രീകൃതമായ കേശഭാരത്തെ ധരിച്ചവനായി നാലു തൃക്കൈകളിൽ പരിലസിച്ചുകൊിരിക്കുന്ന ചക്രാദിദിവ്യായുധങ്ങളോടുകൂടിയവനായി, കടകാദ്യാഭരണധോരണികൊു ഉദ്ഭാസ്യമാനനായി, കായാമ്പൂക്കൂട്ടം പോലെ മനോഹരനായിരിക്കുന്ന ഭഗവാനെ പ്രത്യക്ഷമായിക്കിട്ടു കൗസല്യാദേവി ഭക്തിയോടു കൂടി നമസ്കരിച്ചുസ്തുതിച്ചു.

ഏവം സ്തുത്വാ പരമപുരുഷം കോസലാധീശപുത്ര്യാം
ത്യക്ത്വാദിവ്യം വപുരിഹമനുഷ്യർഭകത്വം വ്രജേതി,
കുർവ്വാണായാം ദനുജമദനഃ പ്രാർത്ഥനാമാദദാനോ
ബാലസ്സാക്ഷാദഭവദതസീശ്യാമളശ്ചാരുലീലഃ. 25

കോസലാധീശപുത്ര്യാം - കൗസല്യാദേവി പരമപുരുഷം ഏവം സ്തുത്വാ - പുരുഷോത്തമനെ ഇപ്രകാരം സ്തുതിച്ചിട്ടു 'ദിവ്യം വപുഃ ത്യക്ത്വാ ഇഹമനുഷ്യാർഭകത്വം വ്രജ!' - അങ്ങ് ഈ ദിവ്യരൂപം മറച്ച്, ഇവിടെ മനുഷ്യബാലഭാവത്തെ കൈക്കൊാലും ഇതി പ്രാർത്ഥനാം കുർവ്വാണാം സത്യാം - എന്നു പ്രാർത്ഥനയെ ചെയ്തിയങ്ങുന്നവളായിരിക്കെ ദനുജദമനഃ ആദദാനസ്സൻ - ഭഗവാൻ (അതിനെ) സ്വീകരിക്കുന്നവനായിട്ടു അതസീശ്യാമളഃ ചാരുലീലഃ സാക്ഷാൽബാലഃ അഭവൽ - കായാമ്പൂപോലെ നീലവർണ്ണനായി സുന്ദരലീലകളോടു കൂടിയവനായി സാക്ഷാൽ ബാലനായി ഭവിച്ചു. (വൃത്തം മന്ദാക്രാന്താ)

സാരം - കൗസല്യാദേവി ഭഗവാനെ ഇങ്ങിനെ സ്തുതിച്ചിട്ടു 'അങ്ങ് ഈ ദിവ്യരൂപം മറച്ചു മനുഷ്യബാലഭാവം അംഗീകരിക്കേണമേ' എന്നു അപേക്ഷിച്ചതനുസരിച്ച് ഭഗവാൻ കായാമ്പൂനിറമുള്ളവനായി മനോഹര ബാലലീലകളോടുകൂടിയ സാക്ഷാൽ ഒരു മനുഷ്യബാലനായി മാറി.

ജാതകർമ്മകൃതാചാര്യോ ജാതമുച്ചൈസ്തുരംഹസാം
രാമനാമാതനോത്തസ്യ രാമണീയകശാലിനഃ. 26

ആചാര്യഃ ജാതകർമ്മകൃത് - ആചാര്യൻ ജാതകർമ്മകൃത്തായിട്ടു അംഹസാം ജാതം ഉച്ഛേത്തുഃ - ദുരിതങ്ങളുടെ സമൂഹത്തെ സംഹരിക്കുന്നവനായി രാമണീയകശാലിനഃ തസ്യ - അതിസുന്ദരനായിരിക്കുന്ന അവന്നു രാമനാമ അതനോൽ - രാമനാമത്തെ കല്പിച്ചു. (വൃത്തം അനുഷ്ടുപ്)

സാരം - കുലഗുരവായ വസിഷ്ഠൻ ജാതകർമ്മാവസരത്തിൽ മഹാ പാതകങ്ങളുടെ സമൂഹത്തിന്നു നാശകരനായി അതിമനോഹരനായിരിക്കുന്ന ആ ബാലന്നു 'ജഗത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരാദികളിൽ രമിക്കുന്നവൻ' എന്ന അർത്ഥത്തിൽ 'രാമൻ!' എന്നു നാമകരണം ചെയ്തു.

കൈകേയീ ച തദാനീം സുഷുവേ ഭരതം, തഥാ സുമിത്രാ ച
ലക്ഷ്മണമപിശത്രുഘ്നം ലക്ഷണയുക്താംസ്തദംശകാംസ്തനയാൻ. 27

തദാനീം കൈകേയീം ഭരതം ച - അപ്പോൾ കൈകേയി ഭരതനേയും തഥാ സുമിത്രാ ലക്ഷ്മണം ശത്രുഘ്നം അപി - അപ്രകാരം സുമിത്ര ലക്ഷ്മണനേയും ശത്രുഘ്നനേയും ലക്ഷണയുക്താൻ തദംശകാൻ തനയാൽ സുഷുവെ - ലക്ഷണയുക്തന്മാരായി തദംശകന്മാരായിരിക്കുന്ന തനയന്മാരെ പ്രസവിച്ചു.

സാരം - അപ്പോൾ കൈകേയീദേവി ഭരതനേയും അതുപ്രകാരം സുമിത്രാദേവി ലക്ഷ്മണശത്രുഘ്നന്മാരേയും ഇങ്ങിനെ പായസാംശത്തെ അപേക്ഷിച്ചു ഭഗവദംശജന്മാരായി രാജലക്ഷണം തികഞ്ഞ പുത്രന്മാരെ പ്രസവിച്ചു.

ബാല്യം മനോജ്ഞമഥരാമമുഖാലഭന്തഃ
ക്രീഡാരസേനനിഖിലാനഭിഹർഷയന്തഃ.
പുത്രാസ്തുതേ പുളകമുജ്വലമുൽസൃജന്തഃ
പ്രോചുഃ കദാചനപിതുസ്സവിധം വ്രജന്തഃ. 28

അഥ മനോജ്ഞം ബാല്യം ലഭന്തഃ - അനന്തരം മനോഹരമായ ബാല്യത്തെ പ്രാപ്തന്മാരായി ക്രീഡാരസേന നിഖിലാൻ അഭിഹർഷയന്തഃ - ക്രിഡാരസംകൊു സകലരേയും ആനന്ദിപ്പിക്കുന്നവരായി രാമമുഖാഃ തേ പുത്രാഃ തു - രാമാദികളായ ആ പുത്രന്മാരാകട്ടെ, കദാചനപിതുഃ സവിധഃ വ്രജന്തഃ - ഒരുനാൾ പിതാവിന്റെ സമീപം ചെന്നവരായി, ഉജ്ജ്വലപുളകം ഉത്സൃജന്തഃ സന്തഃ - ഉജ്ജ്വലമായ പുളകത്തെ ഉളവാക്കുന്നവരായിട്ടു പ്രോചു - പറഞ്ഞു. (വൃത്തം വസന്തതിലകം)

സാരം - അനന്തരം മനോഹരമായ ബാല്യം പ്രാപിച്ചവരായി ക്രീഡാരസംകൊു സകലരേയും ആഹ്ലാദിപ്പിക്കുന്നവരായിരിക്കുന്ന ആ രാമാദികൾ (കുമാരന്മാർ) ഒരിക്കൽ അച്ഛന്റെ അടുത്തുചെന്നു അദ്ദേഹത്തെ അസാമാന്യം കോരിത്തരിപ്പിച്ചുംകൊു പറഞ്ഞു.

അളിതാപിഞ്ഛഗുച്ഛൗഘലളിതാമല വിഗ്രഹാ
ദളിതാർത്തിശ്രിയാവത്സേമിളിതാദേവതാസ്തുവഃ. 29

അളിതാപിഞ്ഛഗുച്ഛൗഘലളിതാമല വിഗ്രഹാ - വിൽ ചാർത്തു പോലെയും പച്ചില മൊട്ടിൻകൂട്ടം പോലേയും മനോഹരമായി സ്വച്ഛമായ ശരീരകാന്തിയോടും, **വത്സെ** ശ്രിയാ മിളിതാ - മാറിൽ ലക്ഷ്മീഭഗവതി യോടും കൂടിയിരിക്കുന്ന **ദേവത** (ദേവൻ) **വഃ ദളിതാർത്തിഃ അസ്തു** - നിങ്ങളുടെ സന്താപനാശിനായിയ ഭവിക്കട്ടെ.

അമരാളീഗതിശ്ചാപി മരാളീഗതിരന്യഹം
അജായാപിപുരാരാതേർജ്ജായാപായാദപായതഃ. 30

യാ അന്യഹം അമരാളീഗതിഃ അപി മരാളീഗതിഃ ച - യാതൊരുവൾ എപ്പോഴും അമരാളി ഗതിയാണെങ്കിലും മരാളീഗതിയായും **അജാ അപി, പുരാരാതേഃ ജായാ ച?** - ജന്മഹീനയാണെങ്കിലും പുരാരാതിയുടെ ജായ യായും ഭവിക്കുന്നു. **സാ അപായതഃ പായാൽ** - അവൾ അപായ ത്തിൽനിന്നു (നമ്മെ) പാലിക്കട്ടെ!

അമരാളീഗതിഃ - അമരാളിക്കു (ദേവസമൂഹത്തിന്നു) ഗതിഃ - ആശ്രയം **മരാളീഗതിഃ** - മരാളിയുടെ (അന്നപ്പേടയുടെ) ഗതി (ഗമനം) പോലെയുള്ള ഗമനത്തോടുകൂടിയവൾ. ഇവിടെ അമരാളീഗതി എങ്ങിനെ മരാളീഗിതയാ വുമെന്നു വിരോധം. അമരാളിയെന്നതിന്നു ദേവസമൂഹമെന്നും മരാളിയെ ന്നതിന്നു അന്നപ്പേടയെന്നും അർത്ഥമാകയാൽ വിരോധപരിഹാരം. **അജാ** - ജന്മമില്ലാത്തവൾ പുരാരാതെ ജായാ - പുരാരാതിയുടെ (പരമേശ്വരന്റെ) **ജായാ** - ഭാര്യാ ആ ദേവി അപായതഃ - അപായത്തിൽനിന്നും നമ്മെ രക്ഷി ക്കട്ടെ. വിരോധാഭാസം അലങ്കാരം.

ആനന്ദജനനി

പരംകിഞ്ചിച്ഛശ്വദ്വികൃതിരഹിതം കാലഹരിദാ-
ദ്യമേയം യത്ബ്രഹ്മാ,നുപമിതമതിക്രാന്തവിഷയം
തദാസ്തേയച്ഛക്ത്യാ സ്ഫുരതിപരിണാമേന ബഹുധാ
പ്രണൗമി ത്വാം താവച്ഛിവമഹിഷി! മായാകൃതിമിമാം. 1

കാലം, ദിക്ക് മുതലായ ഉപാധികളാൽ അളന്നെടുപ്പാൻ വയ്യാതേയും, ഇന്ദ്രിയവിഷയങ്ങളെ അതിക്രമിച്ചും, ജനനമരണാദി വികാരം തട്ടാതേയും, ഉപമിക്കാൻ സാധിക്കാതേയും, ഇന്നവിധമെന്നു പറഞ്ഞറിയിപ്പാൻ പ്രയാസമായും ശാശ്വതമായുമിരിക്കുന്ന ഒരു ബ്രഹ്മവസ്തുവു്. ആ ബ്രഹ്മം യാതൊരു ശക്തികൊ് പരിണാമേന - അതായത്, ഉല്പത്തി, ബാല്യം, യൗവ്വനം, വാർദ്ധക്യം മുതലായ ചരാചരങ്ങളിൽ കാണപ്പെടുന്ന മാറ്റംകൊും, ചരാചരങ്ങളായ നാനാരൂപഭേദങ്ങൾകൊും ഏകത്വം വിട്ടു ബഹുവിധമായി പ്രകാശിക്കുന്നു. അപ്രകാരമിരിക്കുന്ന ഹേ പാർവ്വതി! മായാസ്വരൂപിണിയായ ഈ നിന്തിരുവടിയെ ഞാൻ നമസ്കരിക്കുന്നു.

യയാ ജീവത്യേന ദ്യുമണിരിവനാനാംബുഷു പൃഥക്-
സ ഏകോപ്യാഭാതി സ്വയമഖിലഭൂതേഷു പുരുഷഃ
ഭവാബ്ധൗ സ്വക്രീഡോദ്ഭവവിഷയസക്താഭ്രമയതി-
പ്രജാ, യാ, താം വന്ദേ പ്രതിദിനമജാം ദേവി! ഭവതീം. 2

ആ ബ്രഹ്മം സാംഖ്യമതപ്രകാരം പുരുഷൻ ഏകനാണെങ്കിലും, യാതൊരു ശക്തിയാൽ ആദിത്യൻ നാനാജലാശയങ്ങളിൽ പോലെ പ്രതിബിംബിച്ചു അഖിലചരാചരങ്ങളിലും താൻത്നെ അനേകന്മാരായി പ്രകാശിക്കുന്നുവോ; പോര, ആ ചരാചരങ്ങളായ തന്റെ സന്താനങ്ങളെ ലോകമാതാവായ യാതൊരു ശക്തി തന്റെ ലീലയിൽനിന്നുായ വിഷയങ്ങളിൽ ആസക്തങ്ങളാക്കി സംസാരസമുദ്രത്തിൽ ഭ്രമിപ്പിക്കുന്നുവോ അല്ലയോ ദേവി! ജനനമരണമില്ലാത്ത ആ നിന്തിരുവടിയെ ഞാൻ ദിവസംപ്രതി വന്ദിക്കുന്നു.

ചിദാനന്ദജ്യോതിർമയി! ഗിരിസുതേ! കേചന യയാ-
ത്വദീയശ്രീപാദാംബുജഭജനപോതൈകശരണാഃ

ഭവാംഭോധേഃ കർത്തും തരണമതിമോഹോർമിവിതതേർ–
മഹാന്തഃ ശക്യന്തേ മയിവിതരസാകാമപികൃപാം. 3

ജ്ഞാനവും ആനന്ദവുമായ ജ്യോതിസ്സു നിറഞ്ഞ അല്ലയോ ശ്രീപാർവ്വതി! മഹാന്മാരായ ചില ജനങ്ങൾ നിന്തിരുവടിയുടെ പാദപദ്മ ഭജനമാകുന്ന കപ്പലിനെ മാത്രം ശരണമാക്കി അതിമോഹങ്ങളായ തിരമാ ലകൾ നിറഞ്ഞ ഈ സംസാരസമുദ്രത്തെ കടന്നുപോകുവാൻ യാതൊ ന്നുകൊു ശക്തന്മാരായിത്തീരുന്നു, ആ മാതിരി ഒരു കരുണ അങ്ങുന്ന് എന്നിലും ചെയ്യേണമേ!

സുധാധാരാധാമ്നിസ്ഥിതവതി! സഹസ്രച്ഛദധരേ!
ഷഡാധാരാണാമപ്യുപരിപരിദീപ്തേ സരസിജേ!
ലസന്തീമസ്പഷ്ടാം പരമശിവജുഷ്ടാം കതിചന
സ്മരന്തി ത്വാം ധന്യാഃ പരചിദമൃതാനന്ദലഹരീം. 4

അമൃതധാരയെ വഹിച്ചുകൊ് ഷഡാധാരങ്ങളുടേയും ഉപരിഭാഗത്തിൽ സ്ഫുരിക്കുന്ന സഹസ്രപദ്മത്തിൽ ഗൂഢമായിരുന്നരുളിപ്പരിലസിക്കുന്നവളായും പരമശിവനാൽ സേവിക്കപ്പെടുന്നവളായും പരമചിദാനന്ദലഹരിയായുമിരിക്കുന്ന അങ്ങയെ ചില ഭാഗ്യവാന്മാർ നിത്യം ധ്യാനിക്കുന്നു.

ഇമാം വിദ്യാരൂപാം സുകൃതിജനവേദ്യാം പരമചിത്–
പ്രമോദാത്മൈകാർത്ഥസ്ഫുരണനിധിമാദ്യന്തരഹിതാം.
സമാരാദ്ധ്യാം ബ്രഹ്മാദിഭിരപിനിരുദ്ധാഖിലമല–
ഭ്രമാമന്തർദ്ധ്യായാമ്യഹമഖിലലോകാംബേ! ഭവതിം. 5

ഹേ ലോകേശി! വിദ്യാസ്വരൂപിണിയായും സുകൃതിജനങ്ങളാൽ അറിയപ്പെടുന്നവളായും പരമചിദാനന്ദസ്ഫുരണത്തിനു മുഖ്യ നിധാനമായും ആദ്യന്തരഹിതയായും ബ്രഹ്മാദികളാൽപോലും ആരാധിക്കപ്പെടുന്നവളായും ഭക്തജനങ്ങളുടെ കന്മഷങ്ങളെ തീരെ അകറ്റുന്നവളുമായ അങ്ങയെ ഞാൻ ധ്യാനിക്കുന്നു.

ഗൃഹീതും സൗരഭ്യം ദ്യുതരുകുസുമൗഘം ദധദിവ–
സ്വകീയം പ്രാപ്തം തേ സഹജമമലം കുന്തളകുലം
വിലോലൈർല്ലോലംബൈർവിലസതി ച സംസേവിതമിദം
നിജച്ഛായാഭംഗിം ജനനി! പരമാദിത്സുഭിരിവ. 6

ഹേ ജനനി! സഹജസൗരഭ്യത്തെ സമ്പാദിപ്പാനോ എന്നു തോന്നും വണ്ണം കല്പകപ്രസൂനങ്ങൾ വന്നാശ്രയിക്കുന്നതും വർണ്ണഭംഗിയെ കൊതിച്ചു അരികിൽ പാറിക്കളിച്ചുംകൊ് വുകളാൽ സേവിക്കപ്പെടുന്നുവോ എന്നു തോന്നുമാറിരിക്കുന്നതുമായ അങ്ങയുടെ തലമുടി ഏറ്റവും ശോഭിക്കുന്നു.

സ്ഫുരന്തീം, യോ, നീലശ്രിയമയി! ദധാനസ്തവമണീ-
തടിൽ ഭൂഷാരമ്യഃ കലിതഘനപുഷ്പം നിബിഡിതഃ
ഭ്രമത് ഭൃംഗദ്ധ്വാനൈർഭൃശമിവനദൻ നൂതനഘനോ
മനസ്താപം ഹന്യാച്ചികുരനികരോയം മമ ശിവേ. 7

അല്ലയോ ശിവേ! പ്രകാശിച്ചുകൊിരിക്കുന്ന നീലശോഭയോടുകൂടിയതും ചൂഡാമണിയാകുന്ന മിന്നൽപിണർകൊ് മനോഹരമായതും ഘനപുഷ്പങ്ങളോടുകൂടിയതും (ചികുരപക്ഷത്തിൽ നല്ല പുഷ്പങ്ങളോടുകൂടിയത് എന്നും മേഘപക്ഷത്തിൽ വെള്ളത്തോടുകൂടിയത് എന്നും അർത്ഥം) ഇടതിങ്ങിയതും ചുറ്റും സഞ്ചരിക്കുന്ന വുകളുടെ ശബ്ദംകൊ്, മന്ദം ഗർജ്ജിച്ചുകൊിരിക്കുന്ന പുതിയ മേഘംപോലെയുള്ളതുമായ അങ്ങയുടെ തലമുടി എന്റെ മനസ്താപത്തെ കളയട്ടെ.

കിരീടം ലാവണ്യം തവനിടിലലക്ഷ്യം കലയിതും
സ്വമാർഗ്ഗാദായാതം സ്പൃശദിവയദർദ്ധാമൃതകരം
മിളദ്രത്നശ്രേണീദ്യുമണിനിയുതാരാദ്ധ്യരുചിന-
സ്തമച്ഛിത്തൈ്യഭൂയാത് ത്രിപുരപരിപന്ഥിപ്രണയിനി! 8

ഹേ ദേവി! അങ്ങയുടെ നിടിലത്തിൽ കാണപ്പെടുന്ന സൗന്ദര്യത്തെ ആശ്രയിച്ചോ എന്നു തോന്നുമാണ് ആകാശമാർഗ്ഗത്തിൽനിന്നു വന്നു ചേർന്ന അർദ്ധചന്ദ്രനെ സ്പർശിക്കുന്നതും പ്രകാശിക്കുന്ന രത്നങ്ങളോടുകൂടിയതും അനേകം ആദിത്യന്മാരാൽ ആരാധിക്കപ്പെടുന്ന ശോഭയോടുകൂടിയതുമായ കിരീടം ഞങ്ങളുടെ അജ്ഞാനാന്ധകാരത്തെ നശിപ്പിക്കേണമേ!

അസാമ്യശ്രീമൂർത്തേർനിടിലസദൃശം തേർദ്ധശശിനം
ഭവത്ഭർത്താമത്യാവഹതി ബഹുമത്യേവശിരസാ
സ്മരാരിഃ കസ്തൂരീതിലകമസിതം ലാഞ്ഛനമസൗ
വഹൻ കിഞ്ചിദ്രമ്യം സ്ഫുരതു ഹൃദിഫാലോ മമശിവേ. 9

നിസ്തുല്യശോഭാമൂർത്തിയായ അങ്ങയുടെ ഭർത്താവായ മഹാദേവൻ അർദ്ധചന്ദ്രനെ അങ്ങയുടെ നെറ്റിത്തടത്തോടു തുല്യനെന്നു വിചാരിച്ചു ബഹുമാനിച്ചാണ് തന്റെ ശിരസ്സിൽ ധരിക്കുന്നത്. കസ്തൂരീതിലകമെന്ന കളങ്കത്തോടുകൂടിയ ആ നെറ്റിയാകുന്ന അർദ്ധചന്ദ്രൻ എന്റെ ഹൃദയത്തിൽ സ്ഫുരിക്കുമാറാകട്ടെ.

വിഭിന്ദാനോ ഭക്തവ്യസനതിമിരം തേ മുഖവിധു-
സ്സരോജാനാം വ്യൂഹം മുകുളിതകരം യസ്തുകൃതവാൻ
സ്മിതജ്യോത്സ്നാഹൃഷ്ടസ്മരമഥനചേതഃ കുമുദതാം
പ്രയാതോയം ദേവി! പ്രദിശതുമമാഹ്ലാദലഹരീം. 10

ഭക്തന്മാരുടെ വ്യസനമാകുന്ന ഇരുട്ടിനെ നശിപ്പിച്ചും കമലസമൂഹത്തെ കൈകൂമ്പിച്ചും പുഞ്ചിരിപ്പൂനിലാവുകൊ് ശിവന്റെ മനസ്സാകുന്ന

ആമ്പലിന്നു വികാസമുാക്കിയും ശോഭിക്കുന്ന അങ്ങയുടെ മുഖചന്ദ്രൻ എന്റെ മനസ്സിൽ സന്തോഷലഹരിയുാക്കട്ടെ.

വ്രജന്തോയത്സേവാമചലതനയേ! നിശ്ചലയതയാ
ദ്വിജാസ്സന്തിപ്രാപ്താ വിശദരുചിമത്താംഭൃശമമീ
മുഖം തേ കാന്തീനാം കലയദമലാനാം നിലയതാം
ദ്വിജാനാം രാജൈവസ്ഫുടമിതി വിജാനേതദനിശം. 11

നല്ല വെളുപ്പുള്ള ദ്വിജങ്ങൾ (പല്ലുകൾ) യാതൊരിളക്കവുംകൂടാതെ അങ്ങയുടെ മുഖത്തെ ഭജിക്കുന്നു. അതിനാൽ നിർമ്മലകാന്തിക്കിരിപ്പിടമായ ആ മുഖം, ദ്വിജരാജാവ് (ചന്ദ്രൻ) എന്നുതന്നെ എനിക്കു തോന്നുന്നു.

സമാരാദ്ധ്യാദ്വൈതാമൃതമയചിദാനന്ദലഹരീം
സമസ്താഘാഘാതസ്ഥിരതരതയാ പ്രാപ്യഭവതീം
വിഭാന്തിപ്രാപ്താ യേ സകലമലശാന്ത്യാ വിശദതാം
ദ്വിജാമുക്താജാനേ ശിവമഹിഷി! തേ നിർഭരമമീ. 12

ഹേ ശിവമഹിഷി! ഈ ദ്വിജങ്ങൾ (പല്ലുകൾ, ദ്വിജന്മാർ എന്നും)മുക്തകൾ (മുത്തുകൾ, മുക്തന്മാർ എന്നും) തന്നെ എന്ന് ഞാൻ വിചാരിക്കുന്നു. എന്തെന്നാൽ അവ അദ്വൈതാമൃതാനന്ദലഹരിയായ അങ്ങയെ സമാരാധിച്ചിട്ട് സകല പാപങ്ങളേയും അകറ്റുവാനുള്ള സ്ഥിരതയോടു കൂടി (ഉറപ്പോടുകൂടി എന്നും) നിർമ്മലങ്ങളായി (വെളുപ്പോടു കൂടിയവ എന്നും) ശോഭിക്കുന്നതുകൊുതന്നെ.

കൃപാപീയൂഷാബ്ധിക്ഷുഭിതമൃദുകല്ലോലവിമല-
ഭ്രൂണീശുഭ്രപ്രാന്തദ്യുതിജിതമൃഗാങ്കേക്ഷികമലേ
ജഗദ്രക്ഷാദക്ഷേ വലരിപുമണീഗോളസദൃശ-
ജ്വലത്താരേ ഗൗരി! ക്ഷിപമയിതവാനന്യശരണേ. 13

അല്ലയോ ഗൗരി! കാരുണ്യാമൃതസമുദ്രത്തിലെ ഇളകിക്കൊിരിക്കുന്ന കൊച്ചലകൾ പോലെയുള്ള ചില്ലികളോടു കൂടിയവയും, ചന്ദ്രനെ ജയിക്കുംവിധം അത്ര വെളുപ്പുള്ള രറ്റങ്ങളോടു കൂടിയവയും ജഗത്തിനെ രക്ഷിപ്പാൻ സമർത്ഥങ്ങളായും ഇന്ദ്രനീലരത്നങ്ങൾ പോലെയുള്ള കൃഷ്ണമണികളോടു കൂടിയവയുമായ അങ്ങയുടെ നേത്രകമലങ്ങളെ മറ്റൊരു ശരണമില്ലാതെ വലയുന്ന എന്നിൽ പതിപ്പിക്കേണമേ.

ഭവന്നേത്രദ്വന്ദ്വം ഭവതിദധദാനീലകിരണം
ചലത്പക്ഷ്മശ്രേണീം ഗരുദുപരിതാം ദീർഘമജിതേ
യദാകർണ്ണാകൃഷ്ടോല്പലവിശിഖബാണൈകസദൃശാ
ഭവേദ്രക്ഷായൈനഃ പരമഖിലസമ്മോഹനമിദം. 14

നീലനിറത്തോടും ചിറകുപോലെയുള്ള പുരികങ്ങളോടുകൂടിയും

നീുനില്ക്കുന്നവയും കർണ്ണംവരെ വലിക്കപ്പെട്ട കാമന്റെ നീലോല്പ്പല ബാണങ്ങളോടു തുല്യങ്ങളും സകലജഗന്മോഹനങ്ങളുമായ അങ്ങയുടെ കണ്ണുകൾ ഈയുള്ളവരെ രക്ഷിക്കുമാറാകണം. (അങ്ങയുടെ കണ്ണുകൾ കാമബാണങ്ങളോടു സർവ്വധാ സാദൃശ്യം വഹിക്കുന്നു എന്നു സാരം.)

തവാപാംഗക്രീഡാമദനമഥനന്യാശ്രിതവതീ
വപുഃ കർപ്പൂരേന്ദുസ്ഫടികസുഭഗം സുന്ദരതരം
യഥാകന്ദം വന്ദ്യും നനു സുമനസാം ഷഡ്പദവധൂർ-
മ്മുദേഭൂയിത്ഭംഗീകൃതബഹുവിഭൂതിർമ്മമശിവേ. 15

പുഷ്പങ്ങൾക്ക് (ദേവന്മാർക്ക് എന്നും) സമാരാദ്ധ്യമായ മുല്ലപ്പൂവിൽ പെൺവന്നെപോലെ കാമവൈരിയായ ശിവന്റെ, കർപ്പൂരംപോലേയും, സ്ഫടികം പോലേയും ധവളമായും, ഏറ്റവും മനോഹരമായുമിരിക്കുന്ന ശരീരത്തിൽ, അങ്ങയുടെ കടാക്ഷക്കളി ചെന്നു ചേർന്നിട്ട് വളരെ വിഭൂതിയെ കൈക്കൊള്ളുന്നു. അങ്ങിനെയിരിക്കുന്ന ആ കടാക്ഷലീല എനിക്കു സന്തോഷത്തെ നൽകുമാറാകേണമേ. (ശിവന്റെ ദേഹം തൊട്ടാൽ വിഭൂതിഭസ്മം (ഐശ്വര്യം) പറ്റാതിരിക്കയില്ല.)

സ്ഫുരദ്ഭാസാം നാസാം തിലകസുമഹാസംകൃതവതീം
സരത്നാം ലൗഹിത്യാത് പരിഹസിതബന്ധൂകമധരം
ഉദാരത്വിദ്ധത്നാനൃിതകനകതാടങ്കലസിതം
സ്മരാമത്തേ ഗണ്ഡദ്വയമപി ശിവേ! ദർപ്പണനിഭം. 16

അല്ലയോ ദേവി! എള്ളിൻപുഷ്പത്തെ പരിഹസിക്കുകയും വിശിഷ്ടമായ നാസാമണിയാൽ ശോഭിച്ചുകൊിരിക്കുന്നതായുമുള്ള അങ്ങയുടെ നാസികയേയും, ചുകപ്പുകൊ് ചെമ്പരത്തിപ്പൂവിനെ ജയിക്കുന്ന അധരത്തേയും നാനാതരം രത്നങ്ങൾ പതിച്ച കുണ്ഡലങ്ങളാൽ പരിശോഭിക്കുന്നവയും ദർപ്പണതുല്യങ്ങളുമായ കവിൾത്തടങ്ങളേയും ഇതാ ഞങ്ങൾ എപ്പോഴും ധ്യാനിക്കുന്നു.

ഭവത്കണ്ഠം കുണ്ഠീകൃതവദപി ശംഖം ശബളിതം
ഭവത്യാ ഭൂഷാണാം വിവിധമണിഭാജാംഘ്ൃണിഭരൈഃ
ഉരസ്തദ്വത്ഭദ്രം മലയഭവസൗരഭ്യസഹിതം
പരം ശംഭുപ്രാപ്ത്യാ കലിതഭസിതോദ്ധൂളികലയേ. 17

തന്റെ ശോഭയാൽ ശംഖത്തെ ജയിച്ചതും പലവിധ രത്നഭൂഷണങ്ങളുടെ ശോഭതട്ടി നാനാവർണ്ണങ്ങൾ കലർന്നതുമായ അങ്ങയുടെ കണ്ഠത്തേയും, പരമശിവന്റെ അംഗസ്പർശം നിമിത്തം കുറുഞ്ഞൊന്ന് ഭസ്മപ്പൊടി പറ്റിയും ചന്ദനത്താൽ സുരഭിലമായുമിരിക്കുന്ന മാറിടത്തേയും ഞാൻ ധ്യാനിച്ചുകൊള്ളുന്നു.

പിബന്തൗ പീയൂഷം ഗിരിശദയിതേ! യേന കലിതം
വ്രജന്തൗ നിശ്ശ്രേഷോത്തരഗുണഗണൈർവ്വിശ്വപതിതാം

വിധീന്ദ്രാദ്യാരാദ്ധ്യൗ ഗജമുഖവിശാഖൗ ഭവതു മേ
ത്വദീയം ക്ഷേമായസ്തനകനകകുംഭദ്വയമിദം. 18

അല്ലയോ ദേവി! യാതൊന്നിൽ നിന്നു ലഭിച്ച അമൃതത്തെ പാനംചെയ്കയാൽ അങ്ങയുടെ പുത്രന്മാരായ ഗണപതിയും, സുബ്രഹ്മണ്യനും സർവ്വോത്തരങ്ങളായ ഗുണങ്ങളോടുകൂടിയ ഭുവനേശ്വരരായും, ബ്രഹ്മാവ്, ഇന്ദ്രൻ മുതലായവരാൽ പൂജ്യന്മാരായും ഭവിച്ചു, ഇത്തരം മഹനീയങ്ങളായ അങ്ങയുടെ സ്തനങ്ങളാകുന്ന സ്വർണ്ണകുംഭങ്ങൾ എനിക്കു ക്ഷേമത്തെ നൽകുമാറാകട്ടെ.

തദേതത്തുംഗം തേ തടനിബിഡഹാരദ്യുതിഭ്വരം
സ്തനദ്വന്ദ്വം ഭ്രാജദ്രതിമദനലീലാചലനിഭം
മഹീയഃ 'കസ്തൂരീമലയഭവകാശ്മീര'വിഹിതൈ-
സ്സുഗന്ധൈർമ്മിശ്രം നസ്സുഖയതു 'ലസത്പത്രലതികാം'. 19

ഹേ ദേവി! തടത്തിൽക്കൂടി മുത്തുമാലകളാകുന്ന മലഞ്ചോലകൾ ഒഴുകുന്നതും, അത്യുന്നതവും കസ്തൂരി, ചന്ദനം, കുങ്കുമം മുതലായതുകളാൽ സുഗന്ധിയായും പത്രലതികകളാൽ ശോഭിക്കുന്നതുമായ അങ്ങയുടെ സ്തനദ്വയം കാമദേവന്റെ മഹത്തരമായ ക്രീഡാശൈലമാകുന്നു, അത് എനിക്കു സുഖത്തെ നൽകട്ടെ. (സ്തനങ്ങൾ കസ്തൂരി, ചന്ദനം, കുങ്കുമം എന്നിവയാൽ സുരഭിലകളാണ്, അവയിൽ പത്രലതിക (പത്തിക്കീറ്റെഴുതുകയും) പതിവു്. ശൈലത്തിങ്കൽ കസ്തൂരീമൃഗങ്ങൾ, ചന്ദനമരങ്ങൾ, കുങ്കുമകേസരം ഇതുകളും അനേകം പത്രങ്ങളോടു കൂടിയ ലതകളും ഉായിരിക്കും. അതിനാൽ അങ്ങയുടെ സ്തനതടം കാമന്റെ ക്രീഡാശൈലമോ എന്നു തോന്നുമാറ് ശോഭിക്കുന്നു എന്നു സാരം.)

പ്രവാളൈരാരാദ്ധ്യൈസ്സുരവിടപിനാം മുഷ്ടികമലൈർമ-
സൃണിം ബിഭ്രത്പാശം ധനുരപി ച ബാണാനവിരതം
വിരാജത് കേയൂരാംഗദകടകരത്നോർമ്മികമിദം
വിധത്താം മേ ശ്രേയസ്തവകരചതുഷ്കം ഗിരിസുതേ. 20

അല്ലയോ പാർവ്വതി! കല്പകവൃക്ഷങ്ങളുടെ തളിരുകളേക്കാളുമധികം ഭംഗിയുള്ള കൈപ്പടങ്ങളോടുകൂടിയവയും കരിമ്പുവില്ല്, പുഷ്പബാണങ്ങൾ, പാശം, തോട്ടി ഇവയെ ധരിച്ചും നാനാവിധം കൈവളകളും രത്നമോതിരങ്ങളും അണിഞ്ഞു ശോഭിക്കുന്നവളുമായ അങ്ങയുടെ നാലുകൈകളും എനിക്കു ശ്രേയസ്സിനെ പ്രദാനം ചെയ്യുമാറാകണം.

സമീക്ഷ്യന്തേ ഭാസ്വത്കരകമലരുണേഷു തവ യേ
ദശദ്വന്ദ്വത്ത്വേനജ്ജ്വലിതനഖമിശ്രാംഗുലിമിഷാത്
ചതുർബ്ബാഹുംജേതും പുരഹരമനംഗോതനുതതാൻ
ഗതാംശ്ചാതുർഗ്ഗുണ്യം കനകമയപുംഖാൻ കിമുശരാൻ. 21

ഹേ ദേവി! അങ്ങയുടെ ശോഭിക്കുന്ന ഹസ്തകമലങ്ങളാകുന്ന ആവനാഴികളിൽ പ്രകാശിച്ചുകൊിരിക്കുന്ന നഖങ്ങളോടുകൂടിയ വിരലുകളെന്ന വ്യാജേന (നാലുകൈകളിലും കൂടി) ഇരുപതെണ്ണമായി യാവചിലതുകളെ കാണുന്നുവോ അവകൾ ചതുർബ്ബാഹുവായ ശിവനെ ജയിപ്പാൻ കാമദേവൻ നിർമ്മിച്ച സ്വർണ്ണപുംഖങ്ങളോടുകൂടിയ ശരങ്ങളാകുന്നു.

ഹ്രദാവർത്തോയസ്മിൻ ഭവതി! തവ നാഭ്യാഹ്വയതയാ
യദാദത്തേ രാജദ്വിമലവലീവീചിത്വമഗജേ!
സരോമാളിവ്യാളം ജഠരമതിശൃംഗാരരസഭൃ-
ത്തദാശങ്കേ പങ്കേരുഹവിശിഖലീലോചിതസരഃ. 22

ഹേ ഭഗവതി! യാതൊന്നിങ്കൽ അങ്ങയുടെ നാഭി എന്നു പേരോടുകൂടിയ ഒരു അഗാധമായ ചുഴി കാണുന്നു, ഭംഗിയേറിയ വലികളാകുന്ന അലകളും കാണാനു്, രോമാളിയാകുന്ന പാമ്പുമു്, ആകയാൽ അങ്ങയുടെ അതി ശൃംഗാരരസം നിറഞ്ഞ ഉദരം കാമദേവന്റെ ക്രീഡാസ്സരസ്സാണെന്നു ഞാൻ ശങ്കിക്കുന്നു. അതും എനിക്കു മംഗളമരുളട്ടെ.

മഹാന്തൗഷദ്ധ്വക്രതദ്വിരദവദനൗ ഭൂരിബലിനൗ
യദുല്പന്നൗ ധന്യേ! ത്രിഭുവനജനന്യാസ്തവ ശിവേ!
സുവർണ്ണന്യഗ്രോധഛദനവിജിഗീഷാം കലയതഃ
കൃശത്വം തച്ചിത്രം ഭവതി ജഠരസ്യാസ്യനിതരാം. 23

അല്ലയോ ശിവേ! മഹാബലശാലികളും മഹാകായന്മാരുമായ ഗണപതിയും സുബ്രഹ്മണ്യനും ത്രിഭുവനമാതാവായ അങ്ങേ ഉദരത്തിലാണല്ലോ ജനിച്ചത്. ഈ നിലയിൽ പൊന്നാലിലയെ ജയിക്കുന്ന അങ്ങയുടെ ആ ഉദരത്തിന്നു ഇത്രത്തോളം കൃശത്വമുായതിൽ എനിക്കു വലിയ ആശ്ചര്യം തോന്നുന്നു.

മുഖൈണാങ്കഗ്രാസേ കൃതമതിതയാ നാഭികുഹരാ-
ന്നിരാഗാത് കിംകശ്ചിച്ഛ്വിവമഹിഷി! രോമാളിഭുജഗം
അസൗമദ്ധ്യേ മാർഗ്ഗം ജനനി കുചയുഗ്മേന മഹതാ
നിഷിദ്ധഃ സാന്ദ്രത്വാധികമഹിമമിശ്രേണ തവ കിം. 24

അല്ലയോ ദേവി! അങ്ങയുടെ മുഖചന്ദ്രനെ വിഴുങ്ങുവാനായി നിശ്ചയിച്ചു, നാഭിദ്വാരത്തിൽനിന്നു ഒരു രോമാളിയാകുന്ന പാമ്പു പുറപ്പെട്ടുവോ എന്നും, അതു മാർഗ്ഗമദ്ധ്യത്തിൽ, ഇടതിങ്ങി മഹത്വമേറിയ സ്തനദ്വയത്താൽ തടുക്കപ്പെട്ടുവോ എന്നും തോന്നുന്നു.

കൃശീയത്വന്മദ്ധ്യം ഖലുവിമലമാസ്തേനിരുപമം
ഗരീയസ്തേ ശ്രോണീഫലകയുഗമുദ്യത്ഘനരുചി
അഗണ്യം നൈപുണ്യം നിഖിലജഗതാം മോഹകരണേ
ജഗന്നാഥേ! ബിഭ്രദ്വിജയതി രഥാംഗം രതിപതേഃ. 25

അല്ലയോ ജഗന്നാഥേ! ഏറ്റവും കൃശവും നിർമ്മലവുമായ അങ്ങയുടെ മദ്ധ്യപ്രദേശം കേവലം നിരുപമമായിത്തന്നെ ഇരിക്കുന്നു. എന്നാൽ, ഏറ്റവും കനത്തും വളരെ ശോഭയോടുകൂടിയതും സകല ജഗത്തുക്കളേയും മോഹിപ്പിക്കുന്നതിൽ അഗണ്യമായ നൈപുണ്യത്തോടു കൂടിയതുമായ അങ്ങയുടെ നിതംബപ്രദേശം സാക്ഷാൽ കാമദേവന്റെ തേർചക്രമായിട്ടുതന്നെ വിജയിക്കുന്നു.

ജ്വലത്കാഞ്ചീദാമഗ്രഥിവപൃഥുചേലാവൃതമിദം
വിശങ്ക്യപ്രക്ഷോഭം ധ്രുവമഖിലലോകസ്യസതതം
ജയത്യൂരുദ്വന്ദ്വം മദനമണിശാലാപരിലസ-
ന്മണിസ്തംഭാവസ്ഥാം കലയദതിരംഭം തവശിവേ. 26

സർവ്വലോകപ്രക്ഷോഭത്തെ ശങ്കിച്ചിട്ടോ എന്നു തോന്നുമാറ് മണികാഞ്ചിയാൽ കെട്ടപ്പെട്ട പൂഞ്ചേലയാൽ ചുറ്റപ്പെട്ടതും, കാമദേവന്റെ ലീലാരത്നശാലയിൽ പരിലസിക്കുന്ന മണിത്തൂണുകൾപോലെയിരിക്കുന്നതും വാഴത്തടയെ തോല്പിക്കുന്നതുമായ അങ്ങയുടെ ഊരുയുഗളം സർവ്വോപരി വിജയിക്കുന്നു.

പുരസ്താദിന്യാസോചിതകലിതസർവ്വാർത്ഥവിലസത്-
സമുദ്ഗാഭംമുഗ്ദ്ധം ജയതിനമതാം ജാനുയുഗളം
ക്രമോദ്യദ്ധേ ജംഘേ തവ ജനനി! ശങ്കേരതിപതേഃ
പുരസ്രംസത്പാദാംഗുലിവിശിഖചിഹ്നേ ശരനിധീഃ. 27

ഹേ ജനനി! കാൽതാരിൽ നമസ്കരിക്കുന്ന ഭക്തന്മാരുടെ ഉപയോഗത്തിന്നായി മുമ്പിൽ എടുത്തുവച്ചുകൊടുപ്പാൻ യോഗ്യങ്ങളായ, സർവ്വാർത്ഥങ്ങളും നിറച്ചുവെച്ച മണിച്ചെപ്പുകൾ പോലെയുമിരിക്കുന്ന അങ്ങയുടെ രു മുട്ടുകളും സർവ്വോപരി വിജയിക്കുന്നു. ക്രമത്തിൽ മേല്പോട്ടു തടിച്ചുനില്ക്കുന്ന അങ്ങയുടെ കണങ്കാലുകൾ പുറത്തേക്കുതള്ളിനില്ക്കുന്നതായി കാണപ്പെടുന്ന പദാംഗുലികളാകുന്ന ശരങ്ങൾ നിറച്ചുവച്ച അടയാളത്തോടുകൂടിയ കാമന്റെയാവനാഴികളാണെന്നു ഞാൻ ശങ്കിക്കുന്നു.

തനോതു ക്ഷേമം നസ്തവചരണപങ്കേരുഹയുഗം
നികേതം യല്ലക്ഷ്മ്യാ നിഗമവനഭൂഷായിതമിദം
വിനമ്രാളിപ്രീതിപ്രകരണപടുത്വം 'സുമനസാം'
സമാരാദ്ധ്യംധത്തേമുഖരിതമുമേ! ഹംസകരവൈഃ. 28

നമസ്കരിക്കുന്ന ഭക്തജനങ്ങൾക്കു (തേൻ കുടിപ്പാൻ വന്ന വുകൾക്ക് എന്നും) സന്തോഷത്തെ നൽകാൻ സമർത്ഥവും സജ്ജനങ്ങൾ ആരാധിക്കന്നതും (പുഷ്പങ്ങളിൽവച്ചു മേത്തരമായതും എന്നും) പാദകടകങ്ങളുടെ കിലുക്കത്താൽ എപ്പോഴും ശബ്ദിച്ചുകൊിരിക്കുന്നതും, (അരയന്നങ്ങളുടെ കൂകൽകൊ് ശബ്ദായമാനമായതും എന്നും) ശാസ്ത്രമാകുന്ന താമരപ്പൊയ്കക്കു അലങ്കാരമായതും ശോഭയ്ക്കു (ലക്ഷ്മിക്കു

എന്നും) ഇരിപ്പിടവുമായ അങ്ങയുടെ പാദപങ്കജദ്വന്ദ്വം ഈയുള്ളവർക്ക് ക്ഷേമം നൽകുമാറാകട്ടെ.

പദാഗ്രം തേ രമ്യം നതജനമനോമന്ദരഗിരൈർ-
ഭവാബ്ധൗ മഗ്നസ്യോദ്ധരണകരണേ കൂർമ്മമനിശം
അഘച്ഛിത്തൈ കാത്യായനി! സുലളിതാമംഗുലിതതിം
നഖേന്ദുശ്രീരുദ്ധശ്രിതഭയതമിസ്രാമപിഭജേ. 29

അല്ലയോ ഭഗവതി! സംസാരക്കടൽക്കയത്തിലാുപോയ ഭക്തജനങ്ങളുടെ മനസ്സാകുന്ന മന്ദരക്കുന്നിനെ ഉയർത്തുവാൻ ആമപ്പുറമോ എന്നു തോന്നുന്ന അങ്ങയുടെ പുറങ്കാലിനേയും അതുപോൽത്തന്നെ ആശ്രിതന്മാരുടെ ഭയമാകുന്ന ഇരുട്ടിനെ നശിപ്പിക്കുന്ന നഖചന്ദ്രന്മാരോടുകൂടിയ അങ്ങയുടെ കാൽത്താർവിരലുകളേയും ഞാൻ സമസ്തപാപശാന്തിക്കായ്ക്കൊ് ഭജിക്കട്ടെ.

സമസ്താഭീഷ്ടാർത്ഥാൻ പ്രദിശതിജനാനാം പ്രണമതാ-
മമർത്ത്യൈരാരാദ്ധ്യം വിമലതരമശ്രാന്തമഖിലൈഃ
യദേതത്തേ ലാക്ഷാരസനിചിതശോണദ്യുതിശിവേ
പ്രവാളം കല്പദ്രോർജ്ജനനി! പദമൂലം വിജയതേ 30

അല്ലയോ ശിവേ! ഭക്തജനങ്ങൾക്ക് സകലവിധ അഭീഷ്ടാർത്ഥങ്ങളെ സാധിച്ചുകൊടുക്കുന്നതും എല്ലായ്പോഴും സർവ്വദേവന്മാരും ആരാധിച്ചുകൊിരിക്കുന്നതും ചെമ്പഞ്ഞിച്ചാർ തേച്ചതിനാൽ മികച്ച ചുകപ്പുനിറം കലർന്നതും കല്പകവൃക്ഷച്ചെന്തളിർപോലെ ശോഭിക്കുന്നതുമായ അങ്ങയുടെ തൃച്ചേവടി സർവ്വോല്ക്കർഷേണ വർത്തിക്കുന്നു.

ത്വദീയം യന്നിത്യം ഭവതിവിദുഷാമാശ്രയപദം
പദാംഭോജദ്വന്ദ്വം പരമരമണീയം മൃദുതരഃ
പരാഗവ്രാതോ മേ ഭവതു നിതരാം ചിത്തമുകുരം
യദീയസ്തന്യാനോ വിശദമചലാധീശതനയേ! 31

ഹേ ദേവി! ഏറ്റവും അഴകുള്ള അങ്ങയുടെ ഏതൊരു പാദാംബുജയുഗം എന്നെന്നും വിദ്വാന്മാർക്ക് മുഖ്യ ആശ്രയസ്ഥാനമാകുന്നുവോ ഏറ്റവും മിനുസമുള്ള അതിന്റെ പൊടി എന്റെ മനസ്സാകുന്ന കണ്ണാടിയെ നിർമ്മലമാക്കിത്തീർക്കേണമേ.

അനർഘൈഃ പ്രത്യംഗം ബഹുലമണിഭിർഭൂഷണഗണൈർ-
ഭവദ്രൂപം ധ്യായേ ഹിമഗിരിസുതേ! ഭൂഷിതമിദം
അനേകാർക്കജ്യോതിശ്ശതമഖമുഖാമർത്ത്യപരിഷത്-
കിരീടോദ്യദ്രത്നദ്യുതിവിതതിദീപ്താംഘ്രികമലം. 32

അല്ലയോ പാർവ്വതി! വളരെ വിലപിടിച്ച രത്നങ്ങൾ പതിച്ച ആഭരണങ്ങൾകൊ് അവയവം തോറും അലങ്കരിക്കപ്പെട്ടതും അനേകാദിത്യപ്രകാശമുള്ള ഇന്ദ്രാദി ദേവന്മാരുടെ കിരീടരത്നങ്ങളുടെ ശോഭയാൽ തിള

ങ്ങുന്ന പാദകമലങ്ങളോടുകൂടിയതുമായ അങ്ങയുടെ ആ രൂപത്തെ ഞാൻ എപ്പോഴും ധ്യാനിക്കട്ടെ.

നവാദിത്യാരാദ്ധ്യാരുണകിരണചക്രേണകകുഭ-
സ്സമാവൃണ്വത്യർണ്ണോരുഹഭവമുഖാരാദ്ധ്യചരണാ
സമാരൂഢാപ്രൗഢം വിമലമണിപീഠം മനസി മേ
ത്വമാനന്ദപ്രാപ്ത്യൈ സ്ഫുരപുരരിപുപ്രേയസി! സദാ. 33

അല്ലയോ പുരഹരപ്രിയേ! ബാലാർക്കശോഭയെ ജയിക്കുന്ന അരുണകിരണങ്ങളെ എല്ലായിടവും വീശിക്കൊും, ബ്രഹ്മാദിദേവന്മാരാൽ സദാ ഭജിക്കപ്പെട്ടും, നിർമ്മലമണിപീഠത്തിലിരുന്നരുളുന്ന അങ്ങുന്ന്, എനിക്കു പരമാനന്ദംജനിക്കുമാറ് എന്റെ മനസ്സിലെപ്പോഴും സ്ഫുരിക്കേണമേ.

ത്വമേവാസി ക്ഷീരോദകനിധിസുതാ ബ്രഹ്മദയിതാ
തഥാ കാളീ ദുർഗ്ഗാ മഹിഷമഥിനീ രുദ്രരമണീ
ത്വദന്യോത്പന്നത്വം ജഗദയതിചൈതത്കിമപി കിം
പ്രസന്നാ സേയം മേ ഭവനിഖിലകാമാൻ വിദധതി. 34

അല്ലയോ അംബികേ! സാക്ഷാൽ മഹാലക്ഷ്മിയും, സരസ്വതിയും, കാളിയും, ദുർഗ്ഗയും, മഹിഷാസുരമർദ്ദിനിയായ ദേവിയും എല്ലാം അങ്ങുന്നുതന്നെ. അങ്ങയിൽ നിന്നു ജനിച്ചതല്ലാതെ ഈ ജഗത്തിലൊന്നുമില്ലതന്നെ. അങ്ങിനെയിരിക്കുന്ന അങ്ങുന്ന് കനിഞ്ഞു എനിക്കു സർവ്വാഭീഷ്ടങ്ങളേയും പ്രദാനം ചെയ്യേണമേ.

നമസ്തുഭ്യം നിർഭാസിതനിഖിലശക്തൈ പ്രണമതാം
നമസ്സർവ്വാഭീഷ്ടപ്രകരണപരായൈ നഗസുതേ!
നമശ്ശംഭോരർദ്ധീഭവദമലമാധുര്യതനവെ
നമഃ പ്രീത്യൈ നിത്യം നിരുപമപരാനന്ദനിധയേ. 35

അല്ലയോ പാർവ്വതി! ഭക്തന്മാർക്ക് സർവ്വാഭീഷ്ടത്തെ കൊടുക്കുന്നവളും, പരമശിവന്റെ നേർപകുതിയായ്ത്തീർന്ന പൂമേനിയോടുകൂടിയവളും പരമാനന്ദനിധിയുമായ അങ്ങയ്ക്കായ്ക്കൊിതാ ഞാൻ നിത്യവും പ്രീതിയ്ക്കായ്ക്കൊു നമസ്കരിക്കുന്നു.

മയാ യാ ത്വത്പ്രീത്യൈ കിമപി നിരമായി, സ്തുതിമിമാം
പവിത്രാം ഭക്ത്യായഃ പഠതിദൃഢമാനന്ദജനനീം
തമായു ശ്രീവിദ്യാ വിമലതരകീർത്തിപ്രചുരതാം
പ്രണീയത്വം നിത്യം സുഖയ കൃപയാ ശൈലതനയേ. 36

ഹേ പാർവ്വതി! അങ്ങയുടെ പ്രീതിക്കുവേി ഞാൻ നിർമ്മിച്ച ഈ ആനന്ദജനനീസ്തോത്രം ഭക്തിയോടും കൂടി പഠിക്കുന്നവന്നു, ആയുസ്സ്, ധനം, വിദ്യ, യശസ്സ്, സുഖം എന്നിവയെ സദയം അങ്ങുന്നു പ്രദാനം ചെയ്യേണമേ.

*****

സാരസ്വതം സ്തോത്രം

ലക്ഷ്മീം തനോതു മമ സാ വിമലാസ്യപാത്ര-
പ്രസ്രാവിസ്മിണാ തരസാമൃതപായസേന
യാ ദൃഷ്ടികാദളരസേന ച ദേവ്യുദാരാ
പ്രീതിപ്രദാനചതുരാ ചതുരാനനസ്യ. 1

ബ്രഹ്മാവിന്ന് സന്തോഷത്തെ കൊടുപ്പാൻ സമർത്ഥയായ ആ ദേവി (സരസ്വതി) തന്റെ നിർമ്മലമായ മുഖപാത്രത്തിൽനിന്നു നിർഗ്ഗളിക്കുന്ന മന്ദഹാസമാകുന്ന അമൃതപായസംകൊടും അത്യുത്കൃഷ്ടയായ ലക്ഷ്മിയെ എനിക്കു നൽകേണമേ.

ലോലംബനീലകമലാവലി കോമളശ്രീ-
ചൗര്യാദിവാളികുലസജ്ജിതപുഷ്പജാലൈഃ
ബദ്ധാൻ കചാൻ ധൃതവതീം കുടിലാഗ്രഭാജോ
വന്ദേ വധൂത്കരമണീം രമണീം വിധാതുഃ. 2

വുകളുടേയും നീലത്താമരകളുടേയും ശോഭയെക്കട്ടതിനാലോ എന്നു തോന്നുമാറ് സഖികളാൽ പുഷ്പമാലകളെക്കൊ് ബന്ധിക്കപ്പെട്ടവയും അഗ്രങ്ങൾ വളഞ്ഞുമിരിക്കുന്ന തലമുടി വഹിച്ചവളും സ്ത്രീരത്നമായുമിരിക്കുന്ന സരസ്വതിയെ ഞാൻ വന്ദിക്കുന്നു. (കട്ടവന്ന് ബന്ധനം അകപ്പെടുന്നത് യുക്തമാണെന്ന് ധ്വനി).

നീലാരവിന്ദദളസുന്ദരലോലനേത്രാ
ബാലാമൃതാംശു രമണീയലലാടവീഥീ
വിദ്വജ്ജനേഡിതഗുണാ വിധിവല്ലഭാ മേ
വിദ്യാംഗതാമതനുതാം തനുതാം വിശുദ്ധാം. 3

നീലത്താമരയുടെ ദളങ്ങൾപോലെ അഴകുള്ള കണ്ണുകൾ ഉള്ളവളും, ബാലചന്ദ്രനെപ്പോലെ മനോഹരമായ നെറ്റിത്തടത്തോടുകൂടിയവളും, വിദ്വജ്ജനത്താൽ വർണ്ണിക്കപ്പെട്ടവളുമായ ആ സരസ്വതീദേവി, ഏറ്റവും പരിശുദ്ധയും അനല്പമായ വിദ്യയെ എനിക്കു പ്രദാനം ചെയ്യട്ടെ.

യച്ചില്ലികാർമ്മുകവിലാസികടാക്ഷപത്രി-
പ്രത്തപ്രമോഹവിവശീകൃതപദ്മജന്മാ

സന്ദിഗ്ദ്ധഭാവരഹിതോ രതിജാനിവീര-
സ്സാസ്തു ശ്രിയേ സുരുചിരാരുചിരാജ്ജിഭിർന്നഃ 4

യാതൊരു ദേവിയുടെ പുരികമാകുന്ന വില്ലിൽ തൊടുത്തിരിക്കുന്ന കടാക്ഷമാകുന്ന ശരം പ്രയോഗിച്ചു ബ്രഹ്മദേവനെ മോഹിപ്പിച്ചു പരവശനാക്കിച്ചെയ്യുകയാൽ വീരനായ കാമദേവൻ ആരേയും വലയ്ക്കുന്നതിൽ കോട്ടം തീർന്നവനായി ഭവിച്ചു? അത്രത്തോളം ശോഭാതിരേകത്തോടുകൂടിയ ആ ശ്രീ സരസ്വതി നമുക്ക് സമ്പത്തിന്നായ്ക്കൊ് ഭവിക്കട്ടെ.

ദീർണ്ണസ്ഫുടസ്ഫടികദർപ്പണദർപ്പകാന്തി-
ഗണ്ഡപ്രചുംബിമണികുണ്ഡലദീപ്തകർണ്ണാഃ
വാണീ മമാസ്തുഹൃതഭക്തമനോന്ധകാര-
ഘ്നോണാമണീരുചിരസൗ ചിരസൗഖ്യലബ്ധ്യൈ. 5

നിർമ്മലമായ സ്ഫടികകണ്ണാടിയുടെ ദർപ്പത്തെ ശമിപ്പിക്കുന്ന ശോഭയോടുകൂടിയ കവിൾത്തടത്തോടു ചേർന്നുനില്ക്കുന്ന രത്നകുണ്ഡലങ്ങളേക്കൊുവിളങ്ങുന്ന കർണ്ണങ്ങളോടു കൂടിയവളും ഭക്തന്മാരുടെ മനസ്സിലുള്ള അജ്ഞാനതിമിരത്തെ അകറ്റുന്ന നാസാമണിശോഭയോടു കൂടിയവളുമായ ആ സരസ്വതീദേവി എനിക്കു ചിരസൗഖ്യലാഭത്തിന്നുതകുമാറാകട്ടെ.

വാഗ്ദേവതേ യമഭിഷിഞ്ചതു നേത്രവീഥീം
സ്നിഗ്ധസ്ഫുരസ്മിത രസേനമമപ്രകാമം
സ്വർഗ്ഗാപഗാമൃതപൃഷത് പരിഷജ്ജിഗീഷു-
ശുക്ലദ്യുതിദ്രവരദാവരദാനതാനാം. 6

ഭക്തന്മാർക്കു വരപ്രദയായും, സ്വർഗ്ഗംഗയുടെ ധവളമായ നീർത്തുള്ളികളെ ജയിക്കുന്ന ദന്തങ്ങളോടു കൂടിയവളുമായ വാഗ്ദേവി മന്ദസ്മിതംകൊ് എന്റെ നേത്രങ്ങളെ സേവിച്ചു കുളുർപ്പിക്കേണമേ.

അംഭോരുഹാസനമുഖാംബുരുഹാസനായാ
മാതസ്തവാന്യ നളിനം നളിനോത്തരത്വം
ഗത്വാധരോഷ്ഠമധുനാന്യമധൂന്യതീതം
യത്തന്മമാർത്തിഹൃദയേ ഹൃദയേ വിഭാതു. 7

ഹേ ജനനി! പദ്മാസനനായ ബ്രഹ്മാവിന്റെ മുഖപദ്മത്തിൽ ഇരിക്കുന്ന അങ്ങയുടെ മുഖപദ്മം പദ്മങ്ങളിൽവച്ചു മേല്ത്തരമായിരിക്കുന്നതുകൂടാതെ അങ്ങയുടെ അധരോഷ്ഠമധു അന്യമധുക്കളെ അതിശയിച്ചിരിക്കുന്നു. ആ മധു എന്റെ ഹൃദയാസ്വാസ്ഥ്യത്തെ പരിഹരിക്കുമാറാകേണമേ.

വിന്യസ്ത ഭൂരിമണിസഞ്ചയഗാത്രകാന്ത്യാ
ധന്യാധരീകൃതപയോജലധിർമ്മഹത്യാ.
ബ്രഹ്മപ്രിയാ സ്ഫുരതു മേ പരിശുദ്ധശബ്ദ-
ബ്രഹ്മാർജ്ജിതാമിതരസാ തരസാ പുരസ്താത്. 8

അനേകരത്നങ്ങളാൽ അലങ്കരിക്കപ്പെട്ട, ശരീരത്തിന്റെ വർദ്ധിച്ച കാന്തിയാൽ പാൽക്കടലിന്റെ ശോഭയെ ജയിച്ച മാഹാത്മ്യമേറിയവളും പരിശുദ്ധമായ ശബ്ദബ്രഹ്മത്താൽ അനല്പമായ രസത്തെ സമ്പാദിച്ചവളുമായ ആ സരസ്വതി വേഗത്തിൽ എനിക്കു മുമ്പിൽ പ്രത്യക്ഷീഭവിക്കേണമേ.

ആസ്താമസൗ മമ ശുഭായ വിധേർവ്വധൂടീ
ശംഖാത്സ പൗര്യകലിതോയമിതീവമത്വാ
ഗ്രൈവേയരത്നകിരണൈർന്ന കൃതം സ്ഫുടത്വം
യസ്യാശ്ചയസ്യഗളതോഗളതോരുചീനാം. 9

യാവളൊരുത്തിയുടെ കണ്ഠപ്രദേശത്തിൽനിന്നു പുറപ്പെടുന്ന ശോഭാസമൂഹത്തെ ഇത് ശംഖത്തിൽനിന്നു കട്ടെടുത്തതാണെന്നു വിചാരിച്ചിട്ടോ എന്നു തോന്നുമാറ്, കണ്ഠഭൂഷണങ്ങളുടെ രത്നശോഭകൾ വ്യക്തമാക്കുന്നില്ലയോ, ആ ഈ സരസ്വതീദേവി എനിക്കു മംഗളത്തെ പ്രദാനം ചെയ്യട്ടെ.

ഏകേന പാണികമലേന ധൃതാം വിപഞ്ചി-
മന്യത്കരാംഗുലിദളേന നിനാദയന്തീ
കുര്യാദഭീതിവരദാ വരദോസ്തലാഭ്യാം
വാണീവിലാസമമലാമമലാലസാപ്തൈ. 10

ഒരു കയ്യിൽ ധരിച്ച വീണ മറ്റൊരു കൈവിരൽ കൊ് മീട്ടിയും മറ്റുള്ള രുകൈകളിൽ വരദാഭയമുദ്രകളെ ധരിച്ചും വിളങ്ങുന്ന സരസ്വതി എനിക്കു അഭീഷ്ടാർത്ഥസിദ്ധിക്കായ്ക്കൊ് വാഗ്വിലാസത്തെ നൽകേണമേ.

വാണീ മമ സ്ഫുരതു സാ ഹൃദിനാഭികൂപ-
സമ്യക്തലക്ഷ്മമൃദുരോമനികായരൂപം
ശ്യാമൈകസൂത്രമിഹ വേശ്മനിചാരുതായാ
ജാനേ വിരിഞ്ചിരതനോരതനോദ്യദംഗേ. 11

അനല്പമായ ചാരുത്വത്തിന് വേശ്മ(ഇരിപ്പിടം ഭവനമെന്നും)മായ നാഭിയാകുന്ന കൂപത്തിന്റെ സൗഷ്ഠവത്തിന്നൊരടയാളമായി, മിനുത്ത രോമാവലിയാകുന്ന ഒരു കറുത്ത കയറ് ബ്രഹ്മാവുാക്കി എന്നു ഞാൻ ഊഹിക്കുന്നു. അങ്ങിനെയുള്ള സരസ്വതി എന്റെ മനസ്സിൽ സ്ഫുരിക്കേണമേ.

യത്കുക്ഷിദേശവലിവല്ലിനിലീനലീല-
ദൃഗ്രൂപഖഞ്ജന യുഗോംബുജഭൂരിയം നഃ
വാഗ്ദേവതാജഠരമഞ്ജിമപുഞ്ജഭഗ-
ന്യഗ്രോധജച്ഛദമദാദമദാശുചസ്യാത്. 12

യാവളൊരുത്തിയുടെ ഉദരത്തിന്മേലുള്ള വലിത്രയമാകുന്ന വള്ളിയു

ടെമേൽ ബ്രഹ്മാവിന്റെ കണ്ണുകളാകുന്ന ഖഞ്ജീരടപ്പക്ഷികൾ (കരിങ്കാക്കകൾ) സദാ കളിയാടുന്നു, അത്രയുമല്ല യാവളൊരുത്തിയുടെ ഉദരം ഭംഗികൊു ആലിലയുടെ മദത്തേയും കളയുന്നു ആ സരസ്വതി നമ്മുടെ ദുഃഖമെല്ലാമകറ്റട്ടെ.

മദ്ധ്യം കൃശം ഭൃശമിവസ്ഖലനാൽ ഭയേന
ബദ്ധം സ്ഫുടം കനകമേഖലയായദീയം
ഭദ്രപ്രദാ പ്രണമതാം ദ്രുഹിണസ്യജായാ
ഭദ്രേതരസ്യതനുതാം തനുതാമിയം നഃ. 13

ഏറ്റവും കൃശമായിരിക്കുന്ന യാവളൊരുത്തിയുടെ മദ്ധ്യപ്രദേശം പൊട്ടിപ്പോകുമെന്ന ഭയം ഹേതുവായിട്ടോ എന്നു തോന്നുമാറ് പൊന്നരഞ്ഞാൺ കൊ് ഭംഗിയായികെട്ടപ്പെട്ടിരിക്കുന്നു, ഭക്തന്മാർക്ക് ഭദ്രത്തെ പ്രദാനം ചെയ്യുന്ന ആ സരസ്വതീദേവി നമ്മുടെ അമംഗളത്തെയെല്ലാം നശിപ്പിച്ചുകളയട്ടെ.

യസ്യാ നിവീതപടലംബിതകാഞ്ചിരാജ-
ദ്വജ്രോപലാംശുഭിരലം വിശദീകൃതാശാ
ശ്രോണീവമന്മഥരഥാംഗജയോത്ഥകീർത്ത്യാ
പാണീമിമാം ഭജമനോജമനോനുകൂലാം. 14

യാവളൊരുത്തിയുടെ നിതംബപ്രദേശം കെട്ടിയുടുത്ത പൂഞ്ചേലമേലണിഞ്ഞ കാഞ്ചിയിൽ പതിച്ച വജ്രരത്നങ്ങളുടെ, കാമന്റെ തേരുരുളിനെ ജയിച്ച കീർത്തിയോ എന്നു തോന്നുമാറിരിക്കുന്ന ശോഭയാൽ ദിക്കെല്ലാം വെളുപ്പിക്കുന്നുവോ, അല്ലയോ! എന്റെ മനസ്സേ! ബ്രഹ്മാവിന്റെ മനസ്സിന്നനുകൂലമായി സദാ വർത്തിക്കുന്ന ആ സരസ്വതീദേവിയെ നീ ഭജിച്ചാലും.

ജംഭാരിവാരണഭുജാ സ്ഫടികാശ്മസൃഷ്ട
സ്തംഭോപമാനവിലസദ്വിപുലോരുയുഗ്മം
ക്ഷേമായ മേ ഭവതു ധാതൃവിലാസിനീയം
ക്ഷൗമാംബരാഗജഗതിർജ്ജഗതിപ്രസിദ്ധാ. 15

ഐരാവതത്തിന്റെ തുമ്പിക്കൈപോലേയും സ്ഫടികക്കല്ലുകൊു നിർമ്മിച്ച സ്തംഭംപോലേയും ശോഭിക്കുന്നതായും, വിസ്തൃതമായുമിരിക്കുന്ന തുടകളോടുകൂടിയവളും വെള്ളപ്പട്ടുടുത്തവളും ഗജഗാമിനിയായും വിശ്വവിശ്രുതയായുമിരിക്കുന്ന സരസ്വതി എനിക്കു ക്ഷേമത്തിന്നായി ഭവിക്കട്ടെ.

ദീനേതരാസ്ഫടികസമ്പുടമാനഹാനി-
ദാനേസ്വജാനുകമനീയതയാ ദധാനാ
ജംഘാദ്വയീം സ്ഫടികദണ്ഡരുചീം ക്രമേണ
വാണീ തനോതുവിപുലാം വിപുലാം ശ്രിയം നഃ. 16

തന്റെ കാൽമുട്ടുകളുടെ ഭംഗിയാൽ സ്ഫടികച്ചെപ്പുകൾക്കു മാനഹാനിയെ കൊടുപ്പാൻ സമർത്ഥയായും സ്ഫടികദണ്ഡങ്ങൾപോലെ ശോഭിക്കുന്ന കണങ്കാലുകളോടുകൂടിയവളുമായ സരസ്വതീദേവി അതിവിപുലയായ ശ്രീയേ നമ്മൾക്കു പ്രദാനം ചെയ്യേണമേ.

സന്താനശാഖിനവപല്ലവപദ്മകാന്തി-
സന്ധാര്യമാണമദപാടനലമ്പടേ യേ
ഭക്തിസ്തയോ ഭവതു മേ വിധിവല്ലഭായാ
ഭദ്രോത്കരസ്യ പദയോഃ പദയോർഗ്ഗരിഷ്ഠാ. 17

സരസ്വതിയുടെ യാതൊരു പാദങ്ങൾ കല്പകവൃക്ഷത്തളിരുകളുടേയും ചെന്താമരകളുടെ കാന്തിമദത്തേയും ശമിപ്പിക്കുവാൻ സമർത്ഥങ്ങളാകുന്നുവോ സർവ്വമംഗളങ്ങൾക്കും മുഖ്യസ്ഥാനമാകുന്ന അവകളിൽ എനിക്കു മഹതിയായിരിക്കുന്ന ഭക്തി ഭവിക്കേണമേ.

കോടീരഹാരകടകാംഗദകാംഗുലീയ-
താടങ്കകാഞ്ചിവിശദാംബരഹംസകാദ്യൈ
വന്ദേ വിഭൂഷിതതനും ദ്രുഹിണസ്യപത്നീം
വൃന്ദാരകൈർന്നമസിതാമസിതാംബുജാക്ഷീം. 18

കിരീടം, മുത്തുമാലകൾ, വളകൾ, തോൾവളകൾ, രത്നമോതിരങ്ങൾ, കർണ്ണഭൂഷണങ്ങൾ, അരഞ്ഞാൺ, വെള്ളപ്പൂമ്പട്ട്, പാദകടകങ്ങൾ (കാൽച്ചിലമ്പുകൾ) എന്നിവകളാൽ അലങ്കരിക്കപ്പെട്ടവളും സർവ്വദേവന്മാരാലും നമസ്കരിക്കുപ്പെടുന്നവളും നീലത്താമരപോലെയുള്ള കണ്ണുകളോടുകൂടിയവളുമായ ആ സരസ്വതീദേവിയെ ഞാനിതാ വന്ദിക്കുന്നു.

ആഭാതി വേദമയവേദികയാ പരീതാ
യാ സർവ്വകാമഫലദാ ശരണാഗതാനാം
വാഗ്ദേവതാസുകൃതകല്പലതാനിതാന്ത-
മാസ്താമസൗ മമഹിതാമഹിതാമലശ്രീഃ. 19

വേദങ്ങളാകുന്ന തറയാൽ ചുറ്റപ്പെട്ടതും, ആശ്രിതന്മാർക്കു സർവ്വാഭീഷ്ടഫലങ്ങളെ (കായ്ക്കളെ എന്നും) പ്രദാനം ചെയ്യുന്നതും ഉത്കൃഷ്ടശോഭയോടുകൂടിയതുമായ ആ വാഗ്ദേവതയാകുന്ന സുകൃതകല്പവല്ലി എനിക്കു ഏറ്റവും ഹിതപ്രദമായ് ഭവിക്കട്ടെ.

വിദ്യാം തനോതു വിശദാമമവാങ്മയീ സാ
വിദ്യോതമാനവിവിധാകൃതിതാം പ്രപന്നാ
മായാമയീ ഭവതി യാ ത്രിപുരാ ച ദുർഗ്ഗാ
യായാപിനാകിമഹിഷീ മഹിഷീവിധോര്യാ. 20

ത്രിപുരയെന്നും ദുർഗ്ഗയെന്നും പാർവ്വതിയെന്നും ലക്ഷ്മിയെന്നും പലവിധരൂപത്തെ ധരിച്ച, മായാസ്വരൂപിണിയായും വാങ്മയിയായുമിരിക്കുന്ന ആ സരസ്വതീദേവി എനിക്കു വിദ്യയെ പ്രദാനം ചെയ്യേണമേ.

സാരസ്വതം പഠതി യോ ഘടിതോചിതാർത്ഥം
സ്തോത്രം ധിയാ സുദൃഢയാ സതതം യദേതത്
വിദ്യാധനാദിഭിരമും സുഖയേദവാപ്ത-
മജ്ഞാനസിന്ധുതരണേ തരണേരവസ്ഥാം. 21

ഉചിതാർത്ഥത്തോടുകൂടിയതും അജ്ഞാനസമുദ്രത്തെ കടക്കുവാൻ ഒരു തോണിപോലെ ഉപയോഗപ്പെടുന്നതുമായ ഈ സാരസ്വതസ്തോത്രത്തെ ദൃഢബുദ്ധിയോടുകൂടി എല്ലായ്പ്പോഴും പഠിക്കുന്നവനു വിദ്യാധനാദികളാലുള്ള സുഖം അനുഭവിപ്പാൻ സംഗതിവരുന്നതാണ്.

*****

ലക്ഷ്മീപ്രശസ്തിഃ

ശ്രീപദ്മനാഭമഭിഷജ്യ വിരോചമാനാ
സൗദാമിനീവജലദം ഘനനീലിമാനം
മാണിക്യമിന്ദ്രമണിസംഗിരുചാഹസന്തീ
നാണീയസീം ദിശതുവഃ ശ്രിയമബ്ധികന്യാ. 1

നല്ല നീലനിറമുള്ള മേഘത്തെ മിന്നൽപ്പിണരെന്നപോലെ, വിഷ്ണുവെ ആലിംഗനം ചെയ്തിട്ട് ശോഭിക്കുന്നവളും, ഇന്ദ്രനീലക്കല്ലിടയിൽ ചേർത്ത മാണിക്യത്തെ ശോഭകൊ് ഹസിക്കുന്നവളും ആയ ലക്ഷ്മി നിങ്ങൾക്കു വർദ്ധിച്ച സമ്പത്തുാക്കിത്തരട്ടെ.

മന്ദാരമാല്യമധുപാനമദാന്ധ്യഭൃംഗ-
വൃന്ദാരവാഞ്ഛിതതരാം പടലീം കചാനാം
ലക്ഷ്മീജിതാസിതസരോജവനാം ദധാനാ
ലക്ഷ്മീഃ പ്രകാമസുരഭിം കുരുതാം ശ്രിയം നഃ. 2

മന്ദാരപുഷ്പമാലയിൽനിന്നു മധുപാനം ചെയ്തിട്ട് മത്തങ്ങളായികൂകുന്ന വുകളാൽ അലങ്കരിക്കപ്പെട്ടതും ശോഭകൊ് നീലത്താമരകളെ ജയിച്ചതുമായ കചഭാരത്തെ ധരിച്ചവളുമായ ലക്ഷ്മീഭഗവതി ഏറ്റവും മഹത്തരമായ സമ്പത്തുാക്കിത്തരട്ടെ.

മുഗ്ദ്ധം പരം സമുദയം ഖലുകുന്തളാനാം
വ്യക്തേ്യവചോരണഹൃതാഭിനവാഭ്രലക്ഷ്മ്യാഃ
ആബദ്ധമാകലിതശോണശിലാകലാപം
ശ്രീപദ്മനാഭമഹിഷീം ദധുഷീം നമാമി. 3

യാവളൊരുത്തിയുടെ തലമുടി പുതുമേഘത്തിന്റെ ശോഭയെ കളവുചെയ്ത കുറ്റം തെളിഞ്ഞതിനാലോ എന്നുതോന്നുംവണ്ണം പിടിച്ചുകെട്ടപ്പെട്ടിരിക്കുന്ന. അത്രയുമല്ല, നാനാവിധശോണമണികളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നു. അങ്ങിനെയുള്ള ചികുരഭാരത്തെ ധരിച്ച ആ മഹാലക്ഷ്മിയെ ഞാനിതാ നമസ്കരിക്കുന്നു.

വ്രീഡാം കിരീടമഹസാംശുമതോദിശന്തീ
ഫാലാതിഷാർദ്ധരജനീശമദംഹരന്തീ

വീചിച്ചടാനടനപാടവതസ്കരഭ്രൂർ-
വ്വിഭ്രാജതാം മനസി മേ മധുവൈരിജായാ. 4

കിരീടശോഭകൊു സൂര്യന്നു ലജ്ജയുാക്കുന്നവളും ലലാടശോഭകൊ് അർദ്ധചന്ദ്രന്റെ മദത്തെ കളയുന്നവളും തിരമാലകളുടെ നർത്തനസാമർത്ഥ്യത്തെ അപഹരിക്കുന്ന ഭ്രൂവിലാസത്തോടുകൂടിയവളുമായ വിഷ്ണുവിന്റെ പത്നി എന്റെ മനസ്സിൽ പ്രകാശിക്കട്ടെ.

യാ ചില്ലിവല്ലി നികടോല്ലസദുച്ചലത്താ
വ്യാലംബിനേത്രമയമഞ്ജുളഖഞ്ജരീടാ
സച്ഛാസിതച്ഛവി കചച്ഛടയാചമര്യാഃ
പുച്ഛസ്ഥലോമജിദതുച്ഛമുദേസ്തുമേ ശ്രീഃ. 5

യാവളൊരുത്തിയുടെ ചില്ലിയാകുന്ന വല്ലിയുടെ സമീപത്തിൽ നേത്രമാകുന്ന ഖഞ്ജരീടപ്പക്ഷികൾ (കരിങ്കാക്കകൾ) പാറിക്കളിക്കുന്നു, അതുപോലെത്തന്നെ യാവളൊരുത്തിയുടെ അതിനിർമ്മലമായ കറുപ്പുനിറമുള്ളതന്റെ തലമുടിയുടെ കാന്തികൊ് ചമരീമൃഗത്തിന്റെ വാലിനേയും ജയിക്കുന്നു, ആ ലക്ഷ്മീഭഗവതി എനിക്കു പരമാനന്ദത്തെ നൽകേണമേ.

കാളപ്രഭാവിജിതലോലവലാരിനീല-
ഗോളപ്രകാമരമണീയകനീനികേന
സൂശ്ലക്ഷ്ണപക്ഷ്മചയലക്ഷ്മവിലാസിനാക്ഷ്ണാ
ലക്ഷ്മീസ്സമീക്ഷ്യകൃരുതാം പ്രചുരശ്രിയോവഃ. 6

ഇന്ദ്രനീലഗുളികപോലിരിക്കുന്ന കൃഷ്ണമിഴിയുള്ളതും കൊഴുത്തിടതിങ്ങിയ രോമങ്ങൾകൊു വിളങ്ങുന്നതുമായ കണ്ണുകൊ്, ലക്ഷ്മി നിങ്ങളെ കടാക്ഷിച്ചിട്ട്, നിങ്ങൾ വർദ്ധിച്ച സമ്പത്തിനെത്തരട്ടെ.

വൈപുല്യദൈർഘ്യലസിതാ കലിതാഖിലാർത്ഥം
ദാരിദ്ര്യസിന്ധുതരണേ തരണിർന്നതാനാം
ലോലേയമസ്തുശരണം മമദൃഷ്ടിരസ്യാ-
സ്ത്രൈലോക്യമാതുരമലാ കമലാലയായാഃ. 7

നീു വിസ്താരമേറിയും, സർവ്വകാര്യങ്ങളും സാധിച്ചും, ഭക്തന്മാർക്കു ദാരിദ്ര്യസമുദ്രം കടപ്പാനൊരു തോണിയായ്ത്തീർന്നും, ഇളകിക്കൊുമിരിക്കുന്ന, ത്രൈലോകമാതാവായ ലക്ഷ്മീഭഗവതിയുടെ ഈ ദൃഷ്ടിതന്നെ എനിക്കു ശരണം.

അംഭോജപത്രമൃഗനേത്രചകോരനേത്ര-
ഡംഭോപശാന്തിരസികദ്യുതിനൈകദാപി
ആലോലവീചിവിജയോദ്യതചില്ലിനാസ്മാ-
നാലോകയേന്നയനയോരുഗളേനലക്ഷ്മീഃ. 8

താമരദളത്തിന്റെയും, മാൻകണ്ണിന്റേയും, കോരനേത്രത്തിന്റേയും

അഹങ്കാരത്തെ ശമിപ്പിക്കുന്നതും, തിരമാലകളെ ജയിക്കുന്ന പുരികത്തോടുകൂടിയതുമായ മിഴിയിണയാൽ, ലക്ഷ്മീഭഗവതി ഞങ്ങളെ ഒരിക്കലെങ്കിലും നോക്കേണമേ.

നാരായണേക്ഷണചകോരനിപീയമാന-
ജ്യോതിർവ്വിതീർണ്ണസരസീരുഹതുഷ്ടിഹാനിഃ
രാജത്കുരംഗനയനോവദനാമൃതാംശു-
സ്താപംധുനോതു മമ മംഗളദേവതായാഃ. 9

ശ്രീനാരായണന്റെ നേത്രചകോരത്താൽ പാനം ചെയ്യപ്പെടുന്ന രശ്മികൾകൊു താമരപ്പൂക്കളുടെ സന്തോഷത്തെ കളയുന്നതും, മാൻകണ്ണുകളോടൊത്ത കണ്ണുകൾ വിളങ്ങുന്നതുമായ മംഗളദേവതയുടെ മുഖചന്ദ്രൻ എന്റെ സന്താപത്തെ അകറ്റേണമേ.

നാസാവികാസിമണിദീപ്തിരുദാരഗന്ധി
ശ്വാസാശുഗപ്രസൃതിലംബിതയായദീയാ
വിഭ്രാന്തിമാകലയതേ തിലപുഷ്പതുണ്യാഃ
പുഷ്പാശുഗസ്യ ഹൃദി മേ രമതാം രമേയം. 10

വിളങ്ങുന്ന നാസാമണിപ്രകാശത്തോടുകൂടിയ യാവളൊരുത്തിയുടെ നാസിക സുഗന്ധത്തോടുകൂടിയ ശ്വാസാശുഗന്റെ (ആശുഗൻ - വായു, ആശുഗം - ശരം എന്നും) ബഹിർന്നിർഗ്ഗമത്താൽ എള്ളിൻപൂവുകൊുള്ള കാമദേവന്റെ ആവനാഴിയോ എന്നു പരിഭ്രമമുാക്കുന്ന ഈ ലക്ഷ്മീദേവി എന്റെ മനസ്സിൽ കളിയാടട്ടെ.

യാ മാധവപ്രിയതമം നവകുന്ദസൂന-
മാമോദകാരിവിമലം പരമാശ്രിതാനാം
സ്മേരച്ഛലാദലിലസദാകലയത്യലോപ-
ലാളിത്യഗാത്രലതികാം കലയേ ശ്രിയം താം. 11

യാതൊരു ദേവിയുടെ മന്ദഹാസവ്യാജേന മഹാവിഷ്ണുവിന്ന് ഏറ്റവും പ്രിയവും, ഭക്തന്മാർക്കു ആമോദം (സന്തോഷം, സുഗന്ധമെന്നും) ഉാകുന്നതും പരിശുദ്ധവുമായ വികസിച്ചിരിക്കുന്ന പുതിയ മുല്ലപ്പൂവിനെ സൃഷ്ടിക്കുന്നു, നാശമില്ലാത്ത ഭംഗിയേറിയ ഗാത്രവല്ലിയുള്ള ആ ലക്ഷ്മീദേവിയെ ഞാൻ ഭജിക്കുന്നു.

ബന്ധൂകബന്ധുരതരാധൃതരാഗഭാവാ-
സന്ധ്യൈവമന്ദഹസിതേന്ദുരുചാ വിഭാന്തീ
യാന്ത്യാസുധൈകമയതാമധരോഷ്ഠരേഖാ
യസ്യാ ഹൃദിസ്ഫുരതു മേ ഭുവനേശ്വരീയം. 12

യാതൊരു ദേവിയുടെ അധരോഷ്ഠങ്ങൾ ചെമ്പരത്തിപ്പൂവുപോലെ ചുകന്നു സുന്ദരമായിരിക്കയാലും അമൃതസ്വരൂപമായ മന്ദഹാസചന്ദ്രനു

ദിക്കയാലും സന്ധ്യ എന്നപോലെ പ്രകാശിക്കുന്നു, ആ ലോകേശ്വരി എന്റെ മനസ്സിൽ പ്രകാശിക്കട്ടെ.

നാരായണസ്യ നിജഭർത്തുരഭംഗുരത്വ-
പ്രത്യക്ഷഭാവകരണേ ദധുഷീപ്രവീണം
ഗ്രൈവേയകം മഹിതരത്നമയം മനോജ്ഞം
യാ കുണ്ഡലം ച കമലാമ്മസാസ്തു ലക്ഷ്മ്യൈ. 13

തന്റെ ഭർത്താവായ ശ്രീനാരായണനെ ഇടതടവില്ലാതെ പ്രത്യക്ഷമാക്കുവാൻ സമർത്ഥവും ശ്രേഷ്ഠരത്നനിർമ്മിതവുമായ കണ്ഠാഭരണത്തേയും സുന്ദരമായ രത്നകുണ്ഡലത്തേയും അണിയുന്ന ലക്ഷ്മീഭഗവതി എനിക്കു സമ്പത്തിന്നായി ഭവിക്കേണമേ.

യത്കണ്ഠകാണ്ഡസുഷമാം സുതരാം ജിഹീർഷുർ-
യഃ കംബുരാഡഭവദേഷ തദച്യുതേന
ഈഹേ ഗൃഹീത ഇതി ബാഹുതലേന സാന്ദ്ര-
മാഹാത്മ്യമഞ്ജിമനിധിം കലയേ രമാം താം. 14

യാതൊരുത്തിയുടെ കണ്ഠശോഭയെ ഏറ്റവും അനുകരിച്ചുകൊിരിക്കയാലാണ് ശ്രീനാരായണൻ തന്റെ തൃക്കൈകൊ് പാഞ്ചജന്യശംഖത്തെ വഹിക്കുന്നത് എന്നു എനിക്കുതോന്നുന്നു. ഘനമായ മാഹാത്മ്യത്തിന്നും മനോഹാരിതയ്ക്കും ഇരിപ്പിടമായ ആ ലക്ഷ്മീദേവിയെ ഞാൻ ഭജിക്കുന്നു.

യസ്യാഃ കുചൗ ഭൃശമനോജ്ഞരുചൗ മുരാരി-
ഭാസ്വത്കരാഭിസരണാനുഭവപ്രമത്തൗ
ചക്രാധരീകരണതല്പരതാം പ്രയാത-
ശ്ചിത്തേ വിഭാതു മമവാരിജമന്ദിരേയം. 15

യാതൊരു ദേവിയുടെ അതിസുന്ദരങ്ങളായ സ്തനങ്ങൾ മഹാവിഷ്ണുവിന്റെ തൃക്കൈകൾകൊുള്ള ലാളനസുഖാനുഭവം നിമിത്തം മദം കലർന്നു, ചക്രത്തെ (ചക്രവാകപ്പക്ഷിയെ - സുദർശനചക്രത്തേയെന്നും) താഴ്ത്തിവയ്പ്പാൻ താല്പര്യപ്പെടുന്നുവോ, ആ പൂമങ്ക എന്റെ മനസ്സിൽ പ്രകാശിക്കട്ടെ.

മുക്താമണീപടലലംബിപയോധരശ്രീ-
വിശ്രാണിതദ്വിരദകുംഭിമദപ്രശാന്തിഃ
ഭക്താഭിലാഷഫലദാനപടീയസീയം
ദുഗ്ദ്ധാംബുരാശിതനയാ തനുതാം ശ്രിയം മേ.ച16

മുത്തുമാലകൾ അണിഞ്ഞ സ്തനങ്ങളുടെ ശോഭകൊ് ആനയുടെ മസ്തകങ്ങളുടെ അഹങ്കാരത്തെ ശമിപ്പിക്കുന്നവളും ഭക്തന്മാർക്കു അഭീഷ്ടഫലത്തെ ദാനം ചെയ്വാൻ സമർത്ഥയുമായ പാലാഴിത്തിരുമകൾ എനിക്കു സമ്പത്തിനെ തരട്ടെ.

രോമാളിരജ്ജുരവഭാത്യുപനാഭികൂപം
വക്ഷോജകുംഭയുഗമസ്യസമീപവർത്തി
യസ്യാമുദേസ്തു മമ വാരിജഭൂരനേക-
തൃഷ്ണാനിതെരനുദിനം പരിഷേവിതാ സാ. 17

യാതൊരു ദേവിയുടെ നാഭിയാകുന്ന കിണറിനു സമീപം രോമാളി എന്ന ഒരു കയർ വിളങ്ങുന്നു! മാത്രമല്ല, ആ കയറിന്റെ സമീപം രു സ്തനങ്ങളാകുന്ന ഘടങ്ങളും കാണാനു്! അനവധി തൃഷ്ണ (അത്യാശ - തണ്ണീർദാഹമെന്നും) ഉള്ളവരാൽ എപ്പോഴും സേവിക്കപ്പെടുന്ന ആ പൂമ കൾ എന്നെ സന്തോഷിപ്പിക്കേണമേ.

ഉച്ചൈർഹരീം സുഖയദഗ്രനവപ്രവാള-
ചേഷ്ടാഭിരാത്തമണിമണ്ഡനരോചമാനം
ദോർദ്ദണ്ഡരൂപസുരശാഖിലതാചതുഷ്കം
ലക്ഷ്മീം തനോതു മമപദ്മനികേതനായാഃ. 18

അഗ്രത്തിൽ ഉള്ള വിരലുകളാകുന്ന തളിരുകളുടെ വ്യാപാരംകൊ് ശ്രീനാരായണനെ സുഖിപ്പിക്കുന്നവയും രത്നഭൂഷണങ്ങൾ കൊ് ഉജ്ജ്വ ലിക്കുന്നവയുമായ ലക്ഷ്മീദേവിയുടെ നാലു കൈത്തകളാകുന്ന കല്പ കവല്ലീലതകൾ എനിക്കു സമ്പത്തിനെ തരട്ടെ.

ഹസ്താവലംബിതസരോജമധുപ്രപാനാ-
മത്താളിനാദമുഖരീകൃതദിങ്മുഖേയം
ധ്വസ്താഖിലാർത്തിരഖിലാമരപൂജിതാംഘ്രി-
രാസ്താം സമസ്തശുഭദാ മമലോകമാതാ. 19

തൃക്കയ്യിൽ പിടിച്ച താമരപ്പൂവിലെ തേൻ നുകർന്നു മദിച്ച വുക ളുടെ ഝങ്കാരംകൊ് ദിക്കുകളെ മുഴക്കിയും സമസ്ത ദുഃഖത്തേയും നശിപ്പിച്ചും സകല ദേവന്മാരാലും പൂജിക്കപ്പെട്ടും ഇരിക്കുന്ന ലോകമാ താവ് എനിക്ക് എല്ലാ മംഗളങ്ങളേയും ഉാക്കേണമേ.

പുഷ്പാശുഗഃ പ്രചുരപുണ്യബലേന യസ്മാ-
ദുല്പത്തിമേത്യപരമാദ്ഭുതവീര്യശാലീ
ലോകത്രയീം ജയതി തേ വിരാജമാനാ
ലോകേശ്വരീയമുദരേണ മുദം ക്രിയാദ്വഃ. 20

യാതൊന്നിൽനിന്ന് സുകൃതാതിരേകം മൂലം ജനിക്കുകയാൽ കാമ ദേവൻ അദ്ഭുതപരാക്രമിയായി മൂന്നു ലോകത്തേയും ജയിക്കുന്നു - ആ ഉദരംകൊ് ശോഭിക്കുന്ന ലോകേശ്വരി നിങ്ങൾക്ക് സന്തോഷത്തെത്തരട്ടെ.

യസ്യാഃ കൃശാദപികൃശാ ഖലുമദ്ധ്യവല്ലീ
വിശ്വൈകമോഹനതയാനുപമത്വമാപ്താ;
ചക്രായിതഃ സ്ഫുരതി ചാരുനിതംബബിംബ-
ശ്ചക്രായുധസ്യ മഹിഷീതനുതാം ശ്രിയം വഃ. 21

ഏറ്റവും കൃശമായിരിക്കുന്ന യാതൊരു ദേവിയുടെ മദ്ധ്യപ്രദേശം വിശ്വസമ്മോഹനമായി സാദൃശ്യമില്ലാതായും ഭവിച്ചു! യാതൊരു ദേവിയുടെ ഭംഗിയുള്ള നിതംബം തേരുരുൾപോലെയിരിക്കുന്നു! ആ ചക്രപാണിയുടെ പട്ടമഹിഷി നിങ്ങൾക്കു സമ്പത്തുാക്കിത്തരട്ടെ.

രംഭാമതം ഗജഭുജാനവശാതകുംഭ-
സ്തംഭാഭിരാമവിപുലീഭവദൂരുകാണ്ഡാ
ലക്ഷ്മീഃ ക്രിയേതശുഭമാവൃതനീവിബാഹ്യ
വ്യാനദ്ധരത്നനിചയോജ്വലമേഖലേയം. 22

കദളിത്ത്, ആനയുടെ തുമ്പിക്കൈ, തങ്കത്തൂണ് ഇവകൾപോലെ തടിച്ചു നീ മിനുത്ത തുടകളോടും ഉടുത്തിരിക്കുന്ന പട്ടുചേലയുടെ മീതെ കെട്ടിയിരിക്കുന്ന രത്നംപതിച്ച പൊന്നരഞ്ഞാണോടും കൂടിയ ലക്ഷ്മീഭഗവതി നല്ലതുവരുത്തട്ടെ.

പാദപ്രണാമിജനലഭ്യസമസ്തസമ്പ-
ത്സമ്പൂർണ്ണകാഞ്ചനസമുദ്ഗസമാനജാനുഃ
ഭൂത്യൈ ഭവേന്മമരമാക്രമപുഷ്യമാണ-
ഹൈരണ്യദണ്ഡരുചിദണ്ഡവിധായിജംഘാ. 23

നമസ്കരിക്കുന്ന ജനങ്ങൾക്കു സിദ്ധിക്കാവുന്ന സർവ്വസമ്പത്തുകളും നിറച്ചുവെച്ച പൊൻ ചെപ്പിന്ന് സദൃശങ്ങളായും ക്രമത്തിൽ തടിപെരുകിയ സുവർണ്ണദണ്ഡുംപോലെ പ്രകാശിച്ച കണങ്കാലുകൾകൊും വിളങ്ങുന്ന ലക്ഷ്മി സമ്പത്തിന്നായിക്കൊു ഭവിക്കട്ടെ.

യദ്രാജമാനനഖരേന്ദുവിലോകമാത്രാത്
ബദ്ധാഞ്ജലിത്വമുപയാന്തികരാംബുജാനി
സ്വർഗ്ഗൗകസാമപി, മനഃ കുമുദാനിഹർഷം
ലക്ഷ്മ്യാ ശ്രിയേ ഭവതു തത്പദപുഷ്കരം മേ. 24

ഏതൊന്നിൽ ശോഭിക്കുന്ന നഖചന്ദ്രന്മാരെ കാണുന്നമാത്രയിൽത്തന്നെ, ദേവന്മാരുടെപോലും കൈത്താമരകൾ കൂമ്പിപ്പോകുകയും, മനസ്സാകുന്ന ആമ്പൽ വിടരുകയും ചെയ്യുന്നുവോ, മഹാലക്ഷ്മിയുടെ ആ പാദപങ്കജം എനിക്ക് സമ്പത്തിന്നായിട്ടു ഭവിക്കട്ടെ. (ചന്ദ്രനെ കാൽ താമര കൂമ്പുകയും, ആമ്പൽ വിടരുകയും ചെയ്യുമല്ലോ, അതുപോലെ ദേവിയുടെ പാദനഖങ്ങൾ കാൽ ദേവന്മാർ കൈകൂപ്പുന്നു, അവരുടെ ഹൃദയം സന്തോഷത്താൽ വികസിക്കയും ചെയ്യുന്നു എന്നു സാരം. പുഷ്കരശബ്ദത്തിന്നു ആകാശമെന്ന് ധ്വനി.)

കല്പാഗമാഭിനവപല്ലവകല്പമാസ്തേ
യത്പാദയുഗ്മമഖിലാർത്ഥവിധായകത്വാത്
ലക്ഷ്മ്യാ നിവാര്യ മമദൈന്യമിദം സമസ്തം
ലക്ഷ്മീം പരാം ദിശതു വിശ്വമനോജ്ഞകാന്തി. 25

ഭക്തന്മാർക്ക് സർവ്വാഭീഷ്ടങ്ങളേയും സാധിപ്പിച്ചുകൊടുക്കയാൽ യാതൊരു ദേവിയുടെ കാലിണ കല്പകവൃക്ഷത്തിന്റെ പുതുതളിരോടു തുല്യമായും ഏറ്റവും മനോഹരമായും ഭവിക്കുന്നുവോ, ആ കാലിണ എന്റെ ദാരിദ്ര്യത്തെ തട്ടിയകറ്റി, ഉത്കൃഷ്ടസമ്പത്തിനെ പ്രദാനം ചെയ്യട്ടെ. (കല്പാഗമം - കല്പവൃക്ഷം).

വക്ഷസ്ഥലേ ഭഗവതോ വനമാലിനസ്താം
സംഭ്രാന്തിമദ്ഭ്രമരത്സംകൃതി ഘുഷ്യമാണേ
ധ്യായേ സുഗന്ധിനിയഥാംബുരുഹേ നിഷണ്ണാം
കാശ്മീരരക്തരുചിഭാജിപയോധികന്യാം. 26

കുങ്കുമം തേക്കുകയാൽ ചുകപ്പുനിറമുള്ള വിഷ്ണുവിന്റെ വക്ഷസ്ഥലത്തിങ്കൽ, പാറിക്കളിച്ചുകൊരിക്കുന്ന വുകളുടെ ശബ്ദംകൊ് മുഖരിതമായും, സൗരഭ്യമേറിയുമുള്ള താമരയിൽ എപ്രകാരമോ, അപ്രകാരം ഇരുന്നരുളുന്ന ലക്ഷ്മീഭഗവതിയെ ഞാൻ ധ്യാനിക്കുന്നു.

വാണീ, ഗിരീശമഹിഷീ, മഹിഷാന്തകീ ച
കാളീ ച നന്ദതനുജേതി വിഭേദിതായാ
ലോകേവിഭാതിബഹുധാ മധുമാഥിജായാ
ലോകേശ്വരീ മമതനോതു ശുഭാനിസേയം. 27

യാതൊരു ദേവി, സരസ്വതിയെന്നും പാർവ്വതിയെന്നും മഹിഷമർദ്ദിനിയെന്നും കാളിയെന്നും നന്ദപുത്രിയെന്നും പേരോടുകൂടി പലതരത്തിലും ലോകത്തിൽ പുകൾത്തപ്പെടുന്നുവോ, ആ ലോകേശ്വരിയായ ലക്ഷ്മീഭഗവതി എനിക്കു മംഗളമരുളേണമേ.

ലക്ഷ്മീവതീം പഠതിയോ ധൃതഭക്തിരേനാം
ലക്ഷ്മീപ്രശസ്തിമയമുജ്ജ്വിതസർവ്വദൈന്യാം
ലക്ഷ്മീം ചിരം സമനുഭൂയരമേതഭൂയോ
ലക്ഷ്മീപതേഃ പദമനന്തസുഖം പ്രപന്നഃ. 28

ഭക്തിയോടും കൂടി ഏതൊരുവൻ, ഗുണസമ്പന്നമായ ഈ 'ലക്ഷ്മീപ്രശസ്തി' സ്തോത്രത്തെ നിത്യം പാരായണം ചെയ്യുന്നുവോ, അവൻ ദാരിദ്ര്യലേശം പോലുമറിയാതെ വളരെക്കാലം സമ്പത്സമൃദ്ധിയോടുകൂടി ജീവിച്ചിരുന്ന്, ഒടുവിൽ അനന്തസുഖപ്രദമായ വൈകുണ്ഠത്തെ പ്രാപിച്ചു മോക്ഷസുഖത്തേയും അനുഭവിക്കും.

ശ്രീ ഗിരികന്യാഷ്ടകം

ഭക്തവാഞ്ഛിതവിധാനവൈഭവം നിരുദ്ധകല്പലതികാമദാം
മുഗ്ദ്ധകാന്തിപരിഹാസ്യമാനനവചിത്രഭാനുയുതവിഗ്രഹാം
ജിഷ്ണുമുഖ്യവിബുധാവലീമകുടരത്നരശ്മിവിലസത്പദാം
'കൃഷ്ണമംഗല'നിവാസിനീം മനസിചിന്തയാമി ഗിരികന്യകാം. 1

ഭക്തന്മാരുടെ ഇഷ്ടം സാധിപ്പിക്കുന്നതിലുള്ള സാമർത്ഥ്യത്താൽ കല്പകവല്ലിയുടെ ഗർവ്വിനെ ശമിപ്പിച്ചിട്ടുള്ളവളും മനോഹരകാന്തികൊ ്, കോടി ബാലാർക്കബിംബങ്ങളെ പരിഹസിക്കുന്നവളും, ഇന്ദ്രാദികളായ ദേവവൃന്ദങ്ങളുടെ കിരീടരത്നങ്ങളുടെ തിളക്കത്താൽ പരിലസിക്കുന്ന ചേവ ടികളോടുകൂടിയവളും, കൃഷ്ണമംഗല (കുട്ടമത്ത്) ക്ഷേത്രത്തിൽ നിവ സിക്കുന്നവളുമായ ഗിരികന്യക (ശ്രീപാർവ്വതി)യെ ഞാൻ മനസ്സിൽ ധ്യാനി ക്കുന്നു.

നീലലോഹിതനിരന്തരപ്രണയശീലിനീം ഭുവനപാലിനീം
നാരഗാജമുഖ, ബാഹുലേയ, പരിലാളിനീം സുഗുണശാലിനീം
നീലനീരജദലാഭിമാനപരിഹാരലോലുപവിലോചനാം
'കൃഷ്ണമംഗല'നിവാസിനീം മനസിചിന്തയാമി ഗിരികന്യകാം. 2

ഭർത്താവായ പരമശിവനിൽ ഇടമുറിയാത്ത പ്രണയത്തോടുകൂടിയ വളും, ലോകങ്ങളെ രക്ഷിക്കുന്നവളും, ഗജമുഖനേയും ആറുമഖനേയും ലാളിക്ക ശീലമായിട്ടുള്ളവളും, സദ്ഗുണങ്ങൾക്ക് വിളനിലമായിട്ടുള്ളവ ളും, കരിങ്കൂവളപ്പൂദളത്തിന്റെ മനോഹരത്വം കുറയ്ക്കത്തക്ക ഭംഗിയുള്ള കണ്ണുകളോടുകൂടിയവളും ആയ കുട്ടമത്തീശ്വരിയെ ഞാൻ മനസ്സിൽ നിന യ്ക്കുന്നു.

രാജിതാം കുസുമരാജിഭിർവ്വിബുധരാജമന്ദിരമഹീരുഹാം
പൂജിതാം മധുലിഹാംഗണൈരമലമേചകപ്രഭതയാധികം
ഭ്രാജമാനമണിഭൂഷിതാം വഹതി യാചകേശപടലീമിമാം
'കൃഷ്ണമംഗല'നിവാസിനീം മനസി ചിന്തയാമി ഗിരികന്യകാം. 3

മന്ദാരമരത്തിന്റെ പൂനിരകൊ് പരിശോഭിക്കുന്നതും, നിർമ്മലമായ കറുപ്പുനിറത്തിന്റെ ആധിക്യത്തെ അപേക്ഷിച്ച്, വരിവിനാൽ പൂജിക്ക

പ്പെടുന്നതും, തിളങ്ങിക്കൊിരിക്കുന്ന ചൂഡാരത്നം ധരിച്ചിട്ടുള്ളതുമായ തലമുടിക്കൂട്ടത്തെ വഹിച്ചിട്ടുള്ള ഈ കൃഷ്ണമംഗലനിവാസിനിയായ ഭഗവതിയെ ശ്രീപാർവ്വതിയെ ഞാൻ മനസ്സിൽ ഓർക്കുന്നു.

ഫാലകാന്തികലനാഭിലാഷുകമിവാഗതം സതതമാദദ-
ദ്ബാലശീതകിരണം വിലാസിമണിജാലശാലിദധൂഷീചയാ
ചാരുഹേമമകുടം ചകാസ്ത്യഖിലലോകമംഗലകരീമിമാം
'കൃഷ്ണമംഗല'നിവാസിനീം മനസി ചിന്തയാമി ഗിരികന്യകാം. 4

നെറ്റിത്തടത്തിന്റെ ശോഭാതിശയത്തെ കൈവശപ്പെടുത്തുവാൻ വന്നിട്ടുള്ളതോ എന്നു തോന്നുമാറ് ബാലചന്ദ്രനെ ധരിച്ചിട്ടുള്ളതും, നാനാരത്നങ്ങളാൽ ശോഭിക്കുന്നതും ആയ പൊൻകിരീടം ധരിച്ചിട്ടുള്ളവളും, സർവ്വലോകങ്ങൾക്കും സുഖപ്രദയായിട്ടുള്ളവളും ആയി ശോഭിക്കുന്ന ഈ കുട്ടമത്ത് ക്ഷേത്രത്തിലെ ദേവിയെ ഞാൻ മനസ്സിൽ കുടികൊള്ളുന്നു.

മന്ദരാഗസദൃശസ്തനീം സ്ഫുരദമന്ദരാഗലളിതാധരാം
കുന്ദരാജദമലസ്മിതാം പരമസുന്ദരാകൃതിമഹർന്നിശം
ഇന്ദുബിംബഭൃശവന്ദ്യമാനമുഖനിന്ദ്യമാനസരസീരുഹാം
'കൃഷ്ണമംഗല'നിവാസിനീം മനസി ചിന്തയാമി ഗിരികന്യകാം. 5

മന്ദരപർവ്വതത്തോടു തുല്ല്യമായ കുചങ്ങളോടും, വളരെ തുടുത്ത് ശോഭിച്ചുംകൊിരിക്കുന്ന മനോഹരങ്ങളായ അധരങ്ങളോടും, കുരുക്കുത്തിമുല്ലപ്പൂപോലെ ശോഭിക്കുന്ന മന്ദഹാസത്തോടും, ചന്ദ്രബിംബം ഏറ്റവും വന്ദിച്ചുംകൊും, എന്നാൽ ചെന്താമരപ്പൂവിനെ അധഃകരിച്ചുംകൊും ഇരിക്കുന്ന മുഖത്തോടുകൂടി അതിസൗന്ദര്യവതിയായിരിക്കുന്ന ശ്രീപാർവ്വതിയെ, കുട്ടമത്ത് ഭഗവതിയെ എപ്പോഴും ഞാൻ മനസ്സിൽ കരുതുന്നു.

വീക്ഷ്യമാണമഹിമോച്ചയാം കിലവിചക്ഷണൈർമ്മുനിഭിരേയുഷീം
വീക്ഷണൈശ്ചഭുവനത്രയീ രചനരക്ഷണക്ഷപണദക്ഷതാം
സാക്ഷിണീഞ്ച നിഖിലസ്യ, ചിത്സുഖവിലാസലക്ഷണമയീമിമാം
'കൃഷ്ണമംഗല'നിവാസിനീം മനസി ചിന്തയാമി ഗിരികന്യകാം. 6

പണ്ഡിതന്മാരായ ഋഷീശ്വരന്മാരാൽ മാത്രം അറിയപ്പെടുന്ന മാഹാത്മ്യാതിശയത്തോടും, ത്രൈലോക്യത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരകർമ്മങ്ങളിൽ സമർത്ഥങ്ങളായ മൂന്നു കണ്ണുകളോടും കൂടിയിരിക്കുന്നവളും; സമസ്ത പ്രപഞ്ചത്തിന്നും സാക്ഷീഭൂതയായും ചിദാനന്ദസ്വരൂപിണിയായുമിരിക്കുന്ന ഈ ഗൗരീദേവിയെ, കൃഷ്ണമംഗലേശ്വരിയെ ഞാൻ ഉള്ളിൽ ധ്യാനിക്കുന്നു.

ജൃംഭമാണതരഡംഭനിർഭരനിപീഡ്യമാനഭുവനാ യയാ
സുംഭമുഖ്യദിതിസംഭവാശ്ചയുധി ലാഭിതാമിതരുഷാഹതാഃ
ജംഭവൈരിമുഖവർണ്ണിതാം ബഹുലശസ്ത്രസംഭൃതകരാമിമാം
'കൃഷ്ണമംഗല'നിവാസിനീം മനസി ചിന്തയാമി ഗിരികന്യകാം. 7

വർദ്ധിച്ചുകൊിരിക്കുന്ന ഗർവ്വോടുകൂടി ലോകങ്ങളെ പീഡിപ്പിച്ചും കൊിരുന്ന സുംഭൻ മുതലായ അസുരന്മാരോടു അതികോപത്തോടുകൂടി പോരാടി യാതൊരു ദേവി സംഹരിച്ചു? ഇന്ദ്രാദി ദേവന്മാർ സ്തുതിച്ചുകൊു അനേകായുധങ്ങൾ കൈകളിൽ ധരിച്ചുകൊിരിക്കുന്ന ആ ദേവിയെ, ശ്രീപാർവ്വതിയെ, കൃഷ്ണമംഗലനിവാസിനിയെ ഞാൻ ഭജിക്കുന്നു.

ഭാതി 'നിമ്നവന' വംശ്യചിത്തമധുപാഭിലീനപദപങ്കജാ
ഭൂതിസഞ്ചയനിവാസഭൂരഖിലഭീതിഹൃത്സുപരിഷേവിണാം
മേദിനീസുരവരൈശ്ചയാ ബഹുഭിരർച്ചിതാ പരശുഭായതാം
'കൃഷ്ണമംഗല'നിവാസിനീം മനസി ചിന്തയാമി ഗിരികന്യകാം. 8

യാതൊരു ദേവി 'താഴക്കാട്ടുമന'ക്കലെ കുടുംബ പരദേവതയായും, അനേകം ഐശ്വര്യങ്ങൾക്കിരിപ്പിടമായും തന്നെ സേവിക്കുന്നവർക്ക് അഭയപ്രദയായും, അനേകം ഭൂദേവന്മാരാൽ പൂജിതയായും (കുട്ടമത്ത് ക്ഷേത്രത്തിൽ) ശോഭിക്കുന്നു? ആ ഗിരികന്യകാദേവിയെ ശ്രേഷ്ഠമായ മംഗളത്തിന്നായ്ക്കൊ് ഞാൻ മനസ്സിൽ ഭാവിക്കുന്നു.

ഫലശ്രുതി

ഇത്ഥമഷ്ടവിധപദ്യരൂപമുചിതാർത്ഥശാലി ഗിരികന്യകാ-
കീർത്തനം തനുധിയാമയാപികൃതമാത്തഭക്തിരസമാനസഃ
യഃ പഠേത് കരുണയൈവശൈലദുഹിതുർവ്വിമുച്യ ദുരിതൗഘതഃ
പ്രാപ്യ സർവ്വമഭിവാഞ്ഛിതാർത്ഥമയമാസ്പദം ഹി ഭവിതാ മുദഃ.

മന്ദബുദ്ധിയാണെങ്കിലും ഭക്തിരസാധിക്യത്തോടുകൂടി, ഇങ്ങിനെ ഉചിതാർത്ഥപൂർണ്ണവും എട്ടു പദ്യരൂപത്തിലുള്ളതുമായ ഗിരികന്യകാകീർത്തനം കൃതമായി. ഈ കീർത്തനം ഭക്തിയോടുകൂടി പഠിക്കുന്നവൻ ശ്രീപാർവ്വതിയുടെ കൃപകൊുതന്നെ പാപസഞ്ചയം വേർപെട്ടു എല്ലാ അഭീഷ്ടാർത്ഥസിദ്ധിയോടുംകൂടി സന്തോഷത്തിന്നു ആശ്രയഭൂതനായ്ത്തീരും.

മഹാബലാഷ്ടകം

മന്ദാകിനീമഹിതതുംഗതരംഗലോല-
ചന്ദ്രാർദ്ധമണ്ഡിതജടാപടലീധരായ
ലോകേശ്വരായ ഗിരിശായ നമോസ്തു നിത്യം
ഗോകർണ്ണമന്ദിരവരായ മഹാബലായ 1

ഹാരാഭിരാമകുചകുംഭജിതേഭകുംഭ-
ഗൗരീമയോദ്വിലസദർദ്ധകളേബരായ
സൂര്യേന്ദുവഹ്നിനയനായ നമോസ്തു നിത്യം
ഗോകർണ്ണമന്ദിരവരായ മഹാബലായ 2

ബദ്ധക്രുധാർത്തിഹരണേ ജഗതാം വിദഗ്ദ്ധം
ദഗ്ദ്ധം ദ്രുതം കൃതവതേ ത്രിതയം പുരാണം
ഫാലാന്തരാളനയനേന നമോസ്തു നിത്യം
ഗോകർണ്ണമന്ദിരവരായ മഹാബലായ 3

ലാവണ്യരാജിഭിരധിഷ്ഠിതവിഗ്രഹായ
പ്രാലേയദീധിതസഹസ്രവിജിത്വരാഭിഃ
താപാപഹായ ഭുവനസ്യ നമോസ്തു നിത്യം
ഗോകർണ്ണമന്ദിരവരായ മഹാബലായ 4

യക്ഷേശ നിർത്തരവരാദിനിഷേവിതായ
ലക്ഷ്മീപതിപ്രിയതമായ മഹേശ്വരായ
പാപാന്ധകാരമിഹിരായ നമോസ്തു നിത്യം
ഗോകർണ്ണമന്ദിരവരായ മഹാബലായ 5

നമ്രോത്കരാഭിലഷിതാർത്ഥവിധായകത്വ-
നിർമ്മത്ഥ്യമാനസുരശാഖിമദോച്ചയായ
യോഗീന്ദ്രപൂജിതപദായ നമോസ്തു നിത്യം
ഗോകർണ്ണമന്ദിരവരായ മഹാബലായ 6

മോഹാന്ധമാനസദശാനനഘോരബാഹു-
ദർപ്പപ്രലോപനവിധായി മഹാമഹിമ്നേ
സർവ്വാമരാസുരനതായ നമോസ്തു നിത്യം

ഗോകർണ്ണമന്ദിരവരായ മഹാബലായ 7
സ്തുത്യം കിമസ്തി ഭുവനേ ഭുവനാർത്തിഹർത്തുർ-
മൃത്യുഞ്ജയസ്യ മഹനീയചരിത്രതോന്യത്
തസ്മാദിദം പഠതി യോ ദൃഢധീസ്സുഗച്ഛേ-
ത്തത് പ്രീതിതസ്സകലസമ്പദമുദ്ധിതാർത്തിഃ. 8

*****

ധന്വന്തരസ്തോത്രം

ആയുർവ്വേദഃ കലിതസരണിർദ്ധർമ്മസമ്പത്സുഖാനാ-
മാലംബ്യാലം നിഖിലമലവിദ്ധ്വംസിനം രോചതേ യം
ദുഗ്ധാംഭോധേസ്ത്രിദശദനുജൈരുത്ഥിതോ മഥ്യമാനാ-
ത്സത്യാത്മാസൗ ത്രിഭുവനപതിഃ പാതു ധന്വന്തരിർന്നഃ. 1

സർവ്വൈർദ്ദേവൈർഭവതി സതതം യസ്തു സംഭാവനീയ-
ശ്രദ്ധാലൂനാം വിതരതി ഫലം യശ്ച വാഞ്ഛാനുരൂപം
യദ്വദ്വിശ്വപ്രഥിതമഹിമോദഞ്ജിതഃ പാരിജാതഃ
ക്ഷീരാംഭോധേഃ പരമസുഭഗഃ പാതു ധന്വന്തരിർന്നഃ. 2

യസ്യൈവ ശ്രീർഭവതി സഹജാ നിർമ്മലാനന്ദദാത്രീ
ത്രൈലോക്യാനാമപി ച സുരഭിർയഃ പ്രകൃത്യാ ദയാലുഃ.
രത്നസ്വർണ്ണാഭരണനിവഹശ്ചാംഗരാഗോളംഗഭാക് സൻ
യസ്യാപ്യാഭാൻ സുരഭിരധികം പാതു ധന്വന്തരിർന്നഃ. 3

ഭക്താൻ വ്യക്തം ഭവതി ശമിതാശേഷദോഷാൻ സദാ യഃ
കൃത്വാ രക്ഷൻ കരധൃതസുധാപൂർണ്ണസൗവർണ്ണകുംഭഃ
പ്രോദ്യദ്രമ്യ പ്രഭമൃദുപടപ്രോല്ലസന്മൗലിരേഷഃ
പ്രത്യഗ്രാബ്ജപ്രകരരുചിരഃ പാതു ധന്വന്തരിർന്നഃ. 4

ദോർഭിർഗൃഹ്ണൻ മഹിതവലയൈർഹേമപീയൂഷകുംഭം
നിർഭാതൈർയഃ കനകരചിതൈരങ്കിതൈരംഗുലീയൈഃ
കേയൂരൈശ്ചാകലിതമണിഭിഃ കങ്കണൈഃ കൗസ്തുഭോദ്യ-
ച്ഛായാജാലൈരരുണിതഗളഃ പാതു ധന്വന്തരിർന്നഃ. 5

ശ്രീമത്ഫാലസ്ഥലപരിലസത്സ്നിഗ്ദ്ധഗൗരോർദ്ധ്വപുണ്ഡ്രഃ
സോമഭ്രാജദ്വദനവിജിതോത്ഫുല്ലപങ്കേരുഹോയം
ശ്യാമാംഭോദഭ്രമരപടലീദർപ്പനിർഭേദികാന്തിഃ
ക്ഷേമം കുർവ്വന്നഖിലജഗതഃ പാതു ധന്വന്തരിർന്നഃ. 6

തപ്തസ്വർണ്ണസ്ഫുടരുചിഭൃതാ വാസസാ ഭാസമാനോ
രത്നശ്രേണീഘടിതവിലസന്മേഖലാലംകൃതേന
ഭ്രാജദ്രത്നേ മകരരുചിരേ കുണ്ഡലേ സന്ദധാന-
സ്തേജോരേഖാനിലയനവപുഃ പാതു ധന്വന്തരിർന്നഃ. 7

പ്രാപ്തസ്സർവ്വാമയമയതമസ്തോമനിർമ്മാഥകർമ്മൈർ-
ബ്ബുധ്നാവസ്ഥാം ബുധജനമനഃ പങ്കജോന്മേഷകാരീ
പദ്മോത്ഭൂതിക്ഷിതിധരവിപക്ഷാദിഭിർന്നിർമ്മരൗദ്യൈഃ
ഭവത്യാജസ്രം പ്രണതചരിതഃ പാതു ധന്വന്തരിർന്നഃ. 8
ധന്യൈർജ്ജപ്താമിതസുഖഫലൈകാസ്പദാത്മീയമന്ത്രം
വൃന്ദൈർവൃന്ദാവരകമുനിവരാണാം ച വന്ദ്യാമഹേയം
വിഷ്ണുർജ്ജിഷ്ണുപ്രമുഖമകുടന്യസ്യരത്നൗഘരശ്മി-
പ്രോദ്ദീപ്താംഘ്രിസ്സ ഖലു സതതം പാതു ധന്വന്തരിർന്നഃ. 9
നിശ്ശ്രേഷ്ഠാർത്തിക്ഷപണകരണേ ദക്ഷതാമക്ഷതാം യഃ
പ്രാപ്തം ധാന്വന്തരമിദമശേഷാർത്ഥപാത്രം പവിത്രം
സ്തോത്രം ഭക്ത്യാ പഠതി മഹതീരായുരാരോഗ്യസമ്പ-
ദ്വിദ്യാ കീർത്തിരയമപി യഥാഭീഷ്ടമായാതി മുക്തിം. 10

*****

മൃത്യുഞ്ജയമുകുന്ദസ്തോത്രം

ശ്രിയോ നിവാസോ ജഗതഃ പതിർയ-
സ്സ ചന്ദ്രകോല്ലാസികലാപമൗലിഃ
അഘസ്യ കുർവ്വനുപരോധമസ്മാൻ
മൃത്യുഞ്ജയോവ്യാദഥവാ മുകുന്ദഃ. 1

സപര്യമാണോ ഹി സമസ്തഭൂതൈർ-
ഭൂതിപ്രദാനാസ്പദതാം പ്രപന്നഃ
ശ്രിയാ സിതാഭ്രം വപുഷോ ജിഗീഷുർ-
മ്മൃത്യുഞ്ജയോവ്യാദഥവാ മുകുന്ദഃ. 2

സർവ്വജ്ഞഃ ഏഷഃ പ്രഥിതപ്രഭാവ-
സ്സമ്പ്രാപ്തവാൻ സർവ്വവിഭൂഷിതത്വം
സശ്രീകുമാരസ്സ വിനായകശ്ച
മൃത്യുഞ്ജയോവ്യാദഥവാ മുകുന്ദഃ. 3

അലംഘനീയേന ബലേന യുക്തോ
യസ്സാധുവൃന്ദാവനകേളിലോലഃ
വിധീന്ദ്രമുഖ്യാമരപൂജിതോ യാ
മൃത്യുഞ്ജയോവ്യാദഥവാ മുകുന്ദഃ. 4

അകാരി യേനാശു ഭയങ്കരസ്യ
ദൃപ്തസ്യ ഹസ്തിപ്രവരസ്യ നാശഃ
സ നാരദാദ്യൈഃ പ്രണതോ മുനീന്ദ്രൈ
മൃത്യുഞ്ജയോവ്യാദഥവാ മുകുന്ദഃ. 5

സംഹത്യ ലോകസ്യ ജവേന ദേവ-
ശത്രുഗ്രസേനോദ്ഭവഭീതിമീശഃ
പ്രമോദമന്തഃ പ്രചുരം ദധാനോ
മൃത്യുഞ്ജയോവ്യാദഥവാ മുകുന്ദഃ. 6

നിരുദ്ധ്യ ഘോരം നരകം വിതന്വ-
ന്നനന്യനാഥസ്യ ജനസ്യ രക്ഷാ
സത്യാത്സ്ഥിതാന്തഃകരണശ്ച യോളസൗ
മൃത്യുഞ്ജയോവ്യാദഥവാ മുകുന്ദഃ. 7

ശിവസ്തോത്രം

ആമ്നായഘോടകചതുഷ്ടയയുജ്യമാന-
ക്ഷോണീരഥോ ദ്രുഹിണസാരഥിരച്യുതാസ്ത്രഃ
ഹേമക്ഷമാധരധനുർഭഗവാനപായാത്
പായാഞ്ജഗത്രയപതിഃസ്ത്രിപുരാന്തകോ വഃ. 1

രുദ്രാക്ഷ കദ്രുസുതസജ്ജയ ഭസ്മധൂളീം
ശാർദ്ദൂലചർമ്മശശിഖണ്ഡജടാകലാപം
ഹസ്തോല്ലസദ്ധ്രുമരുചാപകപാലശൂലം
രുദ്രം ഭജാമി നടനപ്രയതപ്രദോഷം. 2

ചന്ദ്രാർക്കവഹ്നിസലിലാത്മനഭോ നഭസ്യ-
ദുർവ്വീമയോ ഭവതി സർവ്വഗുണാശ്രയോ യഃ
പദ്മാസനാദി വിബുധാളിനിഷേവിതാംഘ്രി-
പദ്മം സ്മരാമി സതതം തമുമാസഹായം. 3

ശംഭോ! ജയ! ത്വം പരചിത്പ്രകാശ!
ശംഭോ ജയാസ്മാൻ കൃപയാ കയാചിത്
ദാരിദ്ര്യരോഗാദി സമസ്തതാപ-
ദാരിത്വഭാക സ്സന്തതമാശ്രിതാനാം. 4

പാതി യസ്ത്രിഭുവനീം സതാം സദാ
ഭാതി ചേതസി ച യോ മഹേശ്വരഃ
ഭൂതിഭൂഷിതകളേബരഃ പരാം
ഭൂതിമേഷ കൃപയാ തനോതു മേ. 5

കൈലാസനാഥപ്രതിപന്നസഖ്യഃ
കൈലാസശൈലസ്ഥിതിഭാക് ച യോസൗ
അപാകൃതാർത്തിസ്സ്വനിഷേവിണാം മേ
ശിവശ്ശിവായാസ്തു ശിവാസമേതഃ. 6

ലക്ഷ്മീനായകസായകേന ധനുഷാ ചാമീകരോർവ്വീഭൃതാ
യുക്തോ യഃ കില രൂപ്യഭൂമിഭൃദധിഷ്ഠാതാ പ്രദാതാ ച യഃ
അർത്ഥാനാം ദധിവാൻ ധനേശസഖതാം യശ്ചാഖിലാനാം വിഭുഃ

കൃത്യാന്തേ സ ച സർവ്വദൈത്യപടലീപ്രക്ഷോദദക്ഷാം ശ്രിയം. 7

പുരഹര! ഹര! ദൈന്യമസ്മദീയം
മുരഹരമാനിത! ദേവ! ദീനബന്ധോ!
ഗിരിവരതനയാ മയാർദ്ധകായ-
സ്ഫുരദരുണേന്ദുകൃശാനുലോചന! ത്വം. 8
ഭവ! ഭവ! ഭവഖേദഹൃത് സരോജോ-
ദ്ഭവപുരുഹൂതമുഖാമരാർച്ചിതാംഘ്രേ
നിരുപമപരചിത്പ്രകാശമൂർത്തേ!
പരമകൃപാംബുനിധേ! ജഗത്പ്രഭോ! മേ. 9
ശങ്കരോരമിത സർവ്വമംഗള-
ശ്ശംകരോതു! ഗുരു സർവ്വമംഗള
പങ്കജാസനമുഖാമരാർച്ചിതഃ
പങ്കജാലമഖിലം വിധൂയ നഃ. 10
വിഭൂർവ്വിഭൂത്യൈ ഭവിതാ മഹത്യൈ
വിഭാവരീനായകശേഖരീ മേ
സ്വഭക്തലോകസ്പൃഹിതാർത്ഥദാന-
പ്രഭഗ്നകല്പദ്രുഗരിഷ്ഠഗർവ്വഃ. 11

*****

ദേവീസ്തോത്രം

പുഷ്ടാൻ ദൃഷ്ടാൻ വിനഷ്ടാനകൃതവിദധുഷഃ ക്ലിഷ്ടതാം വിഷ്ടപാനാം
സ്പഷ്ടം രുഷ്ടാൻ ഗരിഷ്ടാനമരരിപുഗണാനാശു കാത്യായിനീ യാ
ഹൃഷ്ടാഭിഷ്ടൂയമാനാ വലമഥനമുഖേരിഷ്ടിഭുഗ്ഭിർമഹദ്ഭിർ-
ദ്ദഷ്ടോത്കൃഷ്ടാനുഭാവാ ഭവതു നതജനാഭീഷ്ടദാ തുഷ്ടിദാ വഃ. 1

ഭാവയാമി ഹൃദി ഭാവുകായ ഭുവനത്രയാവനവിധായിനീം
പാവനാഞ്ചിതനുരോചിഷാഭിനവഭാനുകോടിമദരോധിനീം
പീനചാരുകുചയോസ്തടേ വിമലകാന്തിഹാരഗണലംബിനീ-
മാനനേ ശരദുഡുപ്രഭുദ്യുതിവിഡംബിനീം മൃഡകുടുംബിനീം. 2

ലീലാഭിഃ പ്രീണയന്തീ മദനരിപുമനോമഞ്ജുളാഭിഃ പ്രകാമം
സ്ഥൂലോരോജാവനമ്രാകൃതിരതുലകൃശീഭാവലഗ്നാവലഗ്നാ
നീലാംഭോജായതാക്ഷീ ഗിരിവരതനയാ മംഗളം മേ വിധത്താ-
മാലോകേന നതാനാമഖിലസുഖകൃതാ ചാരുണാ ചാരുണാഭാ. 3

അശ്വാരൂഢം ച രൂഢാമഖിലഗുണഗണൈരർദ്ധശീതാംശുചൂഡാ-
മാവൃണ്വാനാം സ്ഫുരദ്ഭിസ്തനുരുചിപടലൈർദ്ദിങ്മുഖാനി ത്രിണേത്രം
ശംഖാരിഭ്രാജമാനാഭയവരദഭുജാം ചാരുപീനസ്തനീം താ-
മംബാം സേവാമഹേ യാം സമനുകലയതാമസ്തി വിശ്വം ഹി വശ്യം. 4

ധീമച്ചിത്താബ്ജവാടീവിഹരണവരടീ ഭാവ ഭാഗംബരാടീ
കോടീ കോടീരകോടി മണിഘൃണിപരിദീപ്താംഘ്രിരാമ്നായവാടീ
പാടീരപ്രൗഢഗന്ധോജ്ജ്വലകുചതടീലംബിതാനർഘശാടീ
കോടീഭൂതാശ്രിതാ[1] മാം ധൃതവിധുമകുടീ[2]പാതുധാതുർവ്വധൂടീ. 5

ബന്ധൂരാംഗലതികാമനോജ്ഞമണികന്ധരാജമഹിഷീസ്ഫുടത്
ഗന്ധരാജികുസുമാവലീലളിതബന്ധരാജിതശിരോരുഹാ
സിന്ധുരാധിപതിപൂജനീയതരമന്ഥരാമലഗതിഃ കൃപാ-
സിന്ധുരാവസതു മന്മനഃ കുമുദബന്ധുരാജിതകിരീടഭൃത്. 6

*****

---

1. ഭൂതാശ്രിതാ - ഭൂതശ്രിയാ
2. പാതു - ഭാതു

ഗോവിന്ദശതകം സ്തോത്രം

ശ്രീവിദ്യായുരരോഗതാ ദിശതു വശ്ശ്രീനിത്യലീലാസ്പദം
ഗോവിന്ദോ നിഗമവ്രജസ്യ നിഖിലസ്യൈകാർഥരൂപം ദധത്
നിർമ്മുക്താഖിലകന്മഷാം ത്രിഭുവനീം കുർവ്വദ്വപുശ്ശാശ്വതം
ബ്രഹ്മേന്ദ്രപ്രമുഖൈസ്സുരൈശ്ശുകമുഖൈശ്ചാഭ്യർത്ഥിതോ യോഗിഭിഃ.

ശ്രീദേവിയുടെ നിത്യവിലാസത്തിന്നരങ്ങായും, വേദതത്ത്വങ്ങൾക്കെല്ലാം ഏകമായ പൊരുളായി, മൂലോകങ്ങളുടേയും പാപം നീക്കിക്കളയുന്ന ശാശ്വതമായ ശരീരം കൊവനായും, ബ്രഹ്മേന്ദ്രാദിദേവന്മാർക്കും, ശ്രീശുകൻ മുതലായ മഹർഷിമാർക്കും വന്ദ്യനായുമിരിക്കുന്ന ഗോവിന്ദൻ നിങ്ങൾക്ക് സമ്പത്ത്, വിദ്യ, ആയുസ്സ്, ആരോഗ്യം എന്നിവകളെ ചെയ്തരുളട്ടെ. (ശ്രീവിദ്യ = ശ്രീയും വിദ്യയും, ശ്രീവിദ്യാമന്ത്രസിദ്ധി എന്നും). ശാർദ്ദൂലവിക്രീഡിതം വൃത്തം.

ശ്രീമത്പാദാരവിന്ദപ്രണതസമുദയ-
ശ്രീവിധാനൈകദക്ഷഃ
ശ്രീമത്ഭോഗീന്ദ്രതല്പേ വിരചിതശയന-
സച്ചിദാനന്ദരൂപഃ
ശ്രീവത്സം കൗസ്തുഭഞ്ചോരസി മഹതിദധ-
ച്ഛ്രീരസാബദ്ധരാഗഃ
ശ്രീകണ്ഠബ്രഹ്മമുഖൈരഭിനുതചരിതഃ
ശ്രേയസേസ്യാദജോവഃ. 2

ശ്രീമൽകാൽതാരിണ ശരണമാക്കീട്ടുള്ള ഭക്തസമൂഹത്തിന്നായ്ക്കൊ് സമ്പത്സംഘടനയിൽ ഏകചതുരനായും, ആദിശേഷതല്പത്തിൽ ശയിക്കുന്നവനും, സച്ചിദാനന്ദംതന്നെ രൂപമായിട്ടുള്ളവനും, പരപ്പേറിയ മാറിൽ ശ്രീവത്സമറുവും കൗസ്തുഭരത്നവും ധരിച്ചിട്ടുള്ളവനും, ശ്രീദേവി, ഭൂദേവി എന്നീ ധർമ്മപത്നിമാരിൽ അനുരക്തനായും, ശിവബ്രഹ്മാദിദേവന്മാരാൽ വന്ദിക്കപ്പെടുന്ന സൽക്കഥകളോടുകൂടിയവനായുമിരിക്കുന്ന വിഷ്ണുഭഗവാൻ നിങ്ങൾക്ക് ശ്രേയസ്സരുളുമാറാകട്ടെ. വൃത്തം സ്രഗ്ദ്ധരാ.

ഹേമക്ഷ്മാഭൃന്നിഭോദ്യന്മണിമകുടധര-
ശ്ചഞ്ചലീകാലിരമ്യഃ
ശ്രീമത്കേശോഖിലേശോ മുഖജിതശശഭൃത്
പങ്കജഃ പങ്കജാക്ഷഃ
വിദ്യുത്പ്രോദ്ദീപ്രവസ്ത്രഃ കരകലിതഗദാ-
ശംഖചക്രാരവിന്ദഃ
പ്രത്യഗ്രാംഭോദകാന്തിഃ പ്രദിശതുനിതരാം
മംഗളം മേ മുകുന്ദഃ. 3

മേരുപർവ്വതംപോലെ തിളങ്ങുന്ന രത്നകിരീടം ധരിച്ചവനായി, വിപോലെ മഞ്ജുളകാന്തികലർന്ന കേശഭാരത്തോടുകൂടിയവനായി, സർവ്വനിയന്താവായി, ചന്ദ്രനേയും താമരയേയും ജയിച്ച മുഖകാന്തിയോടുകൂടിയവനായി, താമരദളങ്ങൾക്കൊക്കുന്ന കണ്ണുകളോടു കൂടിയവനായി, പീതാംബരം ഉടുത്തവനായി, നാലുതൃക്കൈകളിൽ ശംഖചക്രഗദാപദ്മങ്ങൾ ധരിച്ചവനായി, പുതുമേഘനിറത്തോടുകൂടിയവനായിരിക്കുന്ന ശ്രീകൃഷ്ണഭഗവാൻ നമുക്കേറ്റവും മംഗളം ചെയ്യുമാറാകട്ടെ. വൃത്തം സ്രഗ്ദ്ധരാ.

അർണ്ണോ നിധൗരജതപർവ്വതശൃംഗതുംഗ-
ഡിണ്ഡീരപിണ്ഡജഷിദുഗ്ധമയേ ശയാനം
ഭോഗാത്തരത്നരുചിദീപിതഭോഗിതല്പേ
യോഗീന്ദ്രസേവിതപദം ഹരിമാശ്രയാമി. 4

വെള്ളിക്കുന്നിന്റെ കൊടുമുടികൾപോലെ പൊങ്ങിനില്ക്കുന്ന പാൽനുരക്കട്ടകൾ തുള്ളിത്തുള്ളിക്കളിക്കുന്ന പാൽക്കടലിൽ; ഫണരത്നദീപ്തിയാൽ പ്രശോഭിതമായിരിക്കുന്ന അനന്തശയ്യയിൽ യോഗനിദ്രചെയ്യുന്ന, യോഗീശ്വരന്മാരാൽ പാദശുശ്രൂഷചെയ്യപ്പെടുന്ന അനന്തശയനദേവനെ ഞാൻ ആശ്രയിക്കുന്നു. വൃത്തം വസന്തതിലകം.

ശ്രിയം ക്രിയാന്മേസജലാംബുദശ്രീ-
ശ്ശ്രിയഃ പതിശ്ശ്രീമദപാംഗകേല്യാ
ശ്രീകണ്ഠപദ്മോത്ഭവശക്രസേവ്യ-
ശ്രീപാദപദ്മോജഗതാം ശരണ്യഃ. 5

പുതുമേഘശ്യാമളനും ശിവബ്രഹ്മേന്ദ്രന്മാർക്കു സേവ്യമായ പാദാരവിന്ദങ്ങളോടുകൂടിയവനും ലോകങ്ങൾക്കാധാരഭൂതനുമായിരിക്കുന്ന ഭഗവാൻ, ശ്രീപതി, ശ്രീമത്കടാക്ഷവിലാസംകൊ് എനിക്ക് അഭ്യുദയം ചെയ്തരുളട്ടെ. വൃത്തം ഉപജാതി.

ലക്ഷ്മ്യാസുവർണ്ണോപമഭാസുരാംഗ്യാ
ധാത്ര്യാ ച ദുർവ്വാദളമേചകാംഗ്യാ

ജായായുഗേനായമനേനഹൃഷ്ടോ
ലീലാവിലോലോസ്തുഹരിശ്രിയേവഃ. 6

സമ്പത്തിന്നുപലക്ഷണമായ സ്വർണ്ണത്തിൻവർണ്ണം കലർന്ന ശ്രീദേവി, **സസ്യോപലക്ഷണമായ** ശ്യാമളവർണ്ണം കലർന്ന **ഭൂദേവി** എന്നീ രു**പത്നിമാരാൽ സന്തുഷ്ടനായി**, വിനോദശീലനായ ഹരി, നിങ്ങൾക്ക് സമ്പ**ത്തിന്നായക്കൊ**ട് **ഭവിക്കട്ടെ**. വൃത്തം ഇന്ദ്രവജ്രാ.

വിരാഡ്രൂപനാകുന്ന ഭഗവാനെ ഏഴാംശ്ലോകംമുതൽ അതാത് പ്രകൃ**തിമഹനീയങ്ങളായ** വസ്തുക്കളോടു സാദൃശ്യപ്പെടുത്തി വർണ്ണിക്കുന്നു. **ഇവിടെ ശ്ലിഷ്ടോപമകൊ**ട് സമുദ്രത്തോടുപമിക്കുന്നു.

വിഭാത്യുദന്വാനിവശംഖചക്ര-
വിഭൂഷിതോ യോ ധൃതരത്നമാലഃ
അംഭോദലീലസ്സു ഹരിർഭൃശം മാം
ഗാംഭീര്യശാലീവിമലീകരോതു. 7

സമുദ്രപക്ഷം : ശംഖചക്രങ്ങൾ = ശംഖങ്ങളും ചുഴികളും, രത്നമാല = **രത്നസമൂഹം** എന്നർത്ഥം. സമുദ്രംപോലെ ശംഖചക്രങ്ങളാൽ അലം**കൃതനായും**, രത്നമാലകളെ ധരിച്ചവനായും, കാളമേഘംപോലെ ശ്യാമ**ളനായും അഗാധഹൃദയനുമായിരിക്കുന്ന** ഭഗവാൻ എന്നെ പരിശുദ്ധനാ**ക്കിച്ചെയ്യട്ടെ**. വൃത്തം ഉപജാതി.

വരുന്ന ശ്ലോകത്തിൽ ഭഗവാനെ ശ്ലിഷ്ടാതിശയോക്തികൊ് ഊർജ്ജി**തമായ നീലപർവ്വതാകാരത്തോടു** സാമ്യമാക്കി വർണ്ണിക്കുന്നു.

യശ്ശ്രിയാജയതിനീലപർവ്വതം
വിഷ്ണുരേഷഹൃദിഭാതുമാമകേ
ശോഭിതോഹിവനമാല്യാഭൃശം
സേവിതോഹരിമുഖൈരനാരതം. 8

പർവ്വതപക്ഷം: വനമാല = വനസമൂഹം, ഹരിമുഖന്മാർ = സിംഹാദി **മൃഗങ്ങൾ** എന്നർത്ഥം. വനമാലയാൽ ഏറ്റവും വിരാജിതനായും ഹരിമുഖ (ഇന്ദ്രാദി ദേവ)ന്മാരാൽ എപ്പോഴും ആശ്രയിക്കപ്പെട്ടവനായും ശോഭ**കൊു നീലപർവ്വതത്തെ** അതിശയിക്കുന്നവനുമായ വിഷ്ണുഭഗവാൻ എന്റെ **മനസ്സിൽ** വിളങ്ങുമാറാകട്ടെ. വൃത്തം സ്വാഗതാ.

ഈ ശ്ലോകത്തിൽ ശ്ലിഷ്ടോപമകൊ് ഭഗവാനെ മേഘതുല്യനാക്കി വർണ്ണിക്കുകയാണ്.

യോ ധാർത്തരാഷ്ട്രപ്രതികൂലഭാവം
യാതശ്ചകാസ്ത്യർജ്ജുനഹർഷകാരീ
സതോയജീമൂത ഇവാസിതശ്രീ-
സ്സതാപശാന്തിം തനുതാം ഹരിർന്നഃ. 9

ധാർത്തരാഷ്ട്രർക്ക് (നൂറ്റവന്മാർക്ക് അരയന്നങ്ങൾക്ക് എന്നും) എതിരാളിയായും, അർജ്ജുനന്ന് (മരുത്മരത്തിന്) സഹായിനിലയിൽ സന്തോഷപ്രദനായും; വെള്ളംകവിളിയ മേഘംപോലെ ശ്യാമളനായും ഇരിക്കുന്ന ശ്രീകൃഷ്ണൻ നമ്മുടെ സന്താപശാന്തി (ചൂടറുതി) ചെയ്തരുളുമാറാകട്ടെ. വൃത്തം ഇന്ദ്രവജ്ര.

മേൽപ്രകാരം അടുത്തശ്ലോകത്തിൽ ഹരിയെ ശ്ലിഷ്ടോപമയാൽ ചന്ദ്രനോടു സാദൃശ്യപ്പെടുത്തി വർണ്ണിക്കുന്നു.

വിധുർവ്വിധുന്വൻ ജഗതസ്തമഖിതാം
ബുധപ്രിയോയോവിധുവദ്വിഭാതി സഃ
മദീയ താപാനമൃതൈക ധാമതാം
ഗതോനിഹന്യാദ്വിബുധൈർന്നിഷേവിതഃ 10

പൂന്തിങ്കളെന്നപോലെ, ലോകത്തിലെ (കൂരിരുട്ടിനെ) തമോഗുണത്തെ അകറ്റുന്നവനായും (ബുധന്ന് പ്രിയനായും) വിദ്വത്സമ്മനായും അമൃത (മോക്ഷ)ത്തിന്റെ ഏക നിധാനമായും ഇരിക്കുന്ന ഭഗവാൻ എന്റെ സന്താപ(ചൂട്)ങ്ങളെ നശിപ്പിക്കട്ടെ. വൃത്തം വംശസ്ഥം.

ഇവിടെ ശ്ലിഷ്ടരൂപത്തിൽ ഭഗവാനെ ആദിത്യസദൃശനാക്കുകയാണ്.

സ്ഫുരത്കരാശ്ലേഷണഹൃഷ്ടപദ്മഃ
പ്രശോഷയൻ പങ്കജയാനശേഷാൻ
തമാംസി പീതാംബര ഏവ ഭാസ്വാൻ
സമേനിഹന്യാജ്ജഗദേകബന്ധുഃ. 11

ശോഭായമാനങ്ങളായ കരങ്ങളെക്കൊ് തഴുകി പദ്മാദേവിയെ ഹർഷിപ്പിക്കുന്നവനും (താമരകളെ വികസിപ്പിക്കുന്നവനും) പാപസമൂഹങ്ങളെ നിശ്ശേഷം നശിപ്പിക്കുന്നവനും (ചളിക്കൂട്ടം മുഴുവൻ വറ്റുന്നവനും) ലോകൈകബന്ധുവും പീതാംബരനും (ആകാശമണ്ഡലം തുടുപ്പിക്കുന്നവനും) ആയ ഭഗവാൻ തന്നെ ആകുന്ന ആദിത്യൻ എന്റെ അജ്ഞാന (അന്ധകാര)ങ്ങളെ നശിപ്പിക്കുമാറാകട്ടെ. വൃത്തം ഉപേന്ദ്രവജ്ര.

അടുത്ത ശ്ലോകം സൂര്യചന്ദ്രന്മാരെ ഭഗവന്നേത്രങ്ങളാക്കി വർണ്ണിക്കുന്നു.

സരോരുഹോന്മേഷനിമേഷകാരി
മരീചിമാലാമലനേത്രയുഗ്മം
നിരുദ്ധനിശ്ശേഷതമോ നികായം
ഹരിം സ്മരാമോ ജഗദേകനാഥം. 12

താമരകൾക്ക് വികാസം ഉാക്കുന്ന ആദിത്യൻ വലങ്കണ്ണായും താമരകൂമ്പിക്കുന്ന ചന്ദ്രൻ ഇടങ്കണ്ണായും ഇരിക്കുന്നവനും തന്നിമിത്തം പകലും രാവും ഭേദമെന്യേ കൂരിരുൾക്കൂട്ടം ആകെ നശിപ്പിക്കുന്നവനും ആയ ലോകൈകനാഥൻ വിഷ്ണുഭഗവാനെ ഞങ്ങൾ സ്മരിച്ചുകൊള്ളുന്നു. വൃത്തം ഉപേന്ദ്രവജ്ര.

ശ്ലിഷ്ടരൂപകംകൊു ഭഗവാനെ ഈ ശ്ലോകത്തിൽ തേജോനിധിയായ അഗ്നിക്കു സദൃശനാക്കി വാഴ്ത്തുന്നു.

ഉല്പത്തിഭൂർഭൂതികദംബകാനാ-
മുദ്ദീപ്തകാന്തിപ്രചുരപ്രതാപഃ
കരോതു മേ ദൈന്യവനസ്യദാഹം
ഗരുത്സഹായോമധുസൂദനാഗ്നിഃ. 13

ഐശ്വര്യസമൃദ്ധിയെ (ചാമ്പൽക്കൂട്ടത്തെ) ഉല്പാദിപ്പിക്കുന്നവനും ജാജ്വല്യമാനമായതേജഃപ്രവാഹംകൊു പ്രവൃദ്ധമായ പ്രതാപമുള്ളവനും ദേവന്മാർക്ക് സഹായിയും (വായുസഖനും) ആയ മധുവൈരിയാകുന്ന അഗ്നി; എന്റെ സങ്കടമാകുന്ന കൊടുങ്കാട്ടിനെ ദഹിപ്പിച്ചരുളട്ടെ.

സ്വർന്നദിവിഷ്ണുപദാവതീർണ്ണയെന്ന പുരാണം സമർത്ഥിച്ചുകൊു ഭഗവാനെ അനുസ്മരിക്കുന്നു.

ഗതാകില സ്വർഗ്ഗനദീ യദീയ-
പദാരവിന്ദേ മകരന്ദലീലാം
ഉപാസ്മഹേ നിത്യപവിത്രചിത്ര-
ചരിത്രമംഭോരുഹനേത്രമേതം. 14

ലോകത്തെ പവിത്രീകരിക്കുന്ന മന്ദാകിനീതീർത്ഥത്തെ, തന്റെ കാൽത്താരിണയിലെ തേനാക്കിവെക്കാൻ തക്ക നിത്യപവിത്രവും വിവിധ രൂപവുമായ ചരിത്രത്തോടുകൂടിയ അനിർവ്വചനീയനായ ഭഗവാനെ ഞങ്ങൾ ഉപാസിച്ചുകൊള്ളുന്നു. 'കില' എന്നത് പുരാണപ്രസിദ്ധിയെ സൂചിപ്പിക്കുന്നു. വൃത്തം ഉപേന്ദ്രവജ്ര.

ഗൗഡീരീതിയിൽ അനുപ്രാസപരമാണ് അനന്തരശ്ലോകം.

രൗക്ഷ്യപ്രക്ഷതനൈകരക്ഷണമഹാ-
രക്ഷോവരക്ഷേപണേ
ദക്ഷസ്തീക്ഷ്ണമയൂഖലക്ഷവിലസ-
ദ്രുക്ഷാരിലക്ഷ്മാ ഹരിഃ
പ്രക്ഷുദ്യ, ക്ഷണതോവിപക്ഷപടലീം
രക്താംബുജാക്ഷോ ജഗ-
ദ്രക്ഷീ രക്ഷതു പക്ഷഗസ്സുമനസാ-
മക്ഷീണലക്ഷ്മീസ്സനഃ. 15

പാരുഷ്യത്തോടുകൂടി സ്വർഗ്ഗത്തിന്ന് ഉപദ്രവം ചെയ്യുന്ന രാക്ഷസ വർഗ്ഗത്തെ തകർക്കുന്നതിൽ സമർത്ഥനും ലക്ഷം ആദിത്യന്മാരുടെ തേജസ്സോടുകൂടി പ്രജ്വലിക്കുന്ന ചക്രായുധം ധരിച്ചവനും ശത്രുവർഗ്ഗത്തെ സംഹരിച്ച് ലോകരക്ഷ ചെയ്യുന്നവനും ദേവന്മാർക്കനുകൂലനും സമൃദ്ധശ്രീമാനുമായ ദേവദേവൻ ദൈത്യാരി നമ്മെ രക്ഷിക്കട്ടെ. വൃത്തം ശാർദ്ദൂലവിക്രീഡിതം.

യമകപ്രാസവിശേഷം ദ്യോതിപ്പിക്കുന്നതാണ് വരുന്ന ര് ശ്ലോകങ്ങൾ.

ഹൃഷീകേശഃ കേശവ്രജകലിതപിഞ്ഛോഹൃദിസതാം
കൃതാവാസോവാസോരുചിവിജിതവിദ്യുദ്ദിശതുമേ
പരാംലക്ഷ്മീംലക്ഷ്മീന്ദപദുരസിവിശ്വാവനവിധൗ
സദാലോലോലോജ്വലദമലവിസ്തീർണ്ണനയനഃ. 16

കേശഭാരത്തിൽ പീലിച്ചാർത്ത് തിരുകിയവനും സജ്ജനങ്ങളുടെ ഹൃദയത്തിൽകുടികൊള്ളുന്നവനും മിന്നൽപ്പിണരോടിടയുന്ന പീതാംബരം ധരിച്ചവനും തിരുമാറിടത്തിൽ ലക്ഷ്മീദേവിയുടെ വാസത്തോടുകൂടിയവനും ലോകരക്ഷയിൽ സദാ ജാഗരൂകനും ചഞ്ചലമായും ഉജ്ജ്വലമായും നിർമ്മലമായും വിശാലമായുമിരിക്കുന്ന നേത്രങ്ങളുള്ളവനും ആയ കേശവൻ എനിക്ക് സമ്പത്സമൃദ്ധിയെ പ്രദാനം ചെയ്യട്ടെ. വൃത്തം ശിഖരിണി.

സൗവർണ്ണവർണ്ണവസനേനവിരോചമാനാം
മാധുര്യധുര്യമുഖാനിർജ്ജിതശീതരശ്മീം
ശ്രീകണ്ഠകണ്ഠജയതല്പരനീലകാന്തീം
ലോകേശ! കേശവ! തനും തവ ചിന്തയാമി. 17

അല്ലയോ ജഗദീശ്വര! കേശവ! പൊൻനിറം കലർന്ന ചേലകൊ് വിരാജിക്കുന്നതും, അതിമനോഹാരിതകൊ് മുഴുതിങ്കളെവെന്ന മുഖത്തോടുകൂടിയതും നീലകണ്ഠന്റെ കഴുത്തിനെ തോല്പിക്കുന്ന നീലനിറമുള്ളതുമായ അങ്ങയുടെ തിരുമേനിയെ അടിയൻ ധ്യാനിച്ചുകൊള്ളുന്നു. വൃത്തം വസന്തതിലകം.

അടുത്ത മൂന്നു പദ്യങ്ങൾ അർത്ഥാലങ്കാരപരങ്ങളാണ്. അടുത്തപദ്യത്തിൽ ശ്ലിഷ്ടരൂപകംകൊ് ഭഗവാനെ രാജഹംസസമാനമാക്കി വർണ്ണിക്കുന്നു.

ചകാസ്തിപദ്മാലയതാംഗതോയ-
പ്രശസ്തകാന്തിർദ്വിജരാജിപൂജ്യഃ
മരാളരാജോമധുസൂദനാഖ്യാ
രമേതമന്മാനസമാനസേസൗ. 18

പദ്മാദേവിക്കിരിപ്പിടമായി (പദ്മം ആലയമാക്കി)ട്ടുള്ളവനായി, ബ്രാഹ്മണ (പക്ഷി) സമൂഹത്തിന് വന്ദ്യനായി, പ്രശസ്തമായ വർണ്ണത്തോടുകൂടിയവനായിരിക്കുന്ന മധുസൂദനനെന്ന രാജഹംസം എന്റെ ചിത്തമാകുന്ന മാനസസരസ്സിൽ വിനോദിക്കുമാറാകട്ടെ. വൃത്തം ഉപേന്ദ്രവജ്ര.

ഇവിടെ ശ്ലിഷ്ടോപമയിൽ വരിവിൻ വടിവിൽ വർണ്ണിക്കുന്നു.

പ്രേമാതിരേകസ്സുമനോനികായേ
യസ്യാസ്തി യോ നിർമ്മലനീലിമശ്രീഃ
സരോരുഹേയദ്വദലിർമ്മദീയേ
സമാനസേ ഖേലതുവാസുദേവഃ. 19

സജ്ജന (പുഷ്പ) വൃന്ദത്തിൽ പ്രേമാതിശയത്തോടു കൂടിയവനും കലർപ്പില്ലാത്ത നീലനിറം കലർന്നവനും ആയ ഗോവിന്ദൻ; താമരപ്പൂവിൽ വരിവന്നെവണ്ണം എന്റെ മനസ്സിൽ കളിയാടട്ടെ. വൃത്തം ഉപജാതി.

അനന്തരപദ്യം ശ്ലിഷ്ടരൂപകംകൊ് വാസുദേവനെ മയൂരമാക്കി വർണ്ണിക്കുന്നു.

പ്രോദ്ദീപ്തചന്ദ്രകകലാപവിഭൂഷിതോതി-
മുഗ്ദ്ധാത്മകോമധുനിഷൂദനനീലകണ്ഠഃ
ആസ്താംചിരം വിമലപക്ഷയുതോമദീയ-
ചിത്തക്ഷമാധരതടീനടനൈകതാനഃ. 20

മിന്നിത്തിളങ്ങുന്ന കണ്ണുകളുള്ള പീലികളാൽ അലംകൃതനായും അതി മനോഹരനായും വിമലപക്ഷയുതനായുമിരിക്കുന്ന മധുവൈരിയാകുന്ന മയൂരം; എന്റെ മനസ്സാകുന്ന പർവ്വതതടത്തിൽ സദാ നൃത്തതല്പരനായി രിക്കുമാറാകട്ടെ (വിമലപക്ഷയുതൻ = സജ്ജനപക്ഷപാതി, നല്ല ചിറകു ള്ളവനെന്നും). വൃത്തം വസന്തതിലകം.

അടുത്ത പത്തു ശ്ലോകങ്ങൾ മാലിനീവൃത്തത്തിൽ വിശേഷിച്ച് പാദ മദ്ധ്യത്തിലും അന്ത്യത്തിലുമായി യതിയിൽവരുന്ന അഷ്ടപ്രാസവിശേഷം കാണിക്കുന്നു.

സജലജലദനീലം സമ്മിലദ്വന്യമാലം
ഭുജതലധൃതശൈലം ഭൂരികാരുണ്യശീലം
വിവിധവിഹൃതിലോലം വിദ്യുദുല്ലാസിചേലം
നിഖിലഭുവനപാലം നൗമി ഗോപാലബാലം. 21

പുതുമേഘശ്യാമളനും വനമാലാധാരിയും കൈത്തലത്തിൽ കുന്നെടു ത്തവനും അതികരുണാശാലിയും പലമാതിരി കളികളിൽ തല്പരനും മിന്നൽപ്പി ണർപോലുല്ലസിക്കുന്ന ചേല ധരിക്കുന്നവനും എല്ലാലോകങ്ങൾക്കും രക്ഷി താവായുള്ളവനും ആയ ബാലഗോപാലനെ ഞാൻ വന്ദിക്കുന്നു.

കരതലധൃതഗോത്രം കാലമേഘാഭഗോത്രം
സരസിജദലനേത്രം സജ്ജനാംഭോജമിത്രം
സുരവിനുതചരിത്രം സ്വർണ്ണനീകാശവസ്ത്രം
ജിതഹിമരുചിവക്ത്രം ചിന്തയേനന്ദപുത്രം. 22

കയ്യിൽ പർവ്വതം ധരിച്ചവനും മെയ്യിൽ കാർനിറംപൂവനും താമര ദളത്തിനൊത്ത നേത്രമുള്ളവനും സജ്ജനങ്ങളാകുന്ന താമരകൾക്ക് ആദി ത്യനായവനും ദേവന്മാർക്കഭിവന്ദ്യമായ ചരിത്രത്തോടുകൂടിയവനും പൊൻനിറമുള്ള ചേല ധരിച്ചവനും ചന്ദ്രനെവെന്ന മുഖകാന്തിയോടു കൂടി യവനുമായ നന്ദനന്ദനനെ ഞാൻ ധ്യാനിക്കുന്നു.

വിദധതമഭിലാഷം ഭക്തിഭാജാമശേഷം
വിഹിതദുരിതശോഷം വിദ്വിഷത്ത്വ്യാതിരോഷം

രമിതപശുപയോഷം രമ്യലീലാവിശേഷം
ഭജത! രുചിരവേഷം മാധവം പിഞ്ഛഭൂഷം. 23

ആശ്രിതർക്ക് സർവ്വാഭീഷ്ടപ്രദനായി, ദുരിതങ്ങളെ നശിപ്പിക്കുന്നവനായി, ശത്രുക്കളൊടരിശം കൊള്ളുന്നവനായി, ഗോപസ്ത്രീകളെ വിനോദിപ്പിക്കുന്നവനായി, മനോഹരങ്ങളായ വിലാസങ്ങളോടു കൂടിയവനായി, പീലിമുടി ചൂടിയവനായി രമണീയവേഷം കൈക്കൊവനായിരിക്കുന്ന ഗോവിന്ദനെ നിങ്ങൾ ഭജിച്ചുകൊള്ളുവിൻ!

നിഖിലശുഭനിധാനം നിർജ്ജരൗഘേഡ്യമാനം
ജനിമരണവിഹീനം ചക്രശംഖൗദധാനം
ബുധഹൃദയനിലീനം വിശ്വരക്ഷൈകതാനം
നലിനനയനമേനം നൗമിശേഷേശയാനം. 24

സർവ്വമംഗളങ്ങൾക്കിരിപ്പിടമായി, ദേവന്മാർക്ക് പൂജ്യനായി, ജനനമരണങ്ങൾ ഇല്ലാത്തവനായി, ചക്രവും ശംഖും ധരിച്ചവനായി, സജ്ജനങ്ങളുടെ ഹൃദയാന്തർഭാഗത്തിൽ ലയിച്ചവനായി, ലോകനിയന്താവായി, താമരക്കണ്ണനായിരിക്കുന്ന ദേവൻ, അനന്തശയനനെ ഞാൻ വന്ദിക്കുന്നു.

കലിതലളിതഹാരം കമ്രനാനാവിഹാരം
കലുഷതിമിരസൂരം ഗോപികാചിത്തചോരം
ഭ്രമരരുചിശരീരം പിഞ്ഛഭൃത്കേശഭാരം
മനസിഹരിമുദാരം ഭാവയേഹം കിശോരം. 25

ഭംഗിയിൽ മുത്തുമാല ധരിച്ചവനും മനോജ്ഞങ്ങളായ അനേകം വിനോദങ്ങളിൽ ഏർപ്പെട്ടവനും പാപക്കൂരിരുട്ടിന്നു കതിരവനും ഗോപിമാരുടെ ചിത്തം കവർന്നവനും തിരുമെയ്യിൽ വരിവിൻനിറം കലർന്നവനും തിരുമുടിയിൽ മയിൽപ്പീലി ചൂടിയവനും കിശോരനുമായ മഹാത്മാവിനെ, മുരാരിദേവനെ ഞാൻ മനസ്സിൽ ധ്യാനിക്കുന്നു.

ജലധിദുഹിതൃകാന്തം ചക്രശംഖൗവഹന്തം
ജലദമപഹസന്തം ശോഭയാ തോയവന്തം
ഭജത! ദൃഢതരം തം ഭക്തിഭാജാം ദിശന്തം
പ്രമദഭരമനന്തം പാപജാലം ഹരന്തം. 26

ശംഖചക്രങ്ങളോടു കൂടിയവനായും നീരുള്ള കാറിനെ നിറം കൊണ്ടു നിരസിക്കുന്നവനായും മഹാപാപസമൂഹത്തെ നശിപ്പിക്കുന്നവനായും ആശ്രിതന്മാർക്ക് അമിതമായ ആനന്ദത്തെ അരുളുന്നവനുമായിരിക്കുന്ന ആ ശ്രീകാന്തനെ നിങ്ങൾ പ്രബലമായി ഭജിച്ചുകൊള്ളുവിൻ!

ജിതനവഘനഭാസം ചിന്തയേ ശ്രീനിവാസം
ഹൃദിവിവിധവിലാസം ഗോകുലേ തസ്ഥിവാംസം
പരമമിഹപുമാംസം പിഞ്ഛഭാരാവതംസം
വിഹിതദുരിതഹിംസം വിദ്യദംഭോദഹംസം. 27

പുതുമേഘകാന്തിയെ വെന്നവനായി അനേകലീലകളോടു കൂടിയ വനായി, ഗോകുലത്തിൽ വസിക്കുന്നവനായി, പീലിച്ചാർത്ത് അലങ്കാരമാ ക്കുന്നവനായി, ദുഷ്കൃതങ്ങളെ നശിപ്പിക്കുന്നവനായി, പണ്ഡിതന്മാരാകുന്ന താമരകൾക്ക് ആദിത്യനായി, പുരുഷോത്തമനായിരിക്കുന്ന ശ്രീനിവാസനെ ഞാൻ ഹൃദയത്തിൽ നിനക്കുന്നു.

വിബുധകൃതസപര്യ വിഷ്ണുമുദ്രിക്തവീര്യം
കലിതനിഖിലധൈര്യം കല്യമാനാജ്യചൗര്യം
കൃതനതജനകാര്യം കില്ബിഷധ്വാന്തസൂര്യം
നിഖിലഭുവനവര്യ നൗമി മാധുര്യധുര്യം. 28

ദേവന്മാർക്കാരാധിതനായി, പ്രവൃദ്ധമായ വീര്യാതിശയത്തോടുകൂടി യവനായി, എല്ലാ വിഷയങ്ങളിലും ധൈര്യശാലിയായി, വെണ്ണ കവർന്ന വനായി, സേവകന്മാർക്കുവേി അനേകം മഹത്കാര്യങ്ങൾ ചെയ്തു തീർത്തവനായി, പാപാന്ധകാരത്തിന് പ്രഭാകരനായി, ലോകത്തിലേക്കെല്ലാം ശ്രേഷ്ഠനായി, അതിമധുരാകൃതിയായിരിക്കുന്ന വിഷ്ണു ഭഗവാനെ ഞാൻ നമസ്കരിക്കുന്നു.

സുകൃതിനയനപേയം സർവ്വലോകാർച്ചനീയം
രുചിവിജിതകലായം രുദ്ധസർവ്വാന്തരായം
നിഖിലശുഭനികായം തിത്യമന്തസ്ത്വദീയം
ഭൃശമജ! രമണീയം ഭാവയേ ദേവ! കായം. 29

അല്ലയോ നാശരഹിതനായ ദേവ! ശ്രീകൃഷ്ണ! നിന്തിരുവടിയുടെ; ഏറ്റവും മനോഹരമായ തിരുമേനിയെ എപ്പോഴും അടിയൻ ഉള്ളിൽ ധ്യാനി ക്കുന്നു. ആയത്, പുണ്യവാന്മാർക്ക് കണ്ണിന്നാസ്വാദ്യവും എല്ലാ ലോക ങ്ങൾക്കും ആരാദ്ധ്യവും കായാമ്പൂവിൻശോഭയെ ജയിച്ചതും എല്ലാ പ്രതി ബന്ധങ്ങളേയും തട്ടിയകറ്റുന്നതും സർവ്വമംഗളസമുച്ചയമായിട്ടുള്ളതും ആകുന്നു.

പ്രതിനവഘൃതചോരീഭാവവൈദഗ്ദ്ധ്യധാരീ
സകലദുരിതഹാരീ സർവ്വസന്തോഷകാരീ
സുകൃതിമതിവിഹാരീ സന്തതം ഗോപനാരീ-
നിചയസിചയഹാരി പാതുമാം കംസവൈരീ. 30

പുതുവെണ്ണക്കളവിൽ അതിസാമർത്ഥ്യം പ്രദർശിപ്പിച്ചവനും നാനാ ദുഷ്കൃതങ്ങളേയും അകറ്റുന്നവനും നാനാജനങ്ങളേയും ആഹ്ലാദിപ്പിക്കു ന്നവനും സത്തുക്കളുടെ ചിത്തത്തിങ്കൽ നൃത്തംകൊള്ളുന്നവനും ഗോപ സ്ത്രീകളുടെ വസ്ത്രങ്ങൾ അപഹരിച്ചവനും ആയ കംസാരിഭഗവാൻ എന്നെ എപ്പോഴും പാലിക്കട്ടെ.

31 മുതൽ ഉപേന്ദ്രവജ്രാവൃത്തത്തിലുള്ള 4 ശ്ലോകങ്ങളിലെ പാദാരം ഭാക്ഷരങ്ങളായി വർഗ്ഗങ്ങളിലെ അനുനാസികം ഒഴിച്ച് നന്നാലക്ഷരങ്ങൾ യഥാക്രമം പ്രയോഗിച്ചിരിക്കുന്നു.

കല്യാണദായീ പരമാശ്രിതാനാം
ഖല്യാവിരോധീ ഭഗവാന്മുകുന്ദഃ
ഗദാ രി പ ങ്കേ രു ഹ ശം ഖ ധാ രീ
ധനാസിത ശ്രീർദ്ദിശതു ശ്രിയംനഃ. 31

ഭക്തന്മാർക്കേറ്റവും ക്ഷേമം ഉാക്കുന്നവനും ഖലവൃന്ദത്തിന് എതിരായുള്ളവനും ശംഖചക്രഗദാപദ്മങ്ങൾ ധരിച്ചിട്ടുള്ളവനും കാളമേഘശ്യാമളനും ആയ ഗോവിന്ദൻ നമുക്ക് സമ്പത്തേകുമാറാകട്ടെ. (കവർഗ്ഗം)

ചരാചരാണാം ഗുരുരാദധാനഃ
ഛവീം നവീനാംബുധരാർത്ഥനീയാം
ജവേനശൗരിഃ പരശുക്ലകാന്തിഃ
ത്ഥരസ്മിതോ മേ ദുരിതം ധുനോതു. 32

സ്ഥാവരജംഗമങ്ങൾക്ക് ഗുരുവായും പുതുമേഘത്തിന്നഭ്യർത്ഥിക്കത്തക്ക നീലനിറം-ധരിച്ചിയങ്ങുന്നവനായും ധവളകാന്തി പ്രവാഹം പൊഴിക്കുന്ന പുഞ്ചിരിതൂകുന്നവനായുമിരിക്കുന്ന വാസുദേവൻ; എന്റെ ദുഷ്കൃതം വേഗം നശിപ്പിക്കട്ടെ. (ചവർഗ്ഗം)

തനോതു ലക്ഷ്മീർമ്മമ ലോര-
സ്ഥലോല്ലസത്കൗസതുഭവന്യമാലഃ.
ദയാനിധിർവ്വക്ത്രസരോജഖേല-
ദ്ധരാരമാക്ഷിഭ്രമരോമുകുന്ദഃ. 33

പരിശുദ്ധമായ മാറിടത്തിൽ പരിലസിക്കുന്ന കൗസ്തുഭരത്നത്തോടും വനമാലയോടും കൂടിയവനും, ധരാദേവിയുടേയും രമാദേവിയുടേയും കണ്ണുകളാകുന്ന വരിവുകൾ കളിച്ചുംകൊിരിക്കുന്ന മുഖപദ്മത്തോടുകൂടിയവനും പ്രേമത്തിന്നിരിപ്പിടമായുമിരിക്കുന്ന ശ്രീപതി എനിക്കു സമ്പത്സമൃദ്ധി ചെയ്തരുളട്ടെ. (തവർഗ്ഗം)

പടീയസേ ഭക്തജനാഭിലാഷ-
ഫലപ്രദാനേവിഭവേനമോസ്തു
ബലാനുജായാനിശമബ്ജയോനി-
ഭവേന്ദ്രമുഖ്യാമരപൂജിതായ. 34

ആശ്രിതജനങ്ങളുടെ അഭീഷ്ടത്തന്നനുസരിച്ച് ഫലംകൊടുക്കുന്നതിൽ അതിവിരുതനായും വിഭുവായും ബലദേവന്റെ അനുജനായും ബ്രഹ്മാവ്, ശിവൻ, മഹേന്ദ്രൻ മുതലായ ദേവന്മാരാൽ അർച്ചിക്കപ്പെടുന്നവനുമായ അച്യുതന്നായ്ക്കൊ് നമസ്സ് ഭവിക്കട്ടെ. (പവർഗ്ഗം)

അനന്തരം മൂന്ന് (ആര്യാ മാത്രാ) വൃത്തത്തിലുള്ള ശ്ലോകങ്ങൾ യമകപ്രാസവിശേഷം കുറിക്കുന്നു.

ഗോവിന്ദോ മമ തനുതാം
ശ്രിയോദ്ദത്സർവ്വമലവിരാമമതനുതാം

കത് കാ യോ തി ഘ്ന നാ നാം
മദവിച്ഛ്രേത്രീം രുചിം ദധാതി ഘ്നനാനാം. 35

കൊഴുപ്പേറിയ മഴക്കാറുകളുടെ പുളപ്പ് പോക്കുന്ന നിറം കലർന്നവനും, അനല്പമായ ശോഭാസമ്പത്തിയന്നവനുമായ ഗോവിന്ദൻ എന്റെ സർവ്വപാപങ്ങൾക്കും ശാന്തി ചെയ്തരുളട്ടെ.

പദ്മാക്ഷിഭ്രമരഹിത-
സ്മിതാംശു കുന്ദോപി ഭവമലഭ്രമരഹിതഃ
യോ വിദ്ധ്വംസതു മേഘം
പ്രഭയാ ശൗരിർന്നവം ജയൻ സതു മേഘം. 36

ശ്രീഭഗവതിയുടെ കണ്ണുകളാകുന്ന വുകൾ കൊതിക്കുന്ന, പുഞ്ചിരിപ്രഭയാകുന്ന മുല്ലപ്പൂവോട് കൂടിയവനാണെങ്കിലും; (പുത്രമിത്രകളത്രാദി) സംസാരമലത്തിൽ ഭ്രമമില്ലാത്തവനും, കാന്തികൊ് പുതുമേഘത്തിന്നു പരാജയം നൽകുന്നവനുമായ മുകുന്ദൻ എന്റെ മഹാപാപം സംഹരിക്കുമാറാകട്ടെ. (വിരോധാഭാസാലങ്കാരം - ഭ്രമര -ഹിത എന്ന വിരോധത്തിന്ന് 'ഭ്രമരഹിത' എന്ന പരിഹാരം).

യോ വിദ്യുത്കരസിചയഃ
സ്ഫുടം ദധദ്രത്നഗണമസാവുരസിചയഃ
ലീലാതല്പരഭൂ മാ-
മിലിതോ വിഷ്ണുർമ്മുദേ സ്തു നഃ പരഭൂമാ. 37

മിന്നൽപ്പിണരൊളിവീശുന്ന ചേലയോടുകൂടിയവനും മാറിൽ തിളങ്ങുന്ന രത്നമാലയോടുകൂടിയവനും വിനോദാക്തകളായ ക്ഷമാദേവിയോടും രമാദേവിയോടും കൂടിയവനും ഏറ്റവും ഐശ്വര്യനിധിയായും ഇരിക്കുന്ന മഹാവിഷ്ണു നമുക്ക് സന്തോഷത്തിന്നായ്ക്കൊ് ഭവിക്കട്ടെ.

സ്രഗ്ദ്ധരാവൃത്തത്തിൽ പദാന്തയമകം കാണിക്കുന്നു.

ലക്ഷ്മ്യാഞ്ചോദ്രിക്തരാഗോ മുഖജിതവികസ-
ത്സാരസായാം രസായാം
രത്നാനാം മൗലിഭാജാം രുചിലസിതപദോ-
ദ്ഭാസുരാണാം സുരാണാം
വിശ്വേശഃ കേശവോനസ്സുലിലയുതഘ്നനോ-
ദാരലക്ഷ്മീരലക്ഷ്മീ-
മുജ്ജിത്വാവ്യാദ്ദധാനഃ പ്രമുദിതചരണാ-
സേവിലോകം വിലോകം. 38

വിടരുന്ന ചെന്താമരപ്പൂവിനെ പരാജയപ്പെടുത്തുന്ന മുഖത്തോടുകൂടിയ ലക്ഷ്മീദേവിയിലും ഭൂമീദേവിയിലും ഏറ്റവും അനുരക്തനായും ദേവ

ന്മാരുടെ കിരീടങ്ങളിലെ തിളങ്ങിക്കൊിരിക്കുന്ന രത്നങ്ങളുടെ ശോഭ കൊ് പരിലസിക്കുന്ന ചേവടികളോടുകൂടിയവനായും, കാറൊളിവർണ്ണത്തോടു കൂടിയവനായും പാദാശ്രിതന്മാർക്ക് പ്രമോദപ്രദമായ കടാക്ഷത്തോടുകൂടിയവനായും, ലോകേശ്വരനുമായിരിക്കുന്ന കേശവൻ നമ്മുടെ അലക്ഷ്മിയെ നീക്കിക്കാത്തരുളട്ടെ.

നാലുപാദങ്ങളിലും പ്രാരംഭത്തിൽ യമകം. വൃത്തം മന്ദാക്രാന്താ.

പദ്മാപദ്മാർത്ഥിതലളിതരുക്പാണിനാളാളിതാംഘ്രിർ-
ഭാസ്വത്ഭാസ്വത്ഘനതരമണിശ്രേണികോടീരധാരീ.
ചക്രീ ചക്രീശ്വരമയമഹാതല്പശായീ ക്രിയാന്മേ
ലക്ഷ്മീം ലക്ഷ്മീംവപുഷി ഭഗവാനൈന്ദ്രനീലീംദധാനഃ. 39

ലക്ഷ്മീദേവിയുടെ പദ്മകോമളങ്ങളായ കൈകളാൽ താലോലിക്കപ്പെടുന്ന അടിമലരോടും ആദിത്യപ്രഭങ്ങളായ രത്നങ്ങൾ പതിച്ച കിരീടത്തോടും ചക്രായുധത്തോടും സർപ്പേശ്വരതല്പത്തിൽ ശയനത്തോടും മെയ്യിൽ ഇന്ദ്രനീലരത്നത്തിന്റെ കാന്തിയോടും കൂടിയിരിക്കുന്ന ഭഗവാൻ എനിക്ക് സമ്പത്തരുളുമാറാകട്ടെ.

ദ്യൗപായനാദികവിതൃവ്രജഗീയമാനാ
ദേവസ്യ യസ്യ വിമലാ വിപുലാ ഹി കീർത്തിഃ
കാചിദ്ദയാ സ്തി മയി ചേത് ബലിബന്ധുരസ്യ
കിം വാ ഭവേത് കിമപി കാര്യമസാദ്ധ്യമത്ര. 40

ശ്രീവേദവ്യാസമഹർഷി മുതലായ കവിസമൂഹത്താൽ യാതൊരു ദേവന്റെ നിർമ്മലവും വിശാലവുമായ കീർത്തി; (ശ്രീമദ്ഭാഗവതാദി ഗ്രന്ഥങ്ങളെക്കൊ്) വർണ്ണിക്കപ്പെട്ടിരിക്കുന്നു? (ഐശ്വര്യസിദ്ധികൊ് വാമനനായും ത്രിവിക്രമനായും) മഹാബലിക്കുപോലും മനോഹരനായിരിക്കുന്ന ആ ദേവന്ന് എന്നിൽ അല്പമെങ്കിലും കരുണയുെങ്കിൽ; ഇഹലോകത്തിൽ എനിക്ക് എന്തൊരു കാര്യമാണ് അസാദ്ധ്യമായിട്ടുള്ളത്? ഒന്നുമില്ലെന്ന് ഫലിതം. വൃത്തം വസന്തതിലകം.

അടുത്ത രു ശ്ലോകങ്ങൾ ചില അസാധാരണ സന്ധികൾ കാണിക്കുന്നു.

ബിഭവാനതകാമദായിതാ-
പടവിന്ദീവരപത്രലോചന
ഹരഇന്ദ്രമുഖാർച്യമാന! മേ
ഭവലക്ഷ്മ്യാ അതിനിർമ്മലാകൃതേ! 41

സന്ധികൾ: 1. വിഭോ + ആനത = വിഭവാനത 2. പടോ + ഇന്ദീവര = പടവിന്ദീവര. 3. ഹരേ + ഇന്ദ്ര = ഹരഇന്ദ്ര. 4. ലക്ഷ്മൈ്യ + അതി = ലക്ഷ്മ്യാ അതി എന്നിവ.

ആശ്രിതന്മാരുടെ അഭീഷ്ടം സാധിപ്പിക്കുന്നതിൽ സമർത്ഥനായും സർവ്വശക്തനായും നീലോല്പലദളംപോലെ നേത്രങ്ങളോടുകൂടിയും ഇന്ദ്രാദിദേവന്മാർക്ക് പൂജ്യനായും ഏറ്റവും പാവനമായ ആകൃതിയോടുകൂടിയും ഉള്ള അല്ലയോ ഭഗവാനെ! അങ്ങ് അടിയന്ന് സമ്പത്തിനായ്ക്കൊ് ഭവിക്കേണമേ!. വൃത്തം വിയോഗിനി.

ഹരീരമേതാധിമദീയമാനസം
പരീതപത്താം സ്വനിഷേവിണാം ഹരൻ
യമാരിപദ്മാസനവാസവാദി ഭീ-
രമാവിഹാരൈകനിധിർന്നിഷേവിതഃ. 42

സന്ധികൾ : ഹരി + രമേത = ഹരീരമേത ദിഭിഃ + രമാ = ദിഭീരമാ.

തന്നെ ഭജിച്ചുംകൊിരിക്കുന്നവരുടെ ദൈന്യാവസ്ഥയെ പരിഹരിക്കശീലമായുള്ളവനായും, ശിവബ്രഹ്മേന്ദ്രാദി ദേവന്മാരാൽ ആരാധിക്കപ്പെടുന്നവനായും ലക്ഷ്മീദേവിയുടെ ക്രീഡാനിലയമായുമിരിക്കുന്ന ശ്രീ ഭഗവാൻ എന്റെ മനസ്സിൽ കളിയാടട്ടെ. വൃത്തം വംശസ്ഥ.

വംശസ്ഥവൃത്തത്തിലുള്ള അനന്തരപദ്യത്തിൽ; ആകാശത്തിന്ന് പുരാണപ്രസിദ്ധമായ വിഷ്ണുപദത്വത്തെ കവി, രൂപകംകൊ് നിരൂപണം ചെയ്യുന്നു.

സുരേന്ദ്രചൂഡാമണി താരവല്ലഭാ-
സ്ഫുരത്കരാശ്ലിഷ്ട നഖാമൃതദ്യുതി.
യദേതദന്തർമ്മമ ഭാതു നിർമ്മലം
പരംപുരം വിദ്വിഷതോംഘ്രിപുഷ്കരം. 43

സുരേന്ദ്രന്മാരുടെ - ഇന്ദ്രാദിദിക്പാലന്മാരുടെ കിരീടരത്നങ്ങളാകുന്ന നക്ഷത്രങ്ങൾ; ആ നക്ഷത്രങ്ങളാകുന്ന പത്നിമാരുടെ പ്രകാശിച്ചുംകൊിരിക്കുന്ന കരങ്ങളുടെ ആലിംഗനം (ആസ്വദിക്കുന്ന) നഖമാകുന്ന ചന്ദ്രനോടുകൂടിയതും ഏറ്റവും വിശദവും ആയ മുരാരിദേവന്റെ പാദമാകുന്ന ആകാശം എന്റെ ഹൃദയത്തിൽ പ്രകാശിക്കട്ടെ. അംഘ്രിപുഷ്കരം - പദാംബുജം എന്നു ധ്വനി.

അടുത്ത രുശ്ലോകങ്ങൾ പ്രത്യേകിച്ച് 'ബുഭുത്സു' 'ഉദ്ദിധീഷു' 'രിരക്ഷിഷാ' 'വിജിഘ്രാംസാ' മുതലായ സമാസങ്ങളെ കാണിപ്പാൻ ഉദ്ദേശിച്ചുംകൊുള്ളവയായിരിക്കണം.

കിന്നോബുഭുത്സുരസി കേശവ! മദ്ദശാം ത്വം?
കിം മാം ന ദൈന്യജലധേർദ്രുതമുദ്ദിധീർഷുഃ?
കിം ദിത്സുരേവ മയി കിന്ന തവാംഘ്രിദാസ്യം?
കോ ദീനവത്സലതയാസ്തി ഭവത്സമാന? 44

അല്ലയോ ഭഗവാനെ! കേശവ! അങ്ങ് അടിയന്റെ ദൈന്യാവസ്ഥ

ബോധിപ്പാൻ ഒരുക്കമുള്ളവനല്ലെന്നോ? അങ്ങ് അടിയനെ ദുഃഖസമുദ്രത്തിൽനിന്ന് കരകയറ്റാൻ ശ്രമിക്കുന്നവനല്ലെന്നോ? അങ്ങ് അടിയന്ന് അങ്ങയുടെ ഭൃത്യഭാവം നൽകാൻ ഭാവമില്ലെന്നോ? ദീനന്മാരിൽ അനുകമ്പകൊ് അങ്ങേക്ക് സമനായി മറ്റാരാണുള്ളത്? വൃത്തം വസന്തതിലകം.

അജനി യസ്തു രിരക്ഷിഷയാ സതാം
യുദുകുലേപ്യസതാം വിജിഘ്രാംസയാ
വിപദമാശു വിധൂയ മമാധുനാ
മധുഭിദാ ക്രിയതാമവനം ചിരം. 45

'പരിത്രാണായസാധൂനാം' എന്ന ഗീതാവചനപ്രകാരം സജ്ജനങ്ങളെ രക്ഷിപ്പാനും ദുർജ്ജനങ്ങളെ ശിക്ഷിപ്പാനുമുള്ള ഉദ്ദേശത്തോടുകൂടി യദുവംശത്തിൽ അവതരിച്ച ഭഗവാൻ ശ്രീകൃഷ്ണൻ ഇപ്പോൾ എന്റെ ആപത്തിനെപോക്കി വേഗത്തിൽ ചിരകാലം രക്ഷനൽകുമാറാകട്ടെ. വൃത്തം ദ്രുതവിളംബിതം.

ജയന്നഹോ! ആനനപങ്കജസ്യ യഃ
ശ്രിയാ ശശാങ്കം വ്രജയോഷിതാം മനഃ
കടാക്ഷപീയൂഷരസൈർന്നയന്നയം
കഠോരമൂർച്ഛാം ഹരിരസ്തു വശ്ശ്രിയേ. 46

മുഖപദ്മത്തിന്റെ കാന്തികൊ് ഭഗവാൻ ചന്ദ്രനെ കീഴടക്കി; എന്നുതന്നെയല്ല; അമൃതരസംപൊഴിക്കുന്ന കടക്കൺവിലാസംകൊ് ഗോപസ്ത്രീകളുടെ മനസ്സിന്ന് അതിയായ പാരവശ്യം ഉളവാക്കുകയും ചെയ്തു. അഹോ! ആശ്ചര്യം! ഇങ്ങിനെയുള്ള ശ്രീകൃഷ്ണൻ നിങ്ങൾക്ക് സമ്പത്തരുളുമാറാകട്ടെ. (ചന്ദ്രൻ താമരപ്പൂവിനെ ജയിക്കുന്നതും, അമൃത് മൂർച്ഛയെ പരിഹരിക്കുന്നതുമാണ് സാധാരണ പതിവ്. ഇവിടെ രും വിപരീത ധർമ്മമാകയാൽ ആശ്ചര്യം). വൃത്തം വംശസ്ഥം.

അടുത്ത ശ്ലോകത്തിലും ചില സന്ധികാര്യമാണ് മുഖ്യനിർദ്ദേശം.

കൃപാലവേത്യാപി മുരാര ഏകദാ
മദീയചക്ഷുഃ പദവീമശങ്കിതഃ
അഘാന്ധകാരക്ഷപണേന്ദവാപയ-
സ്ത്രിലോകരക്ഷിന്നയി; മാം കൃതാർത്ഥതാമ 47

സന്ധികാര്യം: 1. കൃപാലോ + ഏത്യ = കൃപാലവേത്യ. 2. മുരാരേ + ഏകദാ = മുരാരഏകദാ. 3. ക്ഷപണേന്ദോ + ആപയ = ക്ഷപണേന്ദവാപയ എന്നിവ.

അല്ലയോ കരുണാശാലിയായ ഭഗവാനെ! മഹാപാപമാകുന്ന കൂരിരുളിന്ന് പൂന്തിങ്കളെ! മൂലോകനാഥ! അങ്ങ്, ശങ്കകൂടാതെ ഒരു പ്രാവശ്യമെങ്കിലും എനിക്ക് പ്രത്യക്ഷമായിട്ട് എന്നെ കൃതാർത്ഥനാക്കിച്ചെയ്യേണമേ. വൃത്തം വംശസ്ഥം.

അനന്യനാഥസ്യ മുകുന്ദ! ഹന്ത!
ദൈന്യപ്രശാന്തൗ ഭഗവന്നമുഷ്യ
കിം വാ മമോദാസിതവാനസി ത്വം?
താമേവ ഭൂയോപ്യഹമർത്ഥയേ ത്വാം. 48

ഭഗവാനെ! നിന്തിരുവടിമാത്രം ആശ്രയമായിട്ടുള്ള ഈയുള്ളവന്റെ അടിയന്റെ ദുഃഖനിവാരണത്തിൽ അങ്ങ് ഉപേക്ഷക്കാരനായിത്തീർന്നിരിക്കുന്നുവോ? കഷ്ടം! എന്നാൽ ഇനിയും പലവട്ടം അടിയൻ ആ ദുഃഖശാന്തിയെ തന്നെയാണങ്ങയോടപേക്ഷിക്കുന്നത്. വൃത്തം ഉപജാതി.

അടുത്ത പദ്യം വംശസ്ഥവൃത്തം പാദാദ്യയമകമാണ്.

ശുഭാശുഭായുർന്നിതരാം ന കിം ക്രിയാ-
ത്സമേ സമേതഃ പശുപാർഭകൈശ്വയഃ
ഘനാഘനാർത്ഥ്യാസിതരുക്സ്വസേവിനഃ
സദാ സദാരാദ്ധ്യപദോ ജനാർദ്ദനഃ. 49

മംഗളങ്ങൾക്ക് ഏറ്റവും ആസ്പദമായി, ഇടയച്ചെറുക്കരോരിടചേർന്നവനായി, മേഘങ്ങൾക്ക് പ്രബലമായി യാചിക്കത്തക്ക നീലനിറമിയന്നവനായി, സാധുക്കളാരാധിച്ചുപോരുന്ന കാലിണയോടുകൂടിയവനായിരിക്കുന്ന ആ ജനാർദ്ദനൻ; തന്റെ സേവകനായ അനിക്കഭ്യുദയം ചെയ്കയില്ലെന്നോ? തീർച്ചയായും ചെയ്യും! (എന്നു ഫലിതം).

കുരുതി വസ്സകലമംഗലമംഗലക്ഷ്മ്യാ
കുർവ്വൻ പ്രലോപിതമദാം ച തമാലമാലാം
ദർവ്വീകരേന്ദ്രശയനോ ഭഗവാൻ പ്രണത്ര
സർവ്വേഹിതാർത്ഥകരണാല്പിതകല്പശാഖീ. 50

തിരുമെയ്ശോഭകൊ് പച്ചിലമരത്തോപ്പിന്റെ പുളപ്പ് കുറക്കുന്നവനായും, ഫണിരാജതല്പത്തിൽ ശയിക്കുന്നവനായും, ഭക്തന്മാരുടെ പ്രാർത്ഥനകളെല്ലാം സാധിപ്പിക്കുന്നതിൽ കല്പകവൃക്ഷത്തെ ധിക്കരിക്കുന്നവനായുമിരിക്കുന്ന വൈകുണ്ഠൻ നിങ്ങൾക്കെല്ലാ നന്മകളും ചെയ്തരുളുമാറാകട്ടെ. വൃത്തം വസന്തതിലകം.

ഇനിയുള്ള ഇരുപത് പദ്യങ്ങൾകൊ് ശ്രീമദ്ഭാഗവതപ്രതിപാദിതങ്ങളായ മത്സ്യാദ്യവതാരങ്ങളെ യഥാക്രമം വർണ്ണിക്കുന്നു.

മത്സ്യാവതാരഃ

യത്പുച്ഛാസ്ഫാലനോല്കംപിതജലധിപയോ-
ധൗതവൈരിഞ്ചലോകം
ജാനേ ഗോവിന്ദ! വേദോദ്ധരണ! രസികതാ-
ഭാഗ്വപുസ്ത്വദ്ധൃതം നഃ

തസ്യാന്മാത്സ്യം ശുഭാപ്ത്യൈ ഖലു ദലിതഹയ-
ഗ്രീവവക്ഷഃ പ്രദേശ-
പ്രസ്രാവ്യത്രസ്രാക്ഷിതാഗ്ര സ്ഫുരദതി കഠിനോ-
ത്തുംഗസൃംഗാങ്കിതാസ്യം. 51

ഹേ ഭഗവൻ! ഗോവിന്ദ! വേദോദ്ധരണത്തിന്നായി അങ്ങ് രസികനായ മത്സ്യരൂപം അംഗീകരിച്ചതിനെ ഞാൻ ഓർക്കുകയാണ്. ഊക്കേറിയ വാലിളക്കംകൊിളകിമറിയുന്ന കടൽവെള്ളം ഓളംതള്ളി, സത്യലോകത്തെ ആറാടിക്കുമാറ് മേലോട്ടുയർത്തിയും; കുത്തിപ്പിളർക്കപ്പെട്ട ഹയഗ്രീവന്റെ മാർത്തട്ടിൽനിന്ന് കുടുകുടെച്ചാടുന്ന കടുനിണത്തിൽ കുളിച്ച്, തിളങ്ങിക്കൊിരിക്കുന്നതും കടുപ്പമേറിയതും അത്യുന്നതവുമായ കൊമ്പുകൊ് മുൻഭാഗത്തടയാളപ്പെട്ട മുഖത്തോടുകൂടിയുമിരിക്കന്ന ആ മത്സ്യരൂപം നമുക്ക് ശുഭസമ്പ്രാപ്തിക്കിടയാക്കട്ടെ. വൃത്തം സ്രഗ്ദ്ധരാ.

കൂർമ്മാവതാരഃ

മുകുന്ദ! ഭവതാധൃതം തദനുകമ്പയാ പാതു മാം
ഡജഗന്തി നിഖിലാനി യദ്വഹദജസ്രമത്യൂർജ്ജിതം
വപുഃ കില വിശിഷ്യ യത്ഭൃശ ഗഭീരദുഗ്ദ്ധോദധി-
പ്രമഗ്നപൃഥുമന്ദരോദ്ധരണ കർമ്മഠം കാമഠം. 52

അല്ലയോ ഭഗവൻ! ഭവാൻ എല്ലാലോകങ്ങളും എപ്പോഴും വഹിക്കത്തക്കവണ്ണം അത്ര മഹത്തരമായി സ്വീകരിച്ചതും വിശേഷിച്ച്, അത്യഗാധമായ പാല്ക്കടലിൽ (മഥനാവസരത്തിൽ) ആ്പോയ മന്ദരമഹാമല ഉയർത്തുവാൻ ഉദ്യമിച്ചതുമായ ആ മഹാകൂർമ്മം എന്നെ സദയം രക്ഷിക്കട്ടെ. വൃത്തം പൃഥ്വീ.

വരാഹാവതാരഃ

ഹന്താ ഹന്താതിരേകാദഭവദവനി മാ-
ദായ യോദാനവാനാം
പാതാ പാതാലലോകേ നിദധദയി! ഹിര-
ണ്യാക്ഷമപ്യാചരന്തം
സർവ്വം സർവ്വംസഹാധീശ! ദുരിതമമും
ഹന്തുമാസീത്തദന്യഃ
കോലം കോലന്തു തംന്ത്യാം മുരഹര! പിപദ-
ശ്ശാന്തയേ ചിന്തയേഹം. 53

അസുരന്മാരുടെ നേതാവായ ഹിരണ്യാക്ഷൻ, ഗർവ്വം മൂത്ത് ഊഴിയെ

ഇഴച്ച് പാതാളത്തിലാഴ്ത്തി, ഹേ ക്ഷേമാവര! ഈവിധം അനേകം ദുരന്ത ദുരിതംചെയ്യുന്ന ഇത്തരക്കാരെയമർത്തുവാൻ അങ്ങേക്കൊഴികെ മറ്റാർക്കു സാദ്ധ്യമാകും? ഹേ ഭഗവൻ! അന്ന് അവനെക്കൊല്ലുവാൻ, അങ്ങ് ധരിച്ച ആ മഹാവരാഹരൂപം ആപൽപ്രശമനത്തിന്നായി ഞാൻ ധ്യാനിച്ചുകൊ ള്ളുന്നു.

നൃസിംഹാവതാരഃ

ഭിത്വാ ബദ്ധരുഷാ ഹിരണ്യകശിപോർ-
വ്വക്ഷസ്തദന്തർഗ്ഗള-
ദ്രക്താഭ്യക്തസുതൈക്ഷ്ണ്യയുക്തനഖരോ-
ദ്രിക്താംശുദോർമ്മണ്ഡലഃ
ബിഭ്യദ്ഭിഃ പ്രണതസ്സുരൈർമ്മുരഹര!
പ്രഹ്ലാദമഹ്ലാദയൻ
ബിഭ്രദ്ഘോരനൃസിംഹമൂർത്തിരയി! നാ-
പായാദപായാദ്ഭവാൻ. 54

ഒതുക്കാൻ വയ്യാത്ത കോപാവേശത്തോടുകൂടി, ഹിരണ്യകശിപു വിന്റെ മാറിടം പിളർന്ന്, ആയതിൽനിന്നുളവായ ചെഞ്ചോരപ്രവാഹത്തിൽ മുക്കി, വർദ്ധിച്ച പ്രകാശത്തോടും കൂർത്ത് മൂർത്ത് കർക്കശമായ നഖക്കൂ ട്ടമെഴുന്ന കരശതം മണ്ഡലാകൃതിയിൽ പരത്തി; അത്യുഗ്രമായ അങ്ങയുടെ ആ നരസിംഹരൂപം; അല്ലയോ ഭഗവൻ! ഭയവിഹ്വലരായ ദേവന്മാരാൽ നമസ്കരിക്കപ്പെടുകയും പ്രഹ്ലാദനെ ആഹ്ലാദിപ്പിക്കുകയും ചെയ്തു. ഏതാ ദൃശനായ അങ്ങ്, ഞങ്ങളെ ആപത്തിൽനിന്ന് രക്ഷിക്കേണമേ. വൃത്തം ശാർദ്ദൂലവിക്രീഡിതം.

വാമനാവതാരഃ

ത്രിപദപരിമിതം ത്വം ഭൂതലം പ്രാർത്ഥ്യദൃപ്തം
ബലിമപിബലവന്തം വഞ്ചയൻ സർവ്വലോകാൻ
മുരമഥന! ഗൃഹീത്വാ പാലയൻ പാലയാസ്മാ-
ദ്രുഹിണമുഖനിഷേവ്യോ വാമനഃ പാവനോസ്മാൻ. 55

ഹേ ഭഗവൻ! അങ്ങ് അഹങ്കാരിയായ മഹാബലിയോട് മൂന്നടി നിലം ഇരന്നു, ശക്തനായിരുന്നുവെങ്കിലും അവനെ ചതിച്ച്, മൂന്നു ലോകങ്ങളും അവനിൽനിന്ന് വീടുത്ത് രക്ഷപ്പെടുത്തി ബ്രഹ്മാദിദേവന്മാർക്ക് പൂജ നീയമാണ് പരിശുദ്ധമായ ആ വാമനരൂപം ഞങ്ങളെ രക്ഷിക്കട്ടെ. വൃത്തം മാലിനി.

ഭാർഗ്ഗവാവതാരം

സക്രോധകൃത്ത കൃതവീര്യസുതാദിഭൂഭൃ-
ക്കണ്ഠാസൃഗുക്ഷിത കഠോര കുഠാരധാരീ
ദത്താവനിർദ്വിജവരേഷു ച ഭഗ്നശോകം
കൃത്വാവ മാം മധുരിപോ! ഭൃഗുനാഥരൂപീ. 56

അല്ലയോ ഭഗവാനെ! കോപത്തോടുകൂടി കാർത്തവീര്യൻ മുതലായ ക്ഷത്രിയരാജാക്കന്മാരുടെ ഗളച്ഛേദം ചെയ്ത്, രക്താഭിഷിക്തമായ കഠിന വെണ്മഴു ധരിച്ചുംകൊ് ഭാർഗ്ഗവരാമരൂപത്തിൽ ബ്രാഹ്മണശ്രേഷ്ഠർക്കായ്ക്കൊു ഭൂമി ദാനംചെയ്തു. അങ്ങിനെയുള്ള ഭഗവാൻ എന്റെ ദുഃഖം നീക്കിപ്പാലിക്കട്ടെ.

ശ്രീരാമാവതാരം

ത്രൈലോക്യപീഡനവിധായി ഗരിഷ്ഠഗർവ്വ-
പൗലസ്ത്യപാടനപടുസ്ഫുടശോഭിബാണഃ
രാമാത്മകഃ ക്ഷിതിസുതാഹൃദയൈകചോരഃ
ശ്യാമദ്യുതിശ്ച മധുസൂദന! പാലയാസ്മാൻ. 57

അല്ലയോ മധുസൂദന! മൂലോകങ്ങൾക്കും കഠിനോപദ്രവകാരിയും അതിബലവാനും അഹംഭാവിയുമായ രാവണനെ സംഹരിപ്പാൻ വിദഗ്ധനായ വില്ലാളിയായും ജാനകീദേവിയുടെ ഹൃദയം സവിശേഷം ആകർഷിക്കത്തക്ക ശ്യാമളതേജസ്വിയും ഭഗവാൻ രാമചന്ദ്രാഭിധാനനായ അങ്ങ് ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ.

ബലരാമാവതാരം

കർപ്പൂരകുന്ദസ്ഫടികാമൃതാംശു-
ദർപ്പപ്രഭേദോദ്യതശുഭ്രകാന്തിം
ഹരേ! ഹലാലംബിവിലാസിഹസ്തം
സ്മരാമി സങ്കർഷണരൂപിണം ത്വാം. 58

അല്ലയോ ഹരേ! കർപ്പൂരം, മുല്ലപ്പൂ, പളുങ്ക്, തിങ്കൾ എന്നിവയുടെ അഹങ്കാരവിച്ഛേദം വരുത്തുമാറ് ധവളശോഭയോടുകൂടി കയ്യിൽ ഹലായുധം ധരിച്ച് വിലസുന്ന ബലഭദ്രാകൃതിം കൈക്കൊ അങ്ങയെ അടിയൻ സ്മരിച്ചുകൊള്ളുന്നു. വൃത്തം ഇന്ദ്രവജ്രാ.

ശ്രീകൃഷ്ണാവതാരം

സ്നേഹം സ്വസേവിഷു ജനേഷ്വലമാകയ്യ
ദ്രോഹം ച വൈരിഷ്വനയന്തമഹോ! സമസ്താൻ

കാങ്ക്ഷിത്ഗതിം പരമസൗഖ്യമയീമിമാംസ്ഗ്വാം
ശ്രീകൃഷ്ണമേവ ജഗദീശ്വരമാശ്രയാമഃ. 59

ഹേ ഭഗവൻ! തന്റെ ഭക്തജനങ്ങളിൽ സ്നേഹം വളർത്തിയും വിരോധികളിൽ ദ്രോഹം ഏല്പിച്ചുംകൊ് ഈ ഇരുകക്ഷികളേയും മുഴുവൻ അനിർവ്വചനീയമായ നിർവ്വാണസുഖപ്രാപ്തിയാകുന്ന ഏകലക്ഷ്യത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. അഹോ ആശ്ചര്യം! ഏവംവിധനായിരിക്കുന്ന സാക്ഷാൽ ജഗദീശ്വരൻ (ശ്രീകൃഷ്ണനെത്തന്നെ ഞങ്ങൾ ശരണം പ്രാപിക്കുന്നു. വൃത്തം വസന്തതിലകം.

കല്ക്യാവതാരം

ംലേച്ഛാന്ധകാരനികരക്ഷപണാംശുഭന്തം
ഭ്രാജത്കഠോരകരവാലകരം ഭവന്തം
സർവ്വാപദാം പ്രശമനായ മുകുന്ദ നിത്യം
സംഭാവയേ മനസി കല്പിതകല്കിരൂപം. 60

അല്ലയോ ജഗദീശ്വര! മുകുന്ദ! അങ്ങ് ംലേച്ഛവർഗ്ഗമാകുന്ന കൂരിരുൾക്കൂട്ടം നശിപ്പിക്കേതിലേക്ക് ആദിത്യതേജസ്സിയായി, കല്കിരൂപത്തിൽ അവതരിച്ചു. കയ്യിൽ തിളങ്ങുന്ന ഉഗ്രമായ ഖഡ്ഗം ധരിച്ച ആ കല്കി ഭഗവാനായ ഭവാനെ സർവ്വാപത്തുകളുടേയും പരിശാന്തിക്കായ്ക്കൊ ് , ഞാൻ മനസ്സിൽ സംഭാവന ചെയ്തുകൊള്ളുന്നു. വൃത്തം വസന്തതിലകം.

ശ്രീബുദ്ധാവതാരഃ

കൃതമരാജയോപ്യമേയതേജോ-
ജിതലോകോദ്രുഹിണാദിപൂജിതോയഃ
ഭവതാപഹൃതോ നമോസ്തുനിത്യം
ഭവതേ മാധവ! ബുദ്ധരൂപഭാജേ. 61

അല്ലയോ മാധവ! (അപ്രധൃഷ്യതകൊ്) കാമനെ ജയിച്ചവനായും, അളവറ്റ തേജസ്സുകൊ് ലോകത്തെ കീഴടക്കിയവനായും, ബ്രഹ്മാദിദേവന്മാരാൽ പൂജിതനായും, സംസാരസന്താപത്തെ പരിഹരിക്കുന്നവനായുമിരിക്കുന്ന ബുദ്ധാകൃതികൈക്കൊ, അങ്ങയ്ക്കായ്ക്കൊു നിത്യവും നമസ്കാരം! വൃത്തം വന്തമാലികാ.

ശ്രീകപിലാവതാരഃ

മാത്രമുകുന്ദോപദിദേശൃസ്ത്വം
തത്ത്വം വിശുദ്ധം ഖലു ദേവഹൂത്യൈ.
ഭജാമഹേ കന്മഷകാനനൗഘ-
വൈശ്വാനരം തം കപിലാത്മകം ത്വാം. 62

ഭഗവാനെ! സർവ്വേശ്വര! ശ്രീകപിലവാസുദേവനായവതരിച്ച് അങ്ങ് സ്വമാതാവായ ദേവഹൂതിക്കായ്ക്കൊ്, പരിശുദ്ധമായ ആദ്ധ്യാത്മിക തത്ത്വം (സാംഖ്യം) ഉപദേശിച്ചു. മഹാപാതകകൊടുങ്കാട്ടിൻകൂട്ടത്തിന്നു കാട്ടുതീയ്യായ ആ കപിലമൂർത്തിയെ ഞങ്ങൾ അഭയം പ്രാപിക്കുന്നു. വൃത്തം ഉപജാതി.

ശ്രീ നരനാരായണാവതാരഃ

രൂക്ഷംസഹസ്രകവചം ദനുജം നിഗൃഹ്ണൻ
രക്ഷൻ സുരാനപി പരാനഖിലാംശ്ചസാധൂൻ
ആരാധിതോ ഹി മുനിഭിസ്സഹിതോനരേണ
നാരായണസ്ത്വമവ! ഭക്തപരായണോസ്മാൻ. 63

ഭഗവൻ! ഭക്തവത്സല! ഘോരനായ സഹസ്രകവചാസുരനെക്കൊന്ന് ദേവന്മാരെ മാത്രമല്ല, മറ്റെല്ലാ സജ്ജനങ്ങളെ രക്ഷിപ്പാനും ഭൂവി, ഋഷി മാർക്കും അഭിവന്ദ്യനായി, നരസമേതനായി, അങ്ങ് അംഗീകരിച്ച ഭക്തപ രായണനായ നാരായണമഹർഷിയുടെ അവതാരം ഞങ്ങളെ രക്ഷിക്കട്ടെ!

ശ്രീധന്വന്തര്യവതാരഃ

ഉപാത്തപീയൂഷഘടാരിശംഖ-
ജലൗഘാനിം മധുസൂദനം ത്വാം
ധന്വന്തരീം മുക്തസമസ്തതാപാം
സ്വന്വന്തമാനമ്രജനാനുപാസേ. 64

ഹേ മധുരിപോ! ആശ്രിതലോകത്തെ (രോഗാദി) സർവ്വസന്താപങ്ങളും തീർത്തനുഗ്രഹിക്കുമാറ്, നാലുതൃക്കൈകളിൽ ശംഖചക്രങ്ങളും അമൃത കുംഭവും ജലൗകവും ധരിച്ച ധന്വന്തരിയായവതരിച്ച അങ്ങയെ അടിയൻ ഉപാസിച്ചുകൊള്ളുന്നു. വൃത്തം ഉപേന്ദ്രവജ്ര.

ശ്രീദത്താത്രേയാവതാരഃ

ശാസ്ത്രാണി യം സംശ്രിതവന്തി വിഷ്ണോ!
സർവ്വാണി, സർവ്വർഷിനിഷേവിതം തം
ദത്താഭിധാത്രേയ തനും നതേഷു
ദത്താഖിലാഭീപ്സിതമാശ്രയേത്വാം. 65

ഹേ പ്രഭോ! സർവ്വശാസ്ത്രങ്ങൾക്കും ആശ്രയഭൂതനും സർവ്വമഹർഷി മാർക്കും പൂജ്യപാദനും, ആശ്രിതന്മാരുടെ സർവ്വാപേക്ഷകളും നിറവേറ്റി യവനുമായ ദത്താത്രേയനായവതരിച്ച നിന്തിരുവടിയെ അടിയൻ അഭയം പ്രാപിക്കുന്നു. വൃത്തം ഇന്ദ്രവജ്രാ.

ഋഷഭാവതാരഃ

ഋഷഭസ്തനയോ ഹി മേരുദേവ്യാ
ഋഷിഭിഃ കേശവ! മാനിതശ്ചജാതഃ
കുരുസർവ്വവിദാത്മതത്ത്വബോധം
പരമാനന്ദമയം ദയാനിധേ! മേ. 66

അല്ലയോ കരുണാകര! കേശവ! ഋഷിമാർക്ക് വന്ദ്യനായി, സർവ്വജ്ഞനായി, മേരുദേവിയുടെ പുത്രനായി ഋഷഭയോഗിയായവതരിച്ച അങ്ങ്, അടിയന്ന് പരമാനന്ദമയമായ ആദ്ധ്യാത്മികതത്ത്വജ്ഞാനം ഉളവാക്കിത്തരേണമേ. വൃത്തം വസന്തതിലകം.

ശ്രീപൃഥ്വവതാരഃ

ദ്രവ്യാണ്യദൂദുഹനേകവിധാനിവേന-
പീഡാതിരേക കബലീകൃതസമ്പദം യഃ
ധാത്രീം സ്വഗോത്രപതിവത്സയുതൈസ്സുരാദ്യൈ-
സ്സ്തുത്യം പൃഥുദ്ദിശവിഭോ! പൃഥുമംഗലം നഃ. 67

ഹേ സ്വാമിൻ! ദുശ്ശീലനായ വേനചക്രവർത്തിയുടെ സ്വേച്ഛാധിപത്യപരമായ മർദ്ദനം നിമിത്തം വലഞ്ഞ ഭൂമി, സമ്പത്തുകളെല്ലാം വിഴുങ്ങിക്കളഞ്ഞു. ആ രത്നൗഷധിസമ്പത്തുകളെ, ഹിമവൽപർവ്വതത്തെ കന്നുകുട്ടിയാക്കി, ദേവന്മാരോടുകൂടി കറന്നെടുത്ത്, മുൻനിലക്ക് വരുത്തിയ, പൃഥുചക്രവർത്തിയായ അങ്ങ്, അടിയങ്ങൾക്ക് ഭൂരിമംഗളം തന്നരുളേണമേ. വൃത്തം വസന്തതിലകം.

ഹംസാവതാരഃ

സംസാരനാമ്നസ്തമസഃ പ്രമാർജ്ജനേ
ഹംസായമാനം നിഖിലസ്യചാത്മനഃ
തത്ത്വം തുരീയസ്യ ബഭാണ യഃ പരം
സത്ത്വം പ്രസീദാച്യുത! ഹംസരൂപധൃക്. 68

അല്ലയോ അച്യുത! ജനനമരണരൂപത്തിലുള്ള അന്ധകാരം നീക്കുവാൻ ആദിത്യതുല്ല്യനായി, സർവ്വാന്തര്യാമിയായ ആത്മാവിന്റെ തുരീയാവസ്ഥയിലുള്ള ശ്രേഷ്ഠതത്ത്വം പ്രഖ്യാപനം ചെയ്ത് ഹംസരൂപധാരിയായ അങ്ങ്, അടിയങ്ങളിൽ പ്രസാദിച്ചരുളേണമേ! വൃത്തം വംശസ്ഥം.

ശ്രീഗരുഡാവതാരഃ

യോ ദാരുണാഹി കുലദാരണചുഞ്ചുപഞ്ചു-
ജ്ജ്യോതിർവ്വിതാനവിജിതാർക്കസഹസ്രമൂർത്തിഃ

ജാതഃപതിശ്ചപതതാം കില വൈനതേയ-
സ്തസ്മൈനമോസ്തു ഭവതേ ഭഗവന്മുരാരേ. 69

ഹേ ഭഗവാൻ! മുരമർദ്ദന! ഭയങ്കരമായ ഫണിവർഗ്ഗത്തെ കൊത്തിപ്പറിച്ചു ചീന്തിക്കളകത്തക്ക ഉഗ്രമായ കൊക്കും, ആയിരം ആദിത്യമണ്ഡലത്തെ ജയിക്കുവാൻതക്ക തേജഃപടലം പ്രസരിപ്പിക്കുന്ന വിഗ്രഹവും പൂണ്ട പക്ഷിരാജനായവതരിച്ച നിന്തിരുവടിയുടെ ഗാരുഡമൂർത്തിക്കായ്ക്കൊണ്ട് നമസ്സ് ഭവിക്കട്ടെ. വൃത്തം വസന്തതിലകം.

ശിംശുമാരാവതാരഃ

പ്രതിസന്ധ്യമുപാസ്യമാനമന്ത-
ർമ്മുനിഭിസ്ത്വാം ധൃതശിംശുമാരരൂപം.
മധുസൂദന! ചിന്തയാമിസർവ്വ-
ഗ്രഹതാരാവയവൗധമാസ്യമാനം. 70

അല്ലയോ മധുസൂദന! എല്ലാ ഗ്രഹനക്ഷത്രങ്ങളുടേയും അവയവക്കൂട്ടത്തെ പ്രകാശിപ്പിച്ചുകൊിരിക്കുന്നതും മുനിമാർ സന്ധ്യതോറും ഉപാസിച്ചുവരുന്നതുമായ അങ്ങയുടെ ശിംശുമാരരൂപത്തെ ഞാൻ മനസ്സിൽ ധ്യാനിച്ചുകൊള്ളുന്നു. വൃത്തം വസന്തമാലികാ.

ഉപേന്ദ്രവജ്രാ വൃത്തത്തിലുള്ള അനന്തരപദ്യത്തിൽ, നാലാംപാദം കൊ് ധാരണാർത്ഥത്തിൽ സുധാങ് ധാതുവിന്റെ വർത്തമാന പ്രഥമ പുരുഷൻ മൂന്നു വചനങ്ങളും യഥാക്രമം കാണിക്കുന്നു.

വിധുശ്രിയം മേ തനുതാം സ, വക്ത്രം
വിധുശ്രിയം പദ്മരുചിം ച പാദൗ
ഹസ്താഃ പരം കല്പക പല്ലവാഭ്യാം
ധത്തേ, ദധാതേ, ദധതേ ച യസ്യ. 71

യാതൊരു ദേവന്റെ തിരുമുഖം ചന്ദ്രന്റെ ശോഭയെ ധരിക്കുന്നു? തൃക്കാലിണ ചെന്താമരയുടെ കന്തിയെ ധരിക്കുന്നു? തൃക്കൈകൾ നാലും (ദാനസാമർത്ഥ്യംകൊ്) കല്പകച്ചെന്തരിളിന്റെ ശ്രീയെ ധരിക്കുന്നു? ആ വിധു- ഭഗവാൻ എനിക്ക് സമ്പത്തരുളട്ടെ.

ലളിതപദവൃത്തത്തിലുള്ള വരുന്ന ശ്ലോകത്തിൽ (നാലുപാദങ്ങളിലും) പാദാന്തയമകപ്രാസം കാണിക്കുന്നു.

വിവിധഗുണാഢ്യ വിരാജവിരാജ-
ദ്വപുരിഹശൂരതനൂജതനൂജഃ
ഹൃദിമമകേകികലാപകലാപ-
ജ്വലിതകചോലമുദേതു മുദേതു. 72

നാനാസൽഗുണങ്ങൾക്കിരിപ്പിടമായ ഗരുഡങ്കൽ ഇരുന്ന് ശോഭിക്കു

ന്നവനായി, വാർകുന്തളത്തിൽ മയിൽപീലി ആഭരണമാക്കിയവനായിരിക്കുന്ന ഭഗവാൻ ശ്രീവാസുദേവൻ എന്റെ മനസ്സിൽ ആനന്ദത്തിനായ്ക്കൊടുദിക്കട്ടെ.

അടുത്ത മൂന്നു പദ്യങ്ങളും മേൽപ്രകാരം പാദാന്തയമകങ്ങളാണ്.

മരതകജയികുങ്നികായകായഃ
കരധൃതവിസ്ഫുരദംശുചക്രചക്രഃ
വിമലമകുടദുനഭാനുഭാനുർ-
മ്മമഹൃദി ഭാതു ച ശൂരസൂനുസൂനുഃ. 73

തിരുമെയ്യിൽ മരതകപ്പച്ചയെ വെല്ലുമാറുള്ള കാന്തിപടലത്തോടുകൂടിയവനും തൃക്കയ്യിൽ ജ്വലിക്കുന്ന പ്രഭാപൂരം പ്രസരിക്കുന്ന ചക്രത്തോടുകൂടിയവനും സൂര്യപ്രകാശം മങ്ങിക്കുന്ന നിർമ്മലമായ കിരീടത്തോടുകൂടിയവനുമായ ദേവൻ, ശ്രീവാസുദേവൻ എന്റെ അന്തരംഗത്തിൽ വിളങ്ങുമാറാകട്ടെ. വൃത്തം പുഷ്പിതാഗ്ര.

സുതോ ഹി നന്ദസ്യ തമാലമാലാ-
മദാപഹശ്യാമള ധാമധാമ-
ഉര സ്ഥ ലീ ഖേ ല ദു ദാ ര ദാ ര-
ശ്ചകാസ്തു ചിത്തേ മമ ദേവദേവഃ. 74

പച്ചിലമരനിരയുടെ അഹംഭാവം പോക്കുമാറുള്ള നീലനിറത്തിന് വിളനിലമായും, മാറിടത്തിൽ ഉൽകൃഷ്ടമായ ധർമ്മപത്നി (ശ്രീദേവി)യുടെ വിലാസത്തിന്നരങ്ങായുമുള്ള ദേവദേവൻ നന്ദനന്ദനൻ എന്റെ ഉള്ളിൽ പ്രകാശിക്കട്ടെ. വൃത്തം ഉപേന്ദ്രവജ്ര.

കസ്തൂരീതിലകാങ്കിതാമലരുഗു-
ദ്രേകാലികാ കാലികാ-
മുഗ്ദ്ധശ്രീർദ്ദധുഷീ ഗതാചവിഹഗേ-
ന്ദ്രാരൂഢതാം, രൂഢതാം.
മൂർത്തിർയ്യസ്യപരം സുതപ്തകനക-
ഭ്രാഡംബരാഡംബരാ
ച്ഛേത്രീ ദുഷ്ടധിയാം മമാസ്തു സമുദേ-
ത്യാനന്ദഭൂർന്നന്ദഭൂഃ. 75

കസ്തൂരിക്കൂട്ടമണിഞ്ഞ നിർമ്മലമായ ശോഭയേറിയ നെറ്റിത്തടത്തോടു കൂടിയതായും മേഘപടലംപോലെ മനോഹരശ്രീ ധരിച്ചിട്ടുള്ളതായും ഗരുഡാരൂഢനായും സുപ്രസിദ്ധമായും ഉരുകിയ തങ്കംപോലെ തിളങ്ങുന്ന മഞ്ഞച്ചേല കൊലങ്കരിച്ചതായും ദുർജ്ജനങ്ങൾക്ക് നാശം വരുത്തുന്നതായും ആനന്ദത്തിന്നാധാരമായുള്ള ആ നന്ദാത്മജന്റെ തിരുമേനി എനിക്ക് ആഹ്ലാദത്തിന്നായി ഭവിക്കട്ടെ. വൃത്തം ശാർദ്ദൂലവിക്രീഡിതം.

സ്രഗ്ദ്ധരാ വൃത്തത്തിലുള്ള അടുത്തശ്ലോകം പാദാദ്യന്തയമകം കാണിക്കുന്നു.

രൂപം രൂപം ദധാനം ദധദജമുദവ-
ന്നീരദാള്യാരദാള്യാ
മുക്താമുക്താവശേഷാത് ഭജത നതജനാൻ
സഞ്ജയന്തം ജയന്തം
നന്ദാനന്ദാതിരേകം വഹദമിതഗുണൈ-
രാവഹന്തം വഹന്തം
മാലാമാലാപിഭൃംഗാം കിസലയകുസുമാ-
നാഞ്ചവത്സംചവത്സം. 76

നീർനിറഞ്ഞ കരിങ്കാർനിരക്കൊത്ത ലാവണ്യമേറിയ മെയ്യോടുകൂടിയവനും മുത്ത് രത്നങ്ങളെ നിന്ദിക്കുന്ന ദന്തനിരയോടു കൂടിയവനും, ഭക്തജനങ്ങളെയെല്ലാം മുക്തിമാർഗ്ഗത്തോടു സംഗിപ്പിക്കുന്നവനും അളവറ്റ സൽഗുണങ്ങളെക്കൊ് നന്ദന്ന് ആനന്ദാതിശയം ഉളവാക്കുന്നവനും മാറിൽ ശ്രീവത്സമറുവും വരിവിരമ്പുന്ന വനമാലയും ധരിച്ചിട്ടുള്ളവനുമായ അജനെ -ഭഗവാനെ നിങ്ങൾ ഭജിച്ചുകൊള്ളുവിൻ.

അടുത്ത രുശ്ലോകങ്ങൾ പൃഥ്വീവൃത്തത്തിൽ പാദാന്തയമകങ്ങൾ.

മുഖേനകൃതവാംശ്രയസ്സുമഹസാരസംസാരസം
പരംചയദുരസ്ഥലീ സുമണിരാജിതാരാജിതാ
ക്രിയേത മമ മംഗളം നമദുമാധവോ മാധവോ
യ ഏഷ ഭുവനാവനേപ്രദധദക്ഷതാം ദക്ഷതാം. 77

തേജസ്സേറിയ മുഖംകൊ് താമരപ്പൂവിന്ന് രസക്ഷയം ഉളവാക്കിയും താരകൾ പോലിരിക്കുന്ന രത്നസമൂഹത്താൽ സ്വായത്തീകരിക്കപ്പെട്ട മാറിടത്തോടുകൂടിയും ശ്രീപരമേശ്വരന്നും വന്ദ്യനായും ലോകരക്ഷണത്തിൽ അക്ഷീണമായ ദാക്ഷിണ്യത്തോടുകൂടിയവനായുമിരിക്കുന്ന ശ്രീ മാധവൻ എനിക്ക് ക്ഷേമം ചെയ്തരുളട്ടെ.

ഹരിർഭവതുമാനസേ മമ വിബാരബാൻ ഹാരവാ-
നുരോഭുവി മുഖശ്രിയാവിജിതപദ്മയാപദ്മയാ
നയൻ പ്രമദസാഗരേ സ്വനതിമജ്ജനാന്മജ്ജനാ-
ന്യയംപ്രദധിവാംസ്തടിത്പ്രവികചാംശുകം ചാംശുകം. 78

. മാറിൽ മുത്തുമാലകളോടും സൗഭാഗ്യവതിയായ ഭാർഗ്ഗവീഭഗവതിയുടെ വിളയാട്ടത്തോടും കൂടിയവനായി, തന്റെ ഭക്തജനങ്ങളെ ആനന്ദസമുദ്രത്തിൽ ആറാടിക്കുന്നവനായി മിന്നൽപ്രകാശം പ്രസരിപ്പിക്കുന്ന പട്ടാംബരം ധരിച്ചവനായിരിക്കുന്ന ഹരി; എന്റെ മനസ്സിൽ കുടികൊള്ളട്ടെ.

വസന്തതിലകംവൃത്തത്തിൽ വരുന്ന പദ്യം പാദമദ്ധ്യയമകം.

ശ്രീപൂർത്ത താം വിദധുഷീന താനാം
ശ്രീഹീണ ഹാടക പടാർഭ കതാം
യാതാസ്യദൂനവിധുതാം വിധുതാം ക്രിയാദ്യോ
യാ ദേവതാവ്യസനിതാം സനിതാന്തതേജാഃ. 79

ആശ്രിതന്മാർക്ക് സമ്പത്സമൃദ്ധിയെ സംഘടിപ്പിക്കുന്നവനായും ശോഭകൊ് തങ്കത്തെ ലജ്ജിപ്പിക്കുന്നവസ്ത്രം ധരിച്ചവനായും, കപടബാലഭാവം ധരിച്ചവനായും മുഖംകൊ് ചന്ദ്രനെ വിഷമിപ്പിക്കുന്നവനായും ഏറ്റവും തേജസ്വിയായുമുള്ള ദേവൻ നിങ്ങൾക്ക് ദുഃഖശാന്തിയരുളട്ടെ.

അടുത്ത പദ്യം ഉപേന്ദ്രവജ്രാവൃത്തത്തിൽ പാദാന്തയമകഭേദം.

സുധാപൃഷജ്ജിദ്വിജരാജമാന-
മുഖാവനുന്നദ്വിജരാജമാനഃ.
സുഖായമേസ്താദ്വിജരാജസേവ്യ-
പദാരവിന്ദോദ്വിജരാജകേതുഃ. 80

അമൃതബിന്ദുക്കളെവെല്ലുന്ന പല്ലുകളാൽ ശോഭായമാനമായ മുഖംകൊ് ചന്ദ്രന്റെ അഭിമാനംപോക്കുന്നവനും, മഹർഷിമാർക്ക് ആരാദ്ധ്യമായ കാൽത്താരോടു കൂടിയവനും ആയ ഭഗവാൻ ശ്രീഗരുഡദ്ധ്വജൻ എനിക്ക് സുഖസമ്പൂർത്തിക്കായ്ക്കൊ് ഭവിക്കട്ടെ.

ശാർദ്ദൂലവിക്രീഡിതം വൃത്തത്തിലുള്ള അനന്തരപദ്യത്തിൽ; ശ്രീഭഗവാനെ അർജ്ജുനന്റെ പരമവിരോധിനിലയിൽനിന്ന് ക്രമത്തിൽ ക്രമത്തിൽ; അനുകൂലനാക്കി ഒടുവിൽ അർജ്ജുനമയനാക്കി വർണ്ണിക്കുന്നു.

പ്രാപ്തോ ഭാർഗ്ഗവതാം പുരാർജ്ജുനരിപുർ-
ത്ഥ്യാ ഭൂദർത്ഥോ നന്ദഭൂർ-
ന്നിർഭിദ്യാർജ്ജുനതാം കുബേരസുതയോഃ
ക്ഷേമം നികാമം സൃജൻ.
യോ യാതോർജ്ജുനമിത്രതാമഥ ജഗത്
കീർത്തിശ്രിയാ യോ നയൻ
സർവ്വം ചാർജ്ജുനതാം സുചിത്രചരിതോ
ദേവോവതാദ്യശ്ചിരം. 81

പ് ശ്രീഭഗവാൻ ഭാർഗ്ഗവാവതാരത്തിൽ അർജ്ജുന(കാർത്തവീര്യ)നെ ഹിംസിച്ച പരമശത്രുവായിരുന്നു. അനന്തരം ശ്രീകൃഷ്ണാവതാരത്തിൽ കുബേരപുത്ര(നളകൂബരമണിഗ്രീവ)ന്മാരുടെ അർജ്ജുനഭാവം (മരുത്മരസ്ഥിതി) മാറ്റി, അവരെ നല്ല നിലക്കെത്തിച്ചു. അത്രമാത്രമല്ല, ക്രമേണ അർജ്ജുന(പാർത്ഥ)ന്റെ ഉറ്റ ചങ്ങാതിയായിത്തീർന്നു, എന്നുതന്നെയല്ല - ക്രമത്തിൽ വിശദയശസ്സുകൊ് സർവ്വലോകത്തേയും അർജ്ജുനമയമാ

ക്കിത്തീർക്കുകയും ചെയ്തു. വെളുപ്പിച്ചു എന്നു താല്പര്യം. ഇത്തരം വിചിത്രചരിത്രത്തോടുകൂടിയ ദേവൻ ശ്രീകൃഷ്ണൻ നിങ്ങളെ പാലിക്കട്ടെ.

അടുത്തശ്ലോകം വിയോഗിനിവൃത്തം പാദാദ്യയമകഭേദം.

ദയയാലമലംകൃതം കൃതോ-
ദയയാ ഭക്തജനേഷു ദൈവതം
വിജയം യുധി വൈരിണാം നയ-
ദ്വിജയം യത്തദു പാസ്മഹേവയം 82

ഭക്തജനങ്ങളിൽ അഭ്യുദയം വരുത്തുമാറ് ദയയെ ഭൂഷണമാക്കീട്ടുള്ളവനും യുദ്ധത്തിൽ ശത്രുക്കളെ കീഴടക്കി അർജ്ജുനന്ന് വിജയം കൈവരുത്തുന്നവനുമായ ദേവനെ ഞങ്ങൾ ഉപാസിച്ചുകൊള്ളുന്നു.

അടുത്തപദ്യം സ്രഗ്ദ്ധരാവൃത്തം വൈദർഭീരീതിയിൽ അനുപ്രാസം.

അവ്യാദ്ദിബ്യാവതാരൈരഖിലഭുവനപ-
ങ്കാവലീഖസ്മരോസ്മാൻ
വിദ്യച്ചിത്താബ്ജഭാനുർവ്വികസിതകരുണാ-
ഭാണ്ഡഭാവേനവർണ്ണ്യഃ.
ദേവശ്ശ്രീവാസുദേവോ ദ്രുഹിണമുഖമഖാ-
ദോകലോടീരകോടി-
പ്രത്യുപ്തോദ്ദീപ്തരത്നപ്രകരകരപരി-
ഷ്വക്തപാദാരവിന്ദഃ. 83

മത്സ്യാദിദിവ്യാവതാരദ്വാരാ സർവ്വലോകങ്ങളുടേയും പാപസഞ്ചയത്തെ വിഴുങ്ങുന്നവനായി, സജ്ജനത്തിന്റെ മനസ്സാകുന്ന പദ്മത്തിന്നാദിത്യനായി, വർണ്ണിക്കത്തക്ക അനുകമ്പക്കിരിപ്പിടമായി, ബ്രഹ്മാദിദേവസംഘത്തിന്റെ കിരീടങ്ങളിൽ സംഘടിപ്പിച്ചിരിക്കുന്ന രത്നങ്ങളുടെ പ്രഭാപടലം പുണരുന്ന കാൽത്താരിണയോടു കൂടിയവനായിരിക്കുന്ന ദേവൻ, ശ്രീവാസുദേവൻ നമ്മെ രക്ഷിക്കട്ടെ.

അടുത്ത പദ്യം സ്രഗ്ദ്ധരാവൃത്തം ചില അപൂർവ്വസന്ധികളേയും അനുപ്രാസത്തേയും കുറിക്കുന്നു.

വ്യൂഢത്രിഡ്ഢാരവാരോവദനജിതപയോ-
രുഡ്ഢിമാംശുഃ ഷഡംഘ്രി-
വ്രാതശ്രീമുഡ്ഢിമൂർത്ത്യാമലമണിമകുട-
ഭ്രാഡ്ഢരിർദ്ദാർഢ്യഭാജഃ
തുഷ്ടീഃ കുർവ്വന്നതാനാംസ്ഫുരതു ഹൃദിദധ-
ദ്രത്നരുഡ്ഢേമകാഞ്ചി-

ഭ്രാജം ഭാസാജയന്തം സരസിജദലദൃ-
ഗ്ഘാടകം ഗടകം നഃ. 84

സന്ധികാര്യം: തദ്രിഡ് + ഹാര = തദ്രിഡ്ഢാര. രുട്ട + ഹിമാംശു = രുഡ്ഢിമാംശു. മുട്ട് + ഹി = മുഡ്ഢി. ഭ്രാൾ + ഹരി = ഭ്രാഡ്ഢരി. രുട്ട് + ഹേമ = രുഡ്ഢേമ. ദൃക് + ഹാടകം = ദൃഗ്ഘാടകം.

മുത്തുമാലകൾകൊ് പരിലസിക്കുന്നവനായി, മുഖകാന്തികൊ് പദ്മത്തേയും ചന്ദ്രനേയും ജയിച്ചവനായി, വരിവിണയെക്കവർന്ന മെയ്യൊളിവാർന്നവനായി, നിർമ്മലരത്നമകുടി ചൂടിയവനായി, ആശ്രിതന്മാർക്ക് പരമാനന്ദപ്രദനായി, പൊന്നരഞ്ഞാൺകൊും പൊൻനിറച്ചേലകൊും പരിശോഭിക്കുന്നവനായിരിക്കുന്ന ഹരി നമ്മുടെ ഹൃദയത്തിൽ വിളങ്ങട്ടെ.

അടുത്ത ആറുശ്ലോകങ്ങൾ വംശസ്ഥവൃത്തം പാദാന്തപ്രാസഭേദം.

അലോകസാമാന്യഗുണൗഘശാലിനേ
ത്രിലോകസന്താപഹരത്വശീലിനേ
രമാസ്യരൂപാംബുരുഹാംശുമാലിനേ
നമോസ്തുദേവായ ച വന്യമാലിനേ. 85

ലോകാതിശായികളായ ഗുണങ്ങളോടുകൂടിയവനും മൂലോകങ്ങൾക്കും ദുഃഖനിവൃത്തി ചെയ്യുന്നവനും ശ്രീദേവിയുടെ മുഖപദ്മത്തിന്നാദിത്യനായിട്ടുള്ളവനും വനമാല ധരിച്ചിട്ടുള്ളവനുമായ ദേവനായ്ക്കൊ് നമസ്കാരം.

സമുദ്രജാ ചാർവ്വുധരപ്രവായിനേ
നമോസ്തുദർവ്വീകരരാജശായിനേ
പ്രണമ്രനിശ്ലേഷഹിതാർത്ഥദായിനേ
പുരന്ദരാരാതിവിതത്യപായിനേ. 86

ലക്ഷ്മീദേവിയുടെ സുന്ദരാധരത്തിൽ ആസക്തനായിട്ടുള്ളവനും നാഗരാജശയനത്തിൽ ശയിക്ക ശീലമായിട്ടുള്ളവനും സേവകന്മാർക്ക് സർവ്വാഭീഷ്ടങ്ങൾ സാധിപ്പിക്കുന്നവനും അസുരവർഗ്ഗത്തെ നശിപ്പിക്കുന്നവനുമായ ദേവനായ്ക്കൊു നമസ്കാരം.

പ്രണാമിസർവ്വസ്പൃഹിതാർത്ഥദോഹനം
പ്രണൗമിദേവം വിഹഗേന്ദ്രവാഹനം
പയോധിപുത്ര്യാവിഹിതോപഗൂഹനം
പയോധിവേശ്മസ്ഥമശേഷമോഹനം. 87

ഭക്തന്മാരർത്ഥിക്കുന്ന സർവ്വാർത്ഥങ്ങളും സമർത്ഥിക്കുന്നവനും പക്ഷീന്ദ്ര (ഗരുഡ)നെ വാഹനമാക്കീട്ടുള്ളവനും ലക്ഷ്മീദേവിയുടെ ദിവ്യാലിംഗനസുഖം അനുഭവിക്കുന്നവനും പാൽക്കടലിൽ വാസം ഉറപ്പിച്ചിട്ടുള്ളവനും സർവ്വരേയും മോഹിപ്പിക്കുന്നവനുമായ ദേവനെ ഞാൻ വന്ദിക്കുന്നു.

സ്മരാമിശൃംഗാരരസൈകഭാജനം
സരോജജന്മാദികൃതപ്രപൂജനം
അനേകരാഗാഞ്ചിതവേണുകൂജനം
ജനാർദ്ദനം മോഹിതഗോപികാജനം. 88

ശൃംഗാരരസംനിറഞ്ഞ പ്രധാനപാത്രമായും, പിതാമഹാദി ദേവന്മാർക്കുപോലും പൂജനീയനായും വിവിധരാഗങ്ങളിൽ മനോഹരമാംവണ്ണം ഓടക്കുഴലൂതുന്നവനായും ഗോപസ്ത്രീജനത്തെ വ്യാമോഹിപ്പിക്കുന്നവനുമായ ശ്രീ ജനാർദ്ദനനെ ഞാൻ നമസ്കരിച്ചുകൊള്ളുന്നു.

നമാമി രാധാഹൃദയാപഹാരിണം
രമാപതിം ഭക്തജനേഷ്ടകാരിണം
കളിന്ദജായാഃ പുലിനേവിഹാരിണം
കലായമാലാസിതകാന്തിധാരിണം. 89

രാധാദേവിയുടെ ഹൃദയം അപഹരിക്കുന്നവനും ഭക്തജനങ്ങൾക്കനുകൂലനും യമുനാതീരത്തിൽ കളിച്ചുംകൊിരിക്കുന്നവനും കായാമ്പൂക്കൂട്ടംപോലെ ശ്യാമളനിറം കലർന്നവനുമായ ശ്രീപതിയെ ഞാൻ നമിക്കുന്നു.

ക്രിയേനതിം നന്ദഗൃഹേ നിഷേദുഷേ
ദയാം പരാം നമ്രജനേഷു ചക്രുഷേ
ദരിരേഫജാലാർത്ഥ്യതമാംഗരോചിഷേ
സുരേന്ദ്രസേവ്യായ ച കൈടഭദ്വിഷേ. 90

നന്ദാലയത്തിൽ വസിക്കുന്നവനും ഭക്തന്മാരിൽ പരമകാരുണികനും വിൻകൂട്ടത്തിന്നഭിലഷണീയമായ ദേഹകാന്തിയോടു കൂടിയവനും ദേവേന്ദ്രനാൽ സേവിക്കപ്പെടുന്നവനുമായ കൈടഭാരിയെ ഞാൻ വന്ദിക്കുന്നു.

അടുത്തശ്ലോകം സ്രഗ്ദ്ധരാവൃത്തം അനുപ്രാസപ്രധാനം.

കാളിന്ദീന്ദീവരേന്ദിന്ദിരനികരനികാ-
മാവലേപപ്രലോപ-
സ്ഫീതപ്രാവിണ്യമുഗ്ദ്ധച്ഛവിപടലപരി-
ഷ്വക്തദിക്ചക്രവാളം
രൂപം സ്മേരാമൃതാനന്ദിതപശുപജനീ-
മണ്ഡലം ചേദമീയം
ധ്യായാമോ ദൈവതേനാമിതമഹിമവതാ
യേന ഘ്ലോഷ്ഠോപ്യഭൂഷി. 91

ദിങ്മണ്ഡലങ്ങളിൽ പ്രസരിക്കുന്ന മനോഹരകാന്തികൊ് കാളിന്ദീജലത്തിന്നും കരിങ്കൂവളത്തിന്നും വിൻസമൂഹത്തിന്നും നിറത്തെക്കുറിച്ചുള്ള വമ്പിച്ച അഹങ്കാരം പോക്കുവാൻ സമർത്ഥമായും അമൃത് പൊഴി

ക്കുന്ന പുഞ്ചിരികൊ് ഗോപിമാരെ ആനന്ദിപ്പിക്കുന്നതായുമുള്ള രൂപം കൈക്കൊ് ഗോകുലത്തിന്നുപോലും അലങ്കാരമായ അപരിമിതമായ മാഹാത്മ്യത്തോടുകൂടിയ ദേവനെ ശ്രീകൃഷ്ണനെ ഞങ്ങൾ ധ്യാനിക്കുന്നു.

അടുത്ത ശ്ലോകത്തിൽ ശ്ലേഷരൂപത്തിൽ ഭൂഗോളഗണിതക്രിയകൾ അടങ്ങിയിരിക്കുന്നു.

സർവ്വൈർയ്യോഗംഗതം വത്സതതമപിവിയോ-
ഗഞ്ചയാതം വിശേഷാത്
സദ്വർഗ്ഗാ ശ്രീയമാണം നിഖിലനിഗമവ-
ർഗ്ഗൈകമൂലം നവേന
മാന്യശ്രീകം ഘനേനാരുണിമഘനപദം
യത്തുനാനാഗുണാഢ്യം
യത്സർവ്വൈനോഹരൻ്ർ ചിരമവതുജഗ-
ന്മാനകൃദ്ദൈവതം നഃ. 92

'മയാതതമിദം സർവ്വം ജഗദവ്യക്തമൂർത്തിനാ.
മത്സ്ഥാനിസർവ്വഭൂതാനിനചാഹംതേഷ്വവസ്ഥിതഃ'
(ഭ. ഗീ. അ. 9. ശ്ലോ. 4.)

മേൽപ്പറഞ്ഞ ഗീതാവചനപ്രകാരം അഖിലബ്രഹ്മാണ്ഡത്തോടും സംയോഗവും അപ്രകാരം വിയോഗവും പ്രാപിച്ചിട്ടുള്ളതായും; വിശേഷിച്ച് സജ്ജനങ്ങൾക്കാധാരഭൂതമായും, സർവ്വശാസ്ത്രതത്ത്വസമൂഹത്തിന്നും നാരായവേരായും പുത്തൻ കാളമേഘം കുമ്പിടുന്ന ശരീരശ്രീയോടുകൂടിയതായും ചുവന്ന ചേവടികളോടുകൂടിയതായും അനേകസൽഗുണസമ്പന്നമായും സർവ്വമഹാപാതകങ്ങളേയും പരിഹരിക്കുന്നതായും, ലോകനിയന്താവായുമിരിക്കുന്ന ദൈവതം ശ്രീകൃഷ്ണൻ നമ്മെ എന്നെന്നും രക്ഷിക്കുമാറാകട്ടെ.

ശ്ലേഷരൂപത്തിൽ മേഷാദിദ്വാദശരാശികൾ അന്തർഭവിച്ചിട്ടുള്ള പദ്യം (സ്രഗ്ദ്ധരാവൃത്തം) ആണ് അടുത്തത്.

യദ്വക്ത്രം 'ചന്ദ്രഭം' യോധൃത 'മകര'മണീ-
കുണ്ഡലോ യോതി 'ഗോ' മാം
ശാർങ്ഗം 'ചാപം' ദധദ്യോമിളദളിവനമാ-
ലോ 'ജ' 'ഹർയ്യാ'ശ്രിതോയഃ
യോദേവോഗംശ്രിയാപ്തോ 'ത്വഷ'ദ്ദ'ഗലി' തുലാം
രാധികോരോജ 'കുംഭാ'-
'ശ്ലേഷീ' യസ്സ്യാന്മുദേ വോ 'ബുധശരണപദ'-
സ്സോഖിലക്ഷേമ 'രാശിഃ'. 93

മുഖകാന്തികൊ് അമ്പിളിയെ കൊമ്പുകുത്തിക്കുന്നതായും, മകര കുണ്ഡലം ധരിച്ചിട്ടുള്ളതായും വാക്കിന്നും മനസ്സിന്നും അതീതമായിട്ടുള്ള തായും രമാദേവിയേയും ശാർങ്ഗചാപത്തേയും ധരിച്ചിട്ടുള്ളതായും വി രമ്പുന്ന വനമാലയോടു കൂടിയതായും ബ്രഹ്മേന്ദ്രന്മാർക്കഭയസ്ഥാനമായും മീനനേത്രങ്ങളോടു കൂടിയതായും വരിവൊളിനിറത്തോടുകൂടിയതായും, രാധാദേവിയുടെ കുചകുംഭങ്ങളെ പുൽകുന്നതായും വിദ്വാന്മാർക്കാശ്രയ മായ കാലിണയോടു കൂടിയതായും സർവ്വത്തിന്നും ക്ഷേമപ്രദവുമായ ദൈവതം നിങ്ങൾക്കാനന്ദത്തിന്നായിക്കൊ് ഭവിക്ക്ടെ. രാശികൾ 12: 1. ചന്ദ്രഭം = കർക്കിടകം 2. മകരം 3. ഗോ = ഇടവം 4. ചാപം = ധനു 5. അജം = മേടം 6. ഹരി = ചിങ്ങം 7. ഝഷം = മീനം 8. അളി = വൃശ്ചികം 9. തുലാം 10. കുംഭം 11. ആശ്ലേഷി = മിഥുനം 12. ബുധശരണപദം = കന്നി.

ശാർദ്ദൂലവിക്രീഡിതം വൃത്തത്തിലുള്ള അടുത്ത ശ്ലോകത്തിൽ ശ്ലേഷ രൂപത്തിൽ പൃഥ്വി മുതലായ അനേകവൃത്തസംജ്ഞകൾ സംഗ്രഹിച്ചിരിക്കുന്നു.

യഃ 'പൃഥ്വീം' രമയൻ 'ശ്രീ'യം ച 'ലളിതാം'
'ചന്ദ്രാനനാം' 'സ്വാഗതാം'
കുർവ്വാണാഞ്ചമതീം തഥൈവ ഗളഭൂർ-
ത്ഥ്യസ്യാ 'മല' 'സ്രഗ്ദ്ധരാ'
ന സ്തന്വൻ നതലോകമന്യു 'ഹരിണേ'
'ശാർദ്ദൂലവിക്രീഡിതം'
പായാത്താമരസേക്ഷണോ വിഭുരനേ-
കോദാര 'വൃത്ത' സ്സു വഃ. 94

പ്രേമാകൃഷ്ടകളും സൗഭാഗ്യവതികളുമായ ഭൂദേവിയേയും ശ്രീദേവി യേയും വിനോദിപ്പിക്കുന്നവനായും കണ്ഠത്തിൽ മനോഹരമാലകൾ അണി ഞ്ഞിട്ടുള്ളവനും ആശ്രിതരുടെ സന്താപഹരിണം വിഷയം ശാർദ്ദൂലപരാ ക്രമം കാണിക്കുന്നവനും താമരക്കണ്ണനും ബഹുവിധം മഹത്തര ചരിത്ര ങ്ങളോടു കൂടിയവനും ആയ ആ സ്വാമി നിങ്ങളെ പാലിക്കട്ടെ.

വൃത്തങ്ങൾ - പൃഥ്വീ, ശ്രീ, ലളിത, ചന്ദ്രവക്ത്ര, സ്വാഗത, അമല, സ്രഗ്ദ്ധര, ഹരിണി, ശാർദ്ദൂലവിക്രീഡിതം എന്നിവ.

അടുത്ത പദ്യത്തിൽ പ്രഹർഷിണീവൃത്തത്തിൽ ശ്രീ ഭഗവാനെ ചണ്ഡികാപരമായി സ്തുതിക്കുന്നു.

യത്തേജോ ജനിതതരാംശുമത്കരൗഘ-
ദ്ധ്വസ്തോഗ്രകൃതിദിതിജാന്ധകാരരാജ്യാ
ചണ്ഡ്യാഭാവ്യഖിലജഗന്തിപാലയന്ത്യാ
പായാദ്യോഭുവനപതി സ്സു കൈടഭാരിഃ. 95

യാതൊരു ഭഗവത്തേജസ്സിൽനിന്ന് ആദിത്യരശ്മികൾപോലെ ഉഗ്രപ്രതാപത്തോടുകൂടിയ കരനിരയോടുകൂടി ഭയങ്കരമൂർത്തികളായ അസുരന്മാരാകുന്ന കൂരിരുൾക്കൂട്ടത്തെ പാടെ വിപാടനം ചെയ്ത്, സർവ്വലോകങ്ങളേയും രക്ഷിക്കുമാറ് ചണ്ഡികാദേവി സംഭവിച്ചു? ആ ജഗന്നായകൻ, കൈടഭാരി, നിങ്ങളെ രക്ഷിക്കുമാറാകട്ടെ.

ശീതാംശുശേഖരമനോമധുപാഭിലീന-
പാദാരവിന്ദമരവിന്ദവിലോചനം യത്
സച്ചിത്സുഖാമൃതരസാത്മകദ്വിതീയം
ലക്ഷ്മീവിലാസനിലയം കലയേമഹസ്തത്. 96

ശ്രീ ചന്ദ്രശേഖരന്നുപോലും ധ്യേയവസ്തുവായ കാൽത്താരോടുകൂടിയും താമരദളംപോലെ മനോഹരനേത്രത്തോടു കൂടിയും സച്ചിദാനന്ദമാകുന്ന അമൃതസ്വരൂപത്തോടു കൂടിയും പരിലസിക്കുന്നതും, ശ്രീവിലാസത്തിന്നരങ്ങായതുമായ ആ കേവലതേജസ്സിനെ ഞാൻ ധ്യാനിക്കുന്നു. വൃത്തം വസന്തതിലകം.

വസന്തതിലകത്തിലുള്ള അടുത്ത ശ്ലോകം അനുപ്രാസവിശേഷം കാണിക്കുന്നു.

സ്വാന്താന്തകാന്തകനുതം സ്വവിചിന്തകാന്ത-
ദ്ധർവാന്താന്തദം തമനുചിന്തയ! സന്തതം ത്വം
ശാന്തം മുരാന്തകമനന്തരുചിം നിതാന്തം
കാന്താങ്ക സിന്ധുതനയാമുരസാവഹന്തം. 97

അല്ലയോ മനസ്സേ! നീ ഇടവിടാതെ ശാന്തമൂർത്തിയായ ആ മുരാരിഭഗവാനെത്തന്നെ ധ്യാനിച്ചുകൊള്ളുക! അദ്ദേഹം കാലകാലൻ ശിവന്പോലും വന്ദ്യനും തന്നെ ആശ്രയിക്കുന്നവരുടെ അജ്ഞാനം അസ്തമിപ്പിക്കുന്നവനും തേജോരാസിയും മാറിൽ ശ്രീഭഗവതിയെ വഹിക്കുന്നവനുമാണ്.

ശാർദ്ദൂലവിക്രീഡിതം വൃത്തം അടുത്ത പദ്യം യോഗമാർഗ്ഗപ്രകാരമുള്ള ഈശ്വരസാക്ഷാത്കാരപദ്ധതിയെ വിവരിക്കുന്നു.

ശുദ്ധൈരൈകലയദ്ഭിരീശ! മുനിഭിഃ
പദ്മാദികം ചാസനം
നാസാഗ്രേർപ്പിദൃഷ്ടിഭിശ്ച മരുതോ
യത്പൂരകാദ്യൈർജ്ജിതാൻ
കൃത്വാ ചോർദ്ധ്വമുഖം വിധായ ഹൃദയം
ചാധാരഷഡ്കോപരി
ധ്യേയം സാന്ദ്രസുഖാത്മകം സ്ഥിരമദ-
സ്സേവേമഹി ത്വദ്വപുഃ. 98

അല്ലയോ സ്വാമിൻ! പരിശുദ്ധരായ ഋഷിമാർ, പദ്മാദ്യങ്ങളായ ആസനങ്ങളിൽ ആശീനരായി, ദൃഷ്ടികളെ നാസാഗ്രങ്ങളിൽ ഉറപ്പിച്ച്, പൂരക-കുംഭക-രേചകപ്രയോഗങ്ങളെക്കൊ് പ്രാണാദിവായുക്കളെ കീഴടക്കി, ഹൃദയത്തെ ഊർദ്ധ്വമുഖമാക്കിച്ചെയ്തിട്ട്, ആറാധാരങ്ങൾക്കുപരി (സഹസ്രാരപദ്മത്തിൽ) ധ്യാനിക്കാവുന്നതും, ശാശ്വതവും പരമാനന്ദമയവുമായ അങ്ങയുടെ ദിവ്യവിഗ്രഹം ഞങ്ങൾ ആരാധിച്ചുകൊള്ളുന്നു.

ദാതൃത്വേച്ഛുസ്തപസ്യന്ത്യുതരുരധിപയ-
സ്സിന്ധുഗർഭശ്രിയോയം
സ്മൃത്വാഭത്താരമന്തസ്സുചിരമഥസമ-
സ്താർത്ഥകർത്തൃസ്സ്ഥസ്മാത്
ലബ്ധ്വാസ്വാഭീപ്സിർതതഞ്ജലധിമഥനകാ-
ലേതുതസ്മാദുതത്ഥാ-
ദിത്യേവാവൈമി സോയം ഭവതു വിഭുരഭീ-
ഷ്ടാർത്ഥസിദ്ധ്യൈമമാലം. 99

പ്, കല്പകവൃക്ഷം, ദാനശീലത്വം കൊതിച്ചുംകൊ് പാൽക്കടലിന്നടിയിൽ ശ്രീകാന്തനായ ഭഗവാനെക്കുറിച്ച് വളരെക്കാലം തപസ്സുചെയ്കയായിരുന്നു. ഇഷ്ടദേവതയുടെ പ്രസാദംകൊ് ആഗ്രഹം സഫലമായപ്പോൾ ആ സമുദ്രമഥനക്കാലത്ത് ആയതിൽനിന്നുയർന്നുവന്നതായിട്ടാണ് എനിക്കു തോന്നുന്നത്. അങ്ങിനെ കല്പവൃക്ഷത്തിന്റെ ഇഷ്ടം സാധിപ്പിച്ച ആശ്രിതവത്സലൻ ഭഗവാൻ എന്റെ പ്രാർത്ഥനാസിദ്ധിയിൽ ഏറ്റവും തുണക്കട്ടെ. വൃത്തം സ്രഗ്ദ്ധരാ.

ഹേ ഗോവിന്ദ! മുകുന്ദ! കേശവ! ഹരേ!
നാരായണ! ശ്രീപതേ!
ഹേ കംസാന്തക! കൈടഭാന്തക! മുരാ-
രാതേ! ജഗന്നായക!
ഹേ രാധാരമണാച്യുതാബ്ധിശയന!
ശ്രീവാസുദേവൈത്യസൗ
ജിഹ്വാ ജല്പതു നസ്സമസ്ത ദുരിതോ-
ച്ഛിത്തൈ്യ ച പൂർത്തൈ്യശ്രിയഃ. 100

സ്രഗ്ദ്ധരാവൃത്തം.

ശ്ലോകാനാം ശതകേന യേന വിനുതോ
ഗോവിന്ദ ഏതന്മയാ
യേ ഭക്ത്യൈവ പഠേയുരീഹിതമമീ

സർവ്വം വ്രജേയുശ്ച യത്
അർത്ഥാനാകലയൻ സ്വസേവിഷു ബഹൂ-
നാസ്തേ സുവാനശ്ചയോ
വിഷ്ണോരേഷ്വമൃതം വിശിഷ്യ പരമ-
'പ്രേമാംബുധിസ്സ്യാദയം'. 101

കുഞ്ഞമ്പുക്കുറുപ്പ്

(1857 - 1911)

ഇന്ദ്രസഭാ

വന്ദനശ്ലോകം

ശ്രേയോ നിയോജയതു വസ്സ്തതം സ ധർമ്മോ
ബ്രഹ്മാദ്യശേഷവിഭൂഷാമപി യോ നിയന്താ
യദ്രാഗിണീ ഹി ധിഷണാമണിദീപികേവ
സ്വർഗ്ഗാപവർഗ്ഗപദവീം വിശദീകരോതി.

കഥാപ്രാരംഭം

പ്രാചീനപുണ്യഫലഭോഗകൃതേ ക്ഷിതീന്ദ്രൈർ-
മ്മാന്ധാതൃനൈഷധമുഖൈർദ്ധൃതദിവ്യദേഹൈഃ
ദേവൈഃ കദാചിദൃഷിഭിശ്ച സഭാം പ്രവിഷ്ടഃ
സല്ലാപലാലസമനാഃ ശുശുഭേ ശചീശഃ.
ശ്മശ്രൂണി പാണിനഖരൈഃ പരിമൃദ്യമാനാൻ
വാമപ്രകോഷ്ഠഘടിതസ്ഫടികാക്ഷമാലാൻ
മന്ദസ്മിതാരദ്രവദനാൻ സ മുനീൻ നിരീക്ഷ്യ
പ്രോവാച വാചമിതി നാരദസമ്മുഖീ നഃ.
സത്കാരതഃ പ്രചുരിതാദസതാമിഹൈകോ
ധിക്കാര ഏവ ഹി സതാം കുശലായ ലോകേ.
മൂഢഃ കൃതാസുരനുതിർഹരിണാപ്തബന്ധഃ
കല്പാന്തരേപി കുശലീ ബലിരത്രസാക്ഷീ.

ബലിഃ – കിം തു മലയാളരാജ്യമേവേദാനീം കേരളമാഖ്യായതേ. തദുത്തര കേരളം, ദക്ഷിണകേരളമിതി ദ്വേധാ വിഭക്തം ഭവത്യധുനാ. തദ്രാജ്യമേവ ദുരാചാരാദീനാം സർവ്വകല്മഷാണാം ക്ഷേത്രമിദാനീം.

ഇന്ദ്രഃ – തർഹി പ്രഥമം കേരളചരിത്രം മേ ശ്രാവ്യം.

ബലിഃ – ദണ്ഡേന പങ്ഗുരിവ ദൂരദിശം വിവക്ഷൻ
നിർല്ലജ്ജ ഏവ ഭവതാം മഹനീയവാചാം
ആജ്ഞാബലേന ഖലു കേരളഭൂചരിത്രം
വക്ഷ്യാമ്യനാപ്തവചനോപ്യഹമാധുനീകം.

ഇന്ദ്രഃ - വിദ്യാപരിശ്രമഃ പ്രജാനാം ന്യൂന ഇതി ഭാതി?

ബലിഃ - വിദ്യാപരിശ്രമ ഏവ കേവലമവിരളമീദൃശം ദാരിദ്ര്യം പരിമേളയതി.

ഇന്ദ്രഃ - അദ്ഭുതമേവേദമശ്രുതപൂർവ്വം. തർഹി വിദ്യാ കാ?

ബലിഃ - ഹൗണീവിദ്യാ.

